VOL NO: 05 I ISSUE 43
www.nerpatham.com
mail@nerpatham.com
2021 OCTOBER 30 I ₹12

# നേർപഥം

വാരിക



# മാറുന്നകാലവും കോലം മാറുന്ന യുവതയും

സാംസ്കാരിക സമൂഹത്തിന്റെ ചാലകശക്തിയാണ് യുവാക്കൾ. നേരിന്റെ മാർഗത്തിൽ നെഞ്ചുറപ്പോടെ നിലകൊണ്ട യുവസമൂഹമൊന്നും പരാജയപ്പെട്ട ചരിത്രമില്ല. എന്നാൽ തിന്മയിൽ അണിചേർന്ന യുവത്വത്തിന്റെ ക്രിയാശേഷി അശാന്തിയും അരക്ഷിതാവസ്ഥയുമല്ലാതെ ഒന്നും സമ്മാനിച്ചിട്ടുമില്ല.

- പോസ്റ്റ് ട്രൂത്തും 'താലിബാനി' വാർത്തകളും

- പ്രവാചകന്റെ പാർപ്പിടങ്ങൾ
- കോടതികളുടെ മെല്ലെപ്പോക്ക്...!
- പ്രവാചക ചര്യകളും മുസ്‌ലിംകളും

DISCOUNT UP TO
20%
OFF

WISDOM BOOKS

ഷാർജ അന്താരാഷ്ട്ര പുസ്തകമേളയിൽ
പുറത്തിറങ്ങുന്നു.

# 'വഹാബീ നവോത്ഥാനം: വിമർശനങ്ങളും വസ്തുതയും'

– ഇ: യൂസുഫ് സാഹിബ് നദ്‌വി

അവതാരിക : ഡോ: ടി.ജമാൽ മുഹമ്മദ്.

ആമുഖം : ഡോ. അബ്ദുറഹ്മാൻ ആദൃശ്ശേരി

INR: ₹800

**പ്രകാശന ഓഫർ**
**₹ 600/-**

890 PAGES (2-VOL)

(ഒക്ടോബർ 31ന് മുമ്പ് പണമടച്ച് ബുക്ക് ചെയ്യുന്നവർക്ക്)

- മുഹമ്മദ് ബിൻ അബ്ദുൽ വഹാബ് (റ): ജീവിതം, ആദർശം, പ്രബോധനം
- എതിരാളികളുടെ കുപ്രചരണങ്ങൾ
- ഇമാം സഹ്സവാനി (റ) ആദർശ സംവാദത്തിന്റെ നായകൻ
- ബറേൽവിസം: ചരിത്രത്തിലെ ദുരൂഹതകൾ
- ശീഇകൾ ഇസ്‌ലാമിനോട് ചെയ്തത്
- ഹുജ്റത്തു ശരീഫയും ചില ചരിത്രങ്ങളും
- ഹുകൂമത്തേ ഇലാഹിയുടെ അപകട പരിണാമങ്ങൾ

+91 9207 525 244 എന്ന നമ്പറിലേക്ക് ₹600 Google Pay റസീപ്റ്റും അഡ്രസും അയക്കുക. പുസ്തകം നിങ്ങളുടെ വീട്ടിലെത്തും..!

0249

# നേർപഥം

വാരിക

2021 ഒക്ടോബർ 30

1442 റബിഉൽ അവ്വൽ 23

പുസ്തകം 05 / ലക്കം 43

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly






10

## മാറുന്നകാലവും കോലം മാറുന്ന യുവതയും

ഉസ്മാൻ പാലക്കാഴി

05
**മുഖമൊഴി**
കോടതികളുടെ മെല്ലെപ്പോക്ക്...!
എഡിറ്റർ

06
**വിവർത്തനം**
ആരാധനകൾക്ക് ഒരാമുഖം
ശമീർ മദീനി

15
**ലേഖനം**
പ്രവാചകന്റെ പാർപ്പിടങ്ങൾ
ഡോ. ടി.കെ യൂസുഫ്

18
**ലേഖനം**
പ്രവാചക ചര്യകളും മുസ്‌ലിംകളും
ദുൽക്കർഷാൻ അലനല്ലൂർ

23
**ക്വുർആൻ ദർശനം**
അന്നജ്മ് (നക്ഷത്രം)
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

26
**ചരിത്രപഥം**
ബിഅ്റു മഊന സംഭവം
ഹുസൈൻ സലഫി, ഷാർജ

31
**ലേഖനം**
പോസ്റ്റ് ട്രൂത്തും 'താലിബാനി' വാർത്തകളും
ഹിലാൽ സലീം സി.പി

34
**കവിത**
കാലചക്രം
കുഞ്ഞാപ്പു പാലൂർ

ചലനങ്ങൾ

# കോട്ടയത്തെ പ്രളയബാധിത പ്രദേശങ്ങൾ വിസ്ഡം പ്രതിനിധികൾ സന്ദർശിച്ചു

കോട്ടയം ജില്ലയിലെ പ്രളയബാധിത പ്രദേശങ്ങളായ മുണ്ടക്കയം, കൂട്ടിക്കൽ, കൊക്കയാർ, ഈരാറ്റുപേട്ട തുടങ്ങിയ സ്ഥലങ്ങൾ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ പ്രതിനിധികൾ സന്ദർശിച്ചു.

മുണ്ടക്കയം ഏരിയയിൽ മണിമലയാറിന്റെ തീരപ്രദേശങ്ങളിൽ താമസിക്കുന്ന ഇരുന്നൂറോളം വീടുകളെ പ്രളയം സാരമായി ബാധിച്ചിട്ടുണ്ട്. ഭൂരിഭാഗം വീടുകളും നദിയുടെ തീരപ്രദേശങ്ങളിൽ ആയതിനാൽ സ്ഥലങ്ങൾക്ക് കൈവശ രേഖകളോ പട്ടയമോ ഇല്ല. എന്നാൽ പഞ്ചായത്തിൽ വീട്ടുനികുതി അടക്കുന്നവരും വീട്ടുനമ്പർ ലഭിച്ചവരുമാണ് ഭൂരിഭാഗവും. പ്രളയബാധിത വീടുകളിൽ നേരിട്ടെത്തി കൃത്യമായ വിവരശേഖരണം പ്രദേശത്തെ വിസ്ഡം പ്രവർത്തകർ നടത്തിയിട്ടുണ്ട്. അടിയന്തര സഹായമായ ഭക്ഷ്യക്കിറ്റുകൾ, വസ്ത്രങ്ങൾ, ബെഡ്ഡുകൾ എന്നിവ ലഭ്യമാക്കിയിട്ടുമുണ്ട്.

കൃത്യമായ രേഖകളുള്ളവർക്ക് സർക്കാർ സംവിധാനത്തിലൂടെ നഷ്ടപരിഹാരം ലഭ്യമാക്കുമെന്നാണ് പഞ്ചായത്ത് അധികാരികളിൽനിന്നും അറിയാൻ കഴിഞ്ഞത്. പഞ്ചായത്ത് മെമ്പർ ഷീബ, പഞ്ചായത്ത് വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അനിൽ കുമാർ എന്നിവരോട് നേരിട്ട് സംസാരിച്ചു.

കൊക്കയാർ പഞ്ചായത്തിലെ കൊക്കയാറിന്റെ തീരങ്ങളിൽ ഉരുൾപൊട്ടലുകൾ ഉണ്ടായി ധാരാളം വീടുകൾക്ക് നാശം സംഭവിച്ചിട്ടുണ്ട്. രേഖകളും മറ്റും ഉള്ളതിനാൽ സർക്കാർ സഹായം ലഭ്യമാവുമെന്ന് പ്രതീക്ഷിക്കാം. ഏതാനും വീട്ടുകാർ ആവശ്യപ്പെട്ടത് പ്രകാരം കുടിവെള്ള ടാങ്ക്, അടുപ്പ്, സെപ്റ്റിക് ടാങ്ക് എന്നിവ നമ്മുടെ നേതൃത്വത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ഉരുൾപൊട്ടൽ നടന്ന സ്ഥലങ്ങളിലേക്ക് അധികാരികൾ പ്രവേശനം നിഷേധിച്ചതിനാൽ ആ പ്രദേശങ്ങളിലെ ഏതാനും വീടുകൾ അവസ്ഥ കൃത്യമായി അറിയില്ല. വീട്ടുപകരണങ്ങൾ, പാത്രങ്ങൾ, ബെഡ്ഡുകൾ തുടങ്ങിയ അവശ്യവസ്തുക്കൾ പലർക്കും ആവശ്യമുണ്ട്.

കൂട്ടിക്കൽ ചപ്പാത്ത് ഏരിയയിൽ കക്കാർ നദിയിൽനിന്നും വെള്ളം കയറി 15 വീടുകൾ പൂർണമായും നൂറിലധികം വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. പുറമ്പോക്ക് സ്ഥലത്തായതിനാൽ കൃത്യമായ രേഖകളില്ല. ആളുകൾക്ക് താൽക്കാലിക താമസസൗകര്യം ഒരുക്കുന്നതിനായി ഏഴ് വീടുകൾക്ക് 113 ആസ്ബറ്റോസ് ഷീറ്റുകൾ നമ്മുടെ നേതൃത്വത്തിൽ വിതരണം ചെയ്തു. കൂട്ടിക്കൽ ടൗൺ കേന്ദ്രീകരിച്ച് നമ്മുടെ ദുരിതാശ്വാസ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. ഓഫീസിന്റെ പ്രവർത്തനങ്ങൾ സാധാരണക്കാരായ ആളുകൾക്ക് ആശ്വാസകരമാണ്. ഭക്ഷണസാധനങ്ങൾ, വെള്ളം, വസ്ത്രങ്ങൾ എന്നിവ ഓഫീസ് വഴി വിതരണം നടത്തുന്നുണ്ട്. കൂട്ടിക്കൽ പഞ്ചായത്ത് മെമ്പർ, മഹല്ല് ജമാഅത്ത് പ്രസിഡന്റ് എന്നിവരുമായി നേരിട്ട് കാര്യങ്ങൾ സംസാരിച്ചു. ഭാഗികമായി തകർന്ന വീടുകളുടെ പുനർനിർമാണത്തിനുള്ള സഹായം, അത്യാവശ്യ വീട്ടുപകരണങ്ങൾ, ബെഡ്ഡുകൾ എന്നിവ ഈ പ്രദേശത്ത് ആവശ്യമാണ്.

കൂട്ടിക്കൽ മുക്കളം ഏരിയയിൽ വലിയ തോതിൽ ഉരുൾപൊട്ടി ഒരു പുതിയ തോട് രൂപപ്പെട്ടിരിക്കുന്നു. മൂന്ന് വീടുകൾ പൂർണമായും തകർന്നിട്ടുണ്ട്. പൂർണമായ രേഖകൾ ഉള്ള സ്ഥലങ്ങളും വീടുകളും ആയതിനാൽ സർക്കാർ സഹായം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. വീട്ടുപകരണങ്ങൾ, വസ്ത്രങ്ങൾ, പഠനോപകരണങ്ങൾ എന്നിവ ആവശ്യമുണ്ട്.

ഈരാറ്റുപേട്ട ടൗൺ ഏരിയയിൽ മണിമലയാറ്റിൽനിന്ന് ധാരളം കടകളിലേക്ക് വെള്ളം കയറി നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ ഏരിയയിൽ വീട്ടുപകരണങ്ങൾ, ബെഡ്ഡുകൾ തുടങ്ങിയ അവശ്യസാധനങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.

അബ്ദുൽ അസീസ് പയ്യോളി, താജുദ്ദീൻ സ്വലാഹി, ഒ.മുഹമ്മദ് അൻവർ, സയ്യിദ് മിസ്അബ് തങ്ങൾ, ഷംസീർ സ്വലാഹി, അർഷാദ് മാനു മമ്പാട്, ഫിറോസ് വടപുറം, ഇർഷാദ് നിലമ്പൂർ എന്നിവരടങ്ങുന്ന സംഘമാണ് പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിച്ചത്.

മുഖമൊഴി

# കോടതികളുടെ മെല്ലെപ്പോക്ക്...!

സ്ത്രീപീഡനക്കേസുകളുടെ വിചാരണയ്ക്കായി പ്രത്യേക അതിവേഗ കോടതികൾ സ്ഥാപിക്കാനുള്ള നടപടികൾ വേഗത്തിലാക്കാൻ സംസ്ഥാനങ്ങളോടു കേന്ദ്ര സർക്കാർ നിർദേശിച്ചിരിക്കുകയാണ്. 389 പോക്സോ കോടതികളടക്കം 1023 അതിവേഗ കോടതികൾ നിർമിക്കാനുള്ള പദ്ധതി 2018ൽ പ്രഖ്യാപിച്ചതാണ്. രണ്ടു വർഷംകൊണ്ടു പൂർത്തിയാക്കുകയായിരുന്നു ലക്ഷ്യം. എന്നാൽ ബംഗാൾ ഉൾപെടെയുള്ള പല സംസ്ഥാനങ്ങളും അനുകൂല നടപടി സ്വീകരിക്കാത്ത പശ്ചാത്തലത്തിലാണ് കേന്ദ്രത്തിന്റെ ഈ നിർദേശം.

ഇന്ത്യയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗികാതിക്രമങ്ങൾ വർധിച്ചുവരികയാണെന്ന് തിരിച്ചറിയാൻ പ്രയാസമൊന്നുമില്ല. 2017ലെ കണക്കുകൾ അനുസരിച്ച് ഇന്ത്യയിൽ പ്രതിദിനം ശരാശരി 90 സ്ത്രീപീഡനങ്ങൾ നടക്കുണ്ട്. 2021ൽ എത്തിനിൽക്കുമ്പോൾ എണ്ണം എത്രയോ വർധിച്ചിട്ടുണ്ടെന്നതിൽ സംശയമില്ല.

ഇന്ത്യയിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന ബലാത്സംഗക്കേസുകളിൽ വർധനവ് ഉണ്ടാവുമ്പോൾ തന്നെ ശിക്ഷിക്കപ്പെടുന്നവരുടെ എണ്ണം വളരെ തുച്ഛമാണെന്നാണ് കണക്കുകൾ പറയുന്നത്. ശരാശരി പതിനാറു ശതമാനം കേസുകളിൽ മാത്രമാണ് പ്രതികൾ ശിക്ഷിക്കപ്പെടുന്നത്. പ്രതികൾ കുറ്റക്കാരെന്ന് കണ്ടെത്തുന്ന കേസുകളിൽ പോലും ശിക്ഷ നടപ്പാക്കുന്നതിൽ കുറ്റകരമായ കാലതാമസം ഉണ്ടാകുന്നുണ്ട്. പൊലീസ് അന്വേഷണത്തിലെ വീഴ്ച, കോടതി നടപടികളിലെ മെല്ലെപ്പോക്ക്, സാക്ഷികളുടെ കൂറുമാറ്റം തുടങ്ങിയ കാരണങ്ങളാണ് കേസുകൾക്ക് തിരിച്ചടിയാവുന്നത്. കേസുകൾ കോടതിയിൽ എത്താൻ സമയമെടുക്കുന്നതും കേസുകളിൽ ഉൾപ്പെടുന്നവരുടെ ഉന്നത രാഷ്ട്രീയ ബന്ധം ഇരയ്ക്കും സാക്ഷികൾക്കും മേൽ സമ്മർദം ചെലുത്തുന്നതും ശിക്ഷാവിധികളെ ബാധിക്കുന്നുണ്ടെന്നതിൽ സംശയമില്ല. ഏറെ കോളിളക്കം സൃഷ്ടിച്ച ഡൽഹി കൂട്ട ബലാത്സംഗക്കേസിൽ ഏഴ് വർഷം പിന്നിട്ടശേഷമാണ് പ്രതികളെ വധശിക്ഷയ്ക്ക് വിധിച്ചത്.

ഇന്ത്യൻ കോടതികളിൽ 4.5 കോടി കേസുകൾ തീർപ്പുകൽപിക്കാനുണ്ടെന്ന് ചീഫ് ജസ്റ്റിസ് രമണ ഒരു ജുഡീഷ്യൽ കോൺഫറൻസിൽ പറഞ്ഞിരുന്നു. ഇത് ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ കഴിവില്ലായ്മയെയാണ് പ്രതിഫലിപ്പിക്കുന്നതെന്നും കോവിഡിനെ തുടർന്നുള്ള ലോക്ക്ഡൗണുകളും നിയന്ത്രണങ്ങളും കൂടിയായപ്പോൾ ഇന്ത്യയിലെ എല്ലാ കോടതികളിലെയും തീർപ്പുകൽപിക്കാത്ത കേസുകളുടെ എണ്ണം വർധിച്ചതായും അദ്ദേഹം പറഞ്ഞിരുന്നു.

'പുതിയ കേസൊന്നും ഫയൽ ചെയ്തിട്ടില്ലെങ്കിൽ, ഇന്ത്യയിലെ നിലവിലുള്ള മുഴുവൻ കേസുകളും തീർപ്പുകൽപിക്കാൻ 360 വർഷമെടുക്കുമെന്ന് സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റിസ് (റിട്ട.) മർക്കണ്ഡേയ കട്ജു 2019ൽ 'ദി ട്രിബ്യൂണി'ലെ ഒരു ലേഖനത്തിൽ വ്യക്തമാക്കിയിരുന്നു. തീർപ്പുകൽപിക്കാത്ത കേസുകളുടെ എണ്ണം ഏകദേശം 3.3 കോടി ആയ സമയത്താണ് അദ്ദേഹം ഇങ്ങനെ കുറിച്ചത്. ഇതിൽ അതിശയോക്തിയുണ്ടോ ഇല്ലേ എന്നു പറയാൻ നമുക്കു കഴിയില്ല. ഉണ്ടെങ്കിലും ഇല്ലെങ്കിലും നമ്മുടെ നാട്ടിലെ കോടതികളുടെ മെല്ലെപ്പോക്കിന്റെ ഊക്കും കെട്ടിക്കിടക്കുന്ന കേസുകളുടെ ആധിക്യവും സമ്മതിക്കാതെ തരമില്ല.

സ്ത്രീ പീഡനക്കേസുകളും പോക്സോ കേസുകളും സംബന്ധിച്ച കോടതിനടപടികൾ വളരെ വേഗം നടക്കണമെന്നതിൽ ആർക്കും പക്ഷാന്തരമില്ല. എന്നാൽ ഇതുരണ്ടുമല്ലാത്ത കേസുകളും വേഗം തീരേണ്ടതല്ലേ? അവ അനിശ്ചിതമായി നീളുന്നത് നീതിയാണോ? നീതി ലഭിക്കേണ്ടവർക്ക് നീതി ലഭിക്കുവാനും ശിക്ഷിക്കപ്പെടേണ്ടവർ ശിക്ഷിക്കപ്പെടാനും അനാവശ്യമായ കാലവിളംബം ഉണ്ടായിക്കൂടാ. അതിവേഗമൊന്നുമില്ലെങ്കിലും മിതമായ വേഗത്തിൽ എല്ലാ കേസുകളും കൈകാര്യം ചെയ്യുവാനും ശിക്ഷിക്കേണ്ടവരെ ശിക്ഷിക്കുവാനുമുള്ള ഇടപെടലാണ് ഉത്തരവാദപ്പെട്ടവരിൽനിന്നും ഉണ്ടാകേണ്ടത്.

ശമീർ മദീനി
shameermadeeni@gmail.com





# ആരാധനകൾക്ക് ഒരാമുഖം

**ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച**
**'അൽ വാബിലുസ്സ്വയ്യിബ്' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം**

27

അല്ലാഹുവിനെക്കുറിച്ചുള്ള 'ദിക്ർ' ഹൃദയത്തിന്റെ എല്ലാ ഭയപ്പാടുകളും വ്യഥകളും നീക്കിക്കളയും. നിർഭയത്വം നേടിത്തരുന്നതിൽ അതിന് അത്ഭുതകരമായ സ്വാധീനമുണ്ട്. ഭയം കൊടുമ്പിരികൊണ്ട ഏതൊരാൾക്കും അല്ലാഹുവിനെക്കുറിച്ചുള്ള ദിക്റിനെക്കാൾ ഫലപ്രദമായ മറ്റൊന്നുംതന്നെയില്ല എന്നതാണ് സത്യം. ഏതൊരാൾക്കും തന്റെ 'ദിക്റി'ന്റെ തോതനുസരിച്ച് നിർഭയത്വം കണ്ടെത്തുവാനും ഭീതി അകറ്റുവാനും സാധിക്കുന്നതാണ്. എത്രത്തോളമെന്നാൽ അയാൾ ഭയപ്പെടുകയും സൂക്ഷിക്കുകയും ചെയ്ത കാര്യങ്ങൾ തന്നെ അയാൾക്ക് നിർഭയത്വം നൽകുന്നതായി മാറും. എന്നാൽ ദിക്റുകളിൽനിന്നകന്ന് അശ്രദ്ധയിൽ കഴിയുന്നവനെ സംബന്ധിച്ചിടത്തോളം അവൻ വല്ലാത്ത ഭീതിയിലായിരിക്കും. അവൻ എത്രതന്നെ സുരക്ഷകളൊരുക്കിയിട്ടുണ്ടെങ്കിലും ആ ഭയപ്പാടുകൾക്കൊട്ടും

കുറവുണ്ടാവുകയില്ല. ഗ്രാഹ്യശേഷി നഷ്ടപ്പെട്ടിട്ടില്ലാത്ത ഏതൊരാൾക്കും ഇവ രണ്ടും അനുഭവിച്ചറിയാൻ കഴിയുന്നതാണ്. അല്ലാഹുവാണ് സഹായമേകുന്നവൻ.

**അറുപത്തിയൊന്ന്:** തീർച്ചയായും ദിക്ർ ചെയ്യുന്നവർക്ക് ദിക്ർ പ്രത്യേകമായ ഒരു ശക്തി നൽകുന്നതാണ്. ദിക്റിന്റെ അഭാവത്തിൽ ചെയ്യാൻ കഴിയാതിരുന്ന സംഗതി ദിക്റിന്റെ കൂടെയാകുമ്പോൾ അനായാസേന ചെയ്യാൻ സാധിക്കുന്നതാണ്. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി)യുടെ ഇത്തരത്തിലുള്ള കഴിവ് നാം നേരിട്ട് കണ്ടിട്ടുള്ളതാണ്. മഹാനവർകളുടെ നടത്തത്തിലും സംസാരത്തിലും ഏതൊരു കാര്യത്തിലും മൂന്നിട്ടിറങ്ങാനുള്ള സന്നദ്ധതയിലും എഴുത്തുകളിലുമെല്ലാം അത്ഭുതകരമായ ആ ശക്തി കാണാവുന്നതാണ്. അദ്ദേഹം ഒരൊറ്റ ദിവസം കൊണ്ട് എഴുതിത്തീർത്ത ഗ്രന്ഥങ്ങൾ പകർത്തിയെഴുതുന്നവർക്ക് എഴുതിത്തീർക്കാൻ ഒരാഴ്ചയോ അല്ലെങ്കിൽ അതിലധികമോ വേണ്ടിവരുമായിരുന്നു. യുദ്ധരംഗത്തെ അദ്ദേഹത്തിന്റെ ശക്തി അത്ഭുതകരമായ രൂപത്തിൽ സൈന്യത്തിന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

നബിﷺ തന്റെ പ്രിയ പുത്രി ഫാത്വിമ﵂ക്കും അലി﵁വിനും രാത്രി കിടക്കാൻ നേരത്ത് 33 പ്രാവശ്യം തസ്ബീഹ് ചെയ്യുവാനും 33 പ്രാവശ്യം 'അൽഹംദുലില്ലാഹ്' എന്ന് പറയാനും 34 പ്രാവശ്യം 'അല്ലാഹു അക്ബർ' എന്ന് പറയാനും പഠിപ്പിച്ചുകൊടുത്തത് പ്രസിദ്ധമാണല്ലോ. വീട്ടിലെ ജോലികളും പ്രയാസങ്ങളുമെല്ലാം പറഞ്ഞ് പിതാവിനോട് ആവലാതിപ്പെട്ട് ഒരു വേലക്കാരനെ ആവശ്യപ്പെട്ടപ്പോഴാണ് നബിﷺ മകൾ ഫാത്വിമയോട് അപ്രകാരം പറഞ്ഞത്. അവിടുന്ന് പറഞ്ഞു: 'നിശ്ചയം, അത് നിങ്ങൾക്ക് ഒരു ഭൃത്യനുണ്ടാകുന്നതിനെക്കാൾ ഉത്തമമാണ്' (ബുഖാരി, മുസ്‌ലിം).

തീർച്ചയായും അത് സ്ഥിരമായി ചെയ്യുന്നവർക്ക് ഒരു വേലക്കാരനെ ആവശ്യമില്ലാത്തവിധം പണിയെടുക്കുന്നതിന് ശാരീരികമായ കഴിവും ശേഷിയുമുണ്ടാകുമെന്ന് വിശദീകരിക്കപ്പെട്ടിട്ടുണ്ട്.

ഈ വിഷയത്തിൽ ഒരു മഹദ്വചനം ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അതായത്, മലക്കുകളോട് സിംഹാസനം (അർശ്) വഹിക്കാൻ അല്ലാഹു കൽപിച്ചപ്പോൾ അവർ പറഞ്ഞുവത്രെ,'ഞങ്ങളുടെ രക്ഷിതാവേ, നിന്റെ മഹത്ത്വവും ഗാംഭീര്യവും നിറഞ്ഞുനിൽക്കുന്ന ഈ മഹത്തായ സിംഹാസനം ഞങ്ങൾ എങ്ങനെ വഹിക്കാനാണ്?' അപ്പോൾ അല്ലാഹു പറഞ്ഞു: 'നിങ്ങൾ ലാ ഹൗല വലാ ക്വുവത്ത ഇല്ലാബില്ലാഹിൽ അലിയ്യിൽ അളീം' (അത്യുന്നതനും മഹത്ത്വപൂർണനുമായ അല്ലാഹുവിനെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും കഴിവുമില്ല)എന്ന് പറയുക. അങ്ങനെ അവരത് പറഞ്ഞു കഴിഞ്ഞപ്പോൾ അവർക്കത് വഹിക്കാൻ കഴിഞ്ഞു' (നഖ്ളുത്തഅ്സീസ് 1/568, അത്തുഹ്ഫതുൽ ഇറാഖിയ്യ, മജ്മൂഉ ഫതാവ എന്നിവ കാണുക).

ഇബ്നു അബിദ്ദുൻയാ ഇതേ ഹദീഥ് ഉദ്ധരിക്കുന്നത് പിന്നീട് കാണാൻ കഴിഞ്ഞു. അല്ലാഹു സിംഹാസനവാഹകരായ മലക്കുകളെ സൃഷ്ടിച്ച ആദ്യ സമയത്ത് അവർ ചോദിച്ചു: 'ഞങ്ങളുടെ രക്ഷിതാവേ, നീ ഞങ്ങളെ എന്തിനു വേണ്ടിയാണ് സൃഷ്ടിച്ചത്?' (അഥവാ ഞങ്ങളുടെ ചുമതലയെന്താണ്). അല്ലാഹു പറഞ്ഞു: 'എന്റെ സിംഹാസനം (അർശ്) വഹിക്കുന്നതിന് വേണ്ടിയാണ് ഞാൻ നിങ്ങളെ പടച്ചത്. അവർ ചോദിച്ചു: 'നിന്റെ മഹത്ത്വവും ഗാംഭീര്യവും നിറഞ്ഞുനിൽക്കുന്ന നിന്റെ അർശ് വഹിക്കാൻ ആർക്കാണ് കഴിയുക?' അല്ലാഹു പറഞ്ഞു: 'അതിനുവേണ്ടിയാണ് ഞാൻ നിങ്ങളെ സൃഷ്ടിച്ചത്.' വീണ്ടും അവർ പലപ്രാവശ്യം ചോദ്യമാവർത്തിച്ചു. അപ്പോൾ അല്ലാഹു അവരോട് പറഞ്ഞു: 'നിങ്ങൾ ലാഹൗല വലാ ക്വുവ്വത്ത ഇല്ലാബില്ലാഹ് (അല്ലാഹുവിനെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും കഴിവുമില്ല) എന്നു പറയുക'. അങ്ങനെ അവർ അത് വഹിച്ചു.' (ഉഥ്മാനുബ്നു സഈദുദ്ദാരിമി 'മിർരീസിക്കുള്ള തന്റെ മറുപടി'യിൽ ഉദ്ധരിച്ചത്. ഇബ്നു ജരീറുത്ത്വബ്രി തന്റെ തഫ്സീറിലും ഇതുപോലുള്ളൊരു റിപ്പോർട്ട് ഉദ്ധരിച്ചിട്ടുണ്ട്).

ഈ വാക്കുകൾക്ക് വിഷമകരമായ ജോലികൾ ഏറ്റെടുത്ത് നിർവഹിക്കുന്ന കാര്യത്തിൽ വിസ്മയകരമായ സ്വാധീനം ചെലുത്താൻ കഴിയും. പ്രയാസങ്ങൾ ഏറ്റെടുക്കുന്നതിലും രാജാക്കന്മാരുടെ അടുക്കലേക്കും ഭയപ്പെടുന്ന മറ്റു ആളുകളുടെ അടുക്കലേക്കും നിർഭയത്വത്തോടെ കടന്നുചെല്ലാനും ഭീകരാവസ്ഥകളെ തരണം ചെയ്യാനുമൊക്കെ ഇത് വലിയ ആശ്വാസമാണ്.

അപ്രകാരം തന്നെ ദാരിദ്ര്യത്തെ തടയുന്നതിലും ഇതിന് വലിയ സ്വാധീനമുണ്ട്. ഇബ്നു അബിദ്ദുൻ യാ﵀ ഉദ്ധരിക്കുന്നു; നബിﷺ പറഞ്ഞു: 'ആരെങ്കിലും ഓരോ ദിവസവും 'ലാഹൗല വലാ ക്വുവ്വത്ത ഇല്ലാബില്ലാഹ്' എന്ന് നൂറ് പ്രവശ്യം പറഞ്ഞാൽ അയാളെ

ഒരിക്കലും ദാരിദ്ര്യം ബാധിക്കുകയില്ല' (ഇങ്ങനെ ഒരു റിപ്പോർട്ട് കാണാൻ കഴിഞ്ഞിട്ടില്ല. എന്തായിരുന്നാലും ഇത് പരമ്പര മുറിഞ്ഞ ഒരു റിപ്പോർട്ടാണ് മുൻദിരിﷺയുടെ അത്തർഗീബ് വത്തർഹീബും ശൈഖ് അൽബാനിയുടെ അതിന്റെ അനുബന്ധവും കാണുക- കുറുപ്പുകാരൻ).

ശത്രുവിനെ കണ്ടുമുട്ടുകയോ വല്ല കോട്ടയെയും അഭിമുഖീകരിക്കുകയോ ചെയ്താൽ 'ലാ ഹൗല വലാ ക്വുവ്വത്ത ഇല്ലാബില്ലാഹ്' എന്ന ദിക്ർ ചൊല്ലൽ നല്ലതാണെന്ന് ഹബീബ്നു മസ്ലമﷺ അഭിപ്രായപ്പെടുന്നു. ഒരിക്കൽ അദ്ദേഹം ഒരു കോട്ടയെ അപ്രകാരം നേരിട്ടപ്പോൾ റോമക്കാർ പിന്തിരിഞ്ഞോടി. അപ്പോൾ മുസ്ലിംകൾ ആ വചനം ഉരുവിടുകയും തക്ബീർ മുഴക്കുകയും ചെയ്തു. അങ്ങനെ ആ കോട്ട തകർന്നു' (ബൈഹകി 'ദലാഇലുന്നുബുവ്വ'യിലും ഇബ്നു അസാകിർ 'താരീഖുദിമശ്കി'ലും ഉദ്ധരിച്ചത്).

**അറുപത്തിരണ്ട്:** പരലോകത്തിനു വേണ്ടി പണിയെടുക്കുന്നവർ മത്സരത്തിന്റെ ഗോദയിലാണ്. അതിന്റെ ഏറ്റവും മുൻപന്തിയിലുള്ളവർ ദിക്റിന്റെ വക്താക്കളും. പക്ഷേ, ഇരുട്ടും പൊടിപടലങ്ങളും കൊണ്ട് അവരുടെ മത്സരമുന്നേറ്റങ്ങൾ കാണാൻ കഴിയില്ല എന്നുമാത്രം. എന്നാൽ അവ നീങ്ങിക്കഴിഞ്ഞാൽ ആളുകൾക്ക് അവരെ കാണാനും അവർ വിജയകിരീടം സ്വായത്തമാക്കിയതറിയാനും കഴിയും.

വലീദുബ്നു മുസ്ലിം പറയുന്നു; ഗഫ്റയുടെ മൗല ഉമർ പറഞ്ഞു: 'അന്ത്യനാളിൽ ജനങ്ങൾക്ക് അവരുടെ കർമങ്ങളുടെ പ്രതിഫലത്തെക്കുറിച്ചുള്ള ആവരണം നീങ്ങി വ്യക്തമായി കാണാൻ സാധിക്കുമ്പോൾ ദിക്റിനെക്കാൾ ശ്രേഷ്ഠമായ പ്രതിഫലമുള്ള ഒരു കർമവും അവർ കാണുകയില്ല. ആ സന്ദർഭത്തിൽ കുറെയാളുകൾ നിരാശപ്പെടുകയും ഖേദിക്കുകയും ചെയ്യും. അവർ പറയും; ദിക്റിനെക്കാൾ പ്രയാസരഹിതമായ ഒന്നും ഞങ്ങൾക്കുണ്ടായിരുന്നില്ല.'

അബൂഹുറയ്റﷺ പറയുന്നു; നബിﷺ പറഞ്ഞു: 'നിങ്ങൾ സഞ്ചരിക്കുക, പ്രത്യേകക്കാർ മുൻകടന്നിരിക്കുന്നു.' സ്വഹാബികൾ ചോദിച്ചു: 'ആരാണ് ആ പ്രത്യേകക്കാർ?' (അൽമുഫർരിദൂൻ). നബി ﷺ പറഞ്ഞു: 'അല്ലാഹുവിനെക്കുറിച്ചുള്ള ദിക്റിൽ മുഴുകിയവരാണവർ. ദിക്ർ അവരുടെ പാപങ്ങളെ ഒഴിവാക്കും' (തിർമുദി, ബൈഹകി 'ശുഅബുൽ ഈമാനി'ലും ഇബ്നു അദിയ്യ് 'അൽകാമിലി'ലും ഉദ്ധരിച്ചത്. ഇതിന്റെ പരമ്പരയിൽ ഉമറുബ്നുൽ റാശിദ് എന്ന വ്യക്തിയുണ്ട്. അയാൾ ദുർബലനാണ്. വിശിഷ്യാ യഹ്യബ്നു അബീകഥീറിൽ നിന്നുദ്ധരിക്കുന്ന റിപ്പോർട്ടുകളിൽ. ഈ ഹദീഥാകട്ടെ അക്കൂട്ടത്തിൽ പെട്ടതാണ്. ഇബ്നു അദിയ്യും തിർമുദിയും ഇതിന്റെ ദുർബലതയിലേക്ക് സൂചന നൽകിയിട്ടുണ്ട്. എന്നാൽ ഇതല്ലാത്ത, ഇതിനെക്കാൾ നല്ല ഒരു വഴിയിലൂടെ ഈ ഹദീഥ് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അതിൽ അവസാനം പറഞ്ഞ 'ദിക്ർ അവരുടെ പാപഭാരം ഇറക്കിവെക്കും' എന്ന ഭാഗമില്ല. അഹ്മദും ബുഖാരി തന്റെ 'താരീഖുൽ കബീറി'ലും ബൈഹഖി 'ശുഅബുൽ ഈമാനി'ലും ഇത് ഉദ്ധരിച്ചിട്ടുണ്ട്. ഈ ഹദീഥിന്റെ ഒരു ആശയം സ്വഹീഹുൽ മുസ്ലിമിൽ വന്നിട്ടുള്ളതാണ്-കുറിപ്പുകാരൻ).

അതായത് ദിക്റിൽ വ്യാപൃതരായി, അത് ഒരിക്കലും ഉപേക്ഷിക്കാതെ തങ്ങളുടെ പതിവാക്കിയവർ. അതാണ് 'ദിക്റിന്റെ പ്രത്യേകക്കാർ' എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്.

ദിക്റിലൂടെ വളർന്ന് ദിക്റിൽതന്നെ മരിച്ചവർ എന്ന വിശദീകരണവും ഇതിന് നൽകപ്പെട്ടിട്ടുണ്ട്.

**അറുപത്തിമൂന്ന്:** അല്ലാഹു തന്റെ അടിമയെ സത്യപ്പെടുത്താൻ 'ദിക്ർ' ഒരു നിമിത്തമാണ്. കാരണം 'ദിക്ർ' അല്ലാഹുവിനെക്കുറിച്ചുള്ള അവന്റെ മഹത്തായ ഗുണവിശേഷണങ്ങളും പൂർണതയുടെ വിവരണങ്ങളും അടങ്ങുന്ന സത്യപ്രസ്താവനയാണ്. അവ മുഖേന ഒരു അടിമ അല്ലാഹുവിനെക്കുറിച്ച് പ്രസ്താവന നടത്തുമ്പോൾ അല്ലാഹു അയാളെ ശരിവെക്കും. അല്ലാഹു ശരിവെച്ച ഒരാൾ വ്യാജക്കാരോടൊപ്പം ഒരുമിച്ചുകൂട്ടപ്പെടുകയില്ല. മറിച്ച് സത്യവാന്മാരുടെ കൂടെയായിരിക്കും ഒരുമിച്ചുകൂട്ടപ്പെടുകയെന്ന് ന്യായമായും പ്രതീക്ഷിക്കാം.

അബൂമുസ്ലിമുൽ അഗർറ് പറഞ്ഞതായി അബൂ ഇസ്ഹാക്വ് ഉദ്ധരിക്കുന്നു; അബൂഹുറയ്റﷺയും അബൂസഈദുൽ ഖുദ്രിﷺയും നബിﷺ ഇപ്രകാരം പറഞ്ഞതായി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു: "ഒരു അടിമ 'ലാ ഇലാഹ ഇല്ലല്ലാഹു വല്ലാഹു അക്ബർ' (അല്ലാഹുവല്ലാതെ ആരാധനക്കാർഹനായി മറ്റാരുമില്ല, അല്ലാഹു ഏറ്റവും വലിയവനാകുന്നു) എന്ന് പറഞ്ഞാൽ അല്ലാഹു പറയും: 'എന്റെ അടിമ പറഞ്ഞത് സത്യമാണ്. ഞാനല്ലാതെ ആരാധനക്കാർഹനായി മാറ്റാരുമില്ല. ഞാനാണ് ഏറ്റവും വലിയവൻ.' അടിമ 'ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു' (അല്ലാഹു ഏകനാണ്, അവനല്ലാതെ ആരാധനക്കാർഹനായി മറ്റാരുമില്ല) എന്ന് പറഞ്ഞാൽ

അല്ലാഹു പറയും: 'എന്റെ ദാസൻ പറഞ്ഞത് സത്യമാണ്, ഞാൻ ഏകനാണ്. ഞാനല്ലാതെ ആരാധനക്കർഹാനായി മാറ്റാരുമില്ല.' 'ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു '(അല്ലാഹുവല്ലാതെ ആരാധനക്കാർഹനായി മറ്റാരുമില്ല. അവൻ ഏകനാണ്, അവന് യാതൊരു പങ്കുകാരനുമില്ല) എന്ന് അടിമ പറഞ്ഞാൽ അല്ലാഹു പറയും 'എന്റെ ദാസൻ പറഞ്ഞത് സത്യമാണ്. ഞാനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. എനിക്ക് യാതൊരു പങ്കുകാരുമില്ല.' ലാ ഇലാഹ ഇല്ലല്ലാഹു ലഹുൽ മുൽകു വലഹുൽ ഹംദ്' (അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവന്നാകുന്നു സർവാധിപത്യം, അവന്നാകുന്നു സർവ സ്തുതികളും) എന്ന് ഒരു അടിമ പറഞ്ഞാൽ അല്ലാഹു പറയും: 'എന്റെ അടിമ പറഞ്ഞത് ശരിയാണ്. ഞാനല്ലാതെ ആരാധനക്കാർഹനായി മറ്റാരുമില്ല. എനിക്കാകുന്നു സർവാധിപത്യം. എനിക്കാകുന്നു സർവസ്തുതികളും.' 'ലാ ഇലാഹ ഇല്ലല്ലാഹു വലാ ഹൗല വലാ ഖുവ്വത്ത ഇല്ലാബില്ലാഹ്' (അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അല്ലാഹുവിനെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും കഴിവുമില്ല) എന്ന് ഒരു അടിമ പറഞ്ഞാൽ അല്ലാഹു പറയും: 'എന്റെ അടിമ പറഞ്ഞത് സത്യമാണ്. ഞാനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. എന്നെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും കഴിവുമില്ല.' അബൂ ഇസ്ഹാക് പറയുന്നു: 'ശേഷം അബൂ മുസ്‌ലിമുൽ അഗർറ് എന്തോ ഒരു കാര്യം പറഞ്ഞു. എനിക്കത് മനസ്സിലായില്ല. ഞാൻ അബൂ ജഅ്ഫറിനോട് അതിനെക്കുറിച്ച് ചോദിച്ചു. അദ്ദേഹം പറഞ്ഞു: ആർക്കെങ്കിലും തന്റെ മരണ സമയത്ത് ഈ വാക്യങ്ങളുരുവിടാൻ ഉദവി നൽകപ്പെട്ടാൽ നരകാഗ്നി അയാളെ സ്പർശിക്കുകയില്ല' (തിർമുദി, ഇബ്നുഹിബ്ബാൻ, ഹാകിം).

**അറുപത്തിനാല്:** സ്വർഗത്തിലെ ഭവനങ്ങൾ നിർമിക്കപ്പെടുന്നത് ദിക്റുകൾ കാരണമായിട്ടാണ്. ദിക്ർ ചെയ്തുകൊണ്ടിരിക്കുന്നയാൾ ദിക്ർ നിർത്തിയാൽ മലക്കുകൾ ആ നിർമാണ പ്രവർത്തങ്ങളും നിർത്തിവെക്കും. വീണ്ടും ദിക്ർ ആരംഭിക്കുകയാണെങ്കിൽ അവരും നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കും.

ഹകീമുബ്നു മുഹമ്മദ് അൽ അഖ്നസി പറഞ്ഞതായി ഇബ്നു അബിദ്ദുൻയാ തന്റെ ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നു: 'നിശ്ചയം, സ്വർഗത്തിലെ ഭവനങ്ങൾ നിർമിക്കുന്നപ്പെടുന്നത് ദിക്റുകൾ കാരണമാണെന്ന വിവരം നമുക്ക് ലഭിച്ചിട്ടുണ്ട്. ദിക്റുകൾ നിർത്തിയാൽ പ്രസ്തുത നിർമാണവും അവർ (മലക്കുകൾ) നിർത്തും. അപ്പോൾ അതിനെക്കുറിച്ച് അവരോട് ചോദിക്കപ്പെട്ടാൽ അവർ ഇപ്രകാരം പറയുമത്രെ; 'അതിന്റെ ചെലവ് ഞങ്ങൾക്ക് കിട്ടുന്നതുവരെ നിർത്തിവെക്കുന്നു.'



അബൂഹുറയ്റ(റ)യുടെ ഹദീഥായി ഇബ്നു അബിദ്ദുൻയാ രേഖപ്പെടുത്തുന്നു; നബിﷺ പറഞ്ഞു: "ആരെങ്കിലും 'സുബ്ഹാനല്ലാഹി വബിഹംദിഹി, സുബ്ഹാനല്ലാഹിൽ അളീം' (അല്ലാഹു എത്രയോ പരിശുദ്ധനാണ്! അവന്നാകുന്നു സർവസ്തുതിയും, മഹത്ത്വപൂർണനായ അല്ലാഹു ഏറെ പരിശുദ്ധനാകുന്നു) എന്ന് ഏഴു പ്രാവശ്യം പറഞ്ഞാൽ അയാൾക്ക് സ്വർഗത്തിൽ ഒരു അംബര ചുംബിയായ കെട്ടിടം നിർമിക്കപ്പെടുന്നതാണ്" (ദുർബലമായ പരമ്പരയിലൂടെ സ്വഹാബിയുടെ വാക്കായി ബുഖാരി തന്റെ 'അത്താരീഖുൽ കബീർ' എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട്).

സ്വർഗത്തിലെ നിർമാണ പ്രവർത്തനങ്ങൾ ദിക്റുകൾ നിമിത്തമാണ് എന്നതുപോലെ സ്വർഗീയ തോട്ടങ്ങളിലെ ചെടികൾ നട്ടുപിടിപ്പിക്കുന്നതും ദിക്റുകൾക്കനുസരിച്ചാണ്. ഖലീലുല്ലാഹി ഇബ്റാഹീം നബി(അ) പറഞ്ഞതായി നബിﷺ അറിയിച്ച മുമ്പ് വന്ന ഹദീസിൽ ഇങ്ങനെ കാണാം

"നിശ്ചയം, സ്വർഗത്തിലെ മണ്ണ് വിശിഷ്ടവും വെള്ളം സംശുദ്ധവുമാണ്. അവിടം സസ്യങ്ങളില്ലാത്ത ഒഴിഞ്ഞ പ്രദേശമാണ്. അവിടെയുള്ള സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നത് സുബ്ഹാനല്ലാഹ് (അല്ലാഹു എത്രയോ പരിശുദ്ധൻ), വൽ ഹംദുലില്ലാഹി (അല്ലാഹുവിന്നാകുന്നു സർവസ്തുതിയും), വലാ ഇലാഹ ഇല്ലല്ലാഹ് (അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല), വല്ലാഹു അക്ബർ (അല്ലാഹുവാകുന്നു ഏറ്റവും വലിയവൻ) എന്നീ ദിക്റുകൾക്കനുസരിച്ചാണ്" (തിർമുദി, ത്വബ്റാനി).

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

കവർ സ്റ്റോറി




# മാറുന്നകാലവും കോലം മാറുന്ന യുവതയും

**സാംസ്കാരിക സമൂഹത്തിന്റെ ചാലകശക്തിയാണ് യുവാക്കൾ. നേരിന്റെ മാർഗത്തിൽ നെഞ്ചുറപ്പോടെ നിലകൊണ്ട യുവസമൂഹമൊന്നും പരാജയപ്പെട്ട ചരിത്രമില്ല. എന്നാൽ തിന്മയിൽ അണിചേർന്ന യുവത്വത്തിന്റെ ക്രിയാശേഷി അശാന്തിയും അരക്ഷിതാവസ്ഥയുമല്ലാതെ ഒന്നും സമ്മാനിച്ചിട്ടുമില്ല.**

യുവത ഏതൊരു സമൂഹത്തിന്റെയും നെടുംതൂണാണ്. കുടുംബവും സമൂഹവും കൂട്ടായ്മകളുമൊക്കെ കെട്ടുറപ്പോടെ, സുഭദ്രമായും സുരക്ഷിതമായും നിലനിൽക്കുന്നതിൽ യുവാക്കൾക്കുള്ള പങ്ക് ചെറുതല്ല. എന്നാൽ ഇത് സഫലമാകുന്നത് യുവാക്കൾ നന്മയിൽ നിലകൊള്ളുമ്പോൾ മാത്രമാണ്. അല്ലാത്തപക്ഷം അരക്ഷിതാവസ്ഥയും അശാന്തിയുമാണ് അവർ സമ്മാനിക്കുക.

ജീവിതത്തിന്റെ നിർണായകമായ ഒരു ഘട്ടമാണ് യുവത്വം. മനുഷ്യമസ്തിഷ്‌കം ക്രിയാത്മകമായി ചിന്തിച്ചുതുടങ്ങുന്ന, എന്തും ചെയ്യാൻ കഴിയുമെന്ന് ആത്മവിശ്വാസം പ്രകടിപ്പിക്കുന്ന കാലഘട്ടം. ലോകത്ത് ഒട്ടേറെ പരിവർത്തനങ്ങൾ സൃഷ്ടിക്കപ്പെട്ടതിനുപിന്നിലുള്ള യുവാക്കളുടെ പങ്ക് അനിഷേധ്യമാണ്.

ധാർമിക ചിന്തയില്ലാതെ വളരുന്ന യുവസമൂഹം വിനാശത്തിന്റെ വിളനിലമായിരിക്കും. ഹിറ്റ്‌ലറും മുസോളിനിയും ഭ്രാന്തമായ രൂപത്തിൽ അക്രമത്തിന്റെ പാത സ്വീകരിച്ച് വൻവിനാശം വരുത്തിവെച്ചത് യൗവനത്തിന്റെ ചോരത്തിളപ്പിലായിരുന്നുവത്രെ.

അജ്ഞാനകാലമെന്ന ഇരുണ്ട കാലത്തിലെ കാലുഷ്യങ്ങളിൽനിന്ന് പ്രകാശപൂർണമായ ആത്മീയതയുടെ ബോധമണ്ഡലത്തിലേക്ക് അറേബ്യയെ പരിവർത്തിപ്പിക്കുന്നതിൽ പ്രവാചകന്റെ സഹചാരികളായ യുവാക്കളുടെ പങ്ക് ചെറുതല്ല. അനിവാര്യമായ പല ധർമയുദ്ധങ്ങൾക്കും നബിﷺ നേതൃത്വമേൽപിച്ചത് യുവാക്കളെയായിരുന്നു.

### യുവാക്കളായ ഗുഹാവാസികൾ

ധാർമിക ബോധത്തോടെ ജീവിക്കുകയും മരിക്കുകയും ചെയ്ത ചില യുവാക്കളെ വിശുദ്ധ ക്വുർആനും ഹദീഥുകളും പരിചയപ്പെടുത്തിത്തരുന്നുണ്ട്. അധികാരത്തിന്റെ പ്രലോഭനങ്ങൾക്കു മുമ്പിൽ പതറാതെ സധൈര്യം സത്യമതത്തിൽ അടിയുറച്ചുനിന്ന ഗുഹാവാസികളായ യുവാക്കളുടെ കഥ വിശുദ്ധ ക്വുർആൻ വിവരിക്കുന്നുണ്ട്.

ഏകനായ പ്രപഞ്ചസ്രഷ്ടാവിനോടു മാത്രമെ ഞങ്ങൾ പ്രാർഥിക്കുകയുള്ളൂ; ബഹുദൈവാരാധനക്ക് ഞങ്ങൾ ഒരുക്കമല്ല, അത് അടിസ്ഥാനരഹിതമായ പ്രവർത്തനവും കടുത്ത അപരാധവുമാണ് എന്ന് പ്രതികൂല സാഹചര്യത്തിൽപോലും തുറന്നു പ്രഖ്യാപിച്ച ഏതാനും യുവാക്കളായിരുന്നു അവർ:

"ഞങ്ങളുടെ രക്ഷിതാവ് ആകാശഭൂമികളുടെ രക്ഷിതാവ് ആകുന്നു. അവന്നു പുറമെ യാതൊരു ദൈവത്തോടും ഞങ്ങൾ പ്രാർഥിക്കുന്നതേയല്ല, എങ്കിൽ (അങ്ങനെ ഞങ്ങൾ ചെയ്യുന്ന പക്ഷം) തീർച്ചയായും ഞങ്ങൾ അന്യായമായ വാക്ക് പറഞ്ഞവരായി പോകും എന്ന് അവർ എഴുന്നേറ്റ് നിന്ന് പ്രഖ്യാപിച്ച സന്ദർഭത്തിൽ അവരുടെ ഹൃദയങ്ങൾക്കു നാം കെട്ടുറപ്പ് നൽകുകയും ചെയ്തു. ഞങ്ങളുടെ ഈ ജനത അവന്നു പുറമെ പല ദൈവങ്ങളെയും സ്വീകരിച്ചിരിക്കുന്നു. അവരെ (ദൈവങ്ങളെ) സംബന്ധിച്ച് വ്യക്തമായ യാതൊരു പ്രമാണവും ഇവർ കൊണ്ടുവരാത്തതെന്താണ്? അപ്പോൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചവനെക്കാൾ അക്രമിയായി ആരുണ്ട്?" (18:14,15).

ഏകദൈവാരാധകരായി നാട്ടിൽ ജീവിക്കുവാൻ കഴിയാത വന്ന സാഹചര്യത്തിൽ അവർ ഒരു തീരുമാനമെടുത്തു: "(അവർ അന്യോന്യം പറഞ്ഞു:) അവരെയും അല്ലാഹു ഒഴികെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നതിനെയും നിങ്ങൾ വിട്ടൊഴിഞ്ഞ സ്ഥിതിക്ക് നിങ്ങൾ ആ ഗുഹയിൽ അഭയം പ്രാപിച്ചുകൊള്ളുക. നിങ്ങളുടെ രക്ഷിതാവ് അവന്റെ കാരുണ്യത്തിൽനിന്ന് നിങ്ങൾക്ക് വിശാലമായി നൽകുകയും നിങ്ങളുടെ കാര്യത്തിൽ സൗകര്യമേർപ്പെടുത്തിത്തരികയും ചെയ്യുന്നതാണ്" (18:16).

ജീവിതത്തിലെ ചെറിയ പ്രതിസന്ധികൾ പോലും താങ്ങാൻ കഴിയാത്തവരും നിസ്സാര പ്രശ്‌നങ്ങൾ കാരണത്താൽ പോലും വിഷാദരോഗത്തിനടിമപ്പെടുകയോ ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുകയോ ചെയുന്നവരിൽ ഇന്ന് യുവാക്കളുടെ എണ്ണവും കുറവല്ല. എന്നാൽ തങ്ങൾ കൊല്ലപ്പെടുമെന്ന് ബോധ്യമായ അവസരത്തിൽ ഗുഹയിൽ അഭയം പ്രാപിച്ച ആ ചെറുപ്പക്കാർ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ വിഷയത്തിൽ നിരാശരാകാത്തവരും കരുണക്കായി തേടിക്കൊണ്ടിരിക്കുന്നവരുമായിരുന്നു:

"ആ യുവാക്കൾ ഗുഹയിൽ അഭയം പ്രാപിച്ച സന്ദർഭം: അവർ പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, നിന്റെ പക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ നൽകുകയും ഞങ്ങളുടെ കാര്യം നേരാംവണ്ണം നിർവഹിക്കുവാൻ നീ സൗകര്യം നൽകുകയും ചെയ്യേണമേ" (18:10).

### അർശിന്റെ തണൽ ലഭിക്കുന്നവർ

അന്ത്യനാളിൽ അല്ലാഹുവിന്റെ പ്രത്യേകമായ തണൽ ലഭിക്കുന്നവരെ നബിﷺ എണ്ണിപ്പറയുന്നതായി കാണാം. അതിൽ രണ്ടാമതായി പറയുന്നത് യൗവനകാലഘട്ടം അധർമങ്ങളിൽ ചെലവഴിക്കാതെ സ്രഷ്ടാവിന്റെ തൃപ്തി നേടുന്ന മാർഗത്തിൽ വിനിയോഗിക്കുന്ന യുവാക്കൾക്ക് ലഭിക്കുന്ന പ്രത്യേക പരിഗണനയും പ്രതിഫലവും സംബന്ധിച്ചാണ്:

അബൂഹുറയ്‌റ(റ) നിവേദനം; നബിﷺ പറഞ്ഞു: "നാളെ പരലോകത്ത് അല്ലാഹുവിന്റെ അർശിന്റെ തണലൊഴികെ വേറെ യാതൊരു തണലും ഇല്ലാത്ത ദിവസം ഏഴു വിഭാഗം ആളുകൾക്ക് അല്ലാഹു അർശിന്റെ തണൽ നൽകുന്നതാണ്: നീതിമാനായ ഭരണാധികാരി, അല്ലാഹുവിന്റെ ഇബാദത്തിലായി (ആ

രാധന) വളർന്ന യുവാവ്, സദാസമയവും ഹൃദയം പള്ളിയുമായി ബന്ധപ്പെട്ട പുരുഷൻ, അല്ലാഹുവിനുവേണ്ടി പരസ്പരം സ്നേഹിച്ച് അതിനുവേണ്ടി പരസ്പരം ഒന്നിക്കുകയും, ആ അവസ്ഥയിൽതന്നെ വേർപിരിയുകയും ചെയ്ത രണ്ടാളുകൾ, സൗന്ദര്യവും കുലീനതയുമുള്ള സ്ത്രീ അവിഹിത വേഴ്ചക്കു ക്ഷണിച്ചപ്പോൾ 'ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നു' എന്നു പറഞ്ഞ് ഒഴിഞ്ഞുമാറിയ പുരുഷൻ, വലതുകൈകൊണ്ട് കൊടുക്കുന്നത് ഇടതുകൈപോലും അറിയാത്തവിധം വളരെ രഹസ്യമായി ദാനധർമങ്ങൾ ചെയ്ത വ്യക്തി, ഏകനായിരുന്ന് അല്ലാഹുവിനെ ഭയന്ന് കണ്ണീർ ഒഴുക്കിയ മനുഷ്യൻ (എന്നിവരാകുന്നു അവർ" (ബുഖാരി, മുസ്‌ലിം).

### യുവാക്കളായ സ്വഹാബിമാർ

നേടിയെടുത്ത ജ്ഞാനം പകർത്തിയെടുക്കുന്നതിലായിരുന്നു യുവാക്കളായ സ്വഹാബിവര്യന്മാരുടെ ശ്രദ്ധ എന്നത് വർത്തമാനകാലത്തെ മുസ്‌ലിം യുവത മനസ്സിലാകേണ്ടതുണ്ട്. അരപ്പട്ടിണിയും മുഴുപ്പട്ടിണിയുമായി കഴിഞ്ഞുകൂടുമ്പോഴും അവർ ജീവിതയാത്രയിൽ മതപരിജ്ഞാനം നേടുന്നതിലും നേടിയ അറിവ് പ്രാവർത്തികമാക്കുന്നതിലും അമാന്തം കാണിച്ചിരുന്നില്ല. അല്ലാഹുവിനുള്ള ആരാധനയിലായി ജീവിതം മുന്നോട്ടു നയിക്കുന്ന ചെറുപ്പക്കാർക്ക് പാരത്രികലോകത്ത് ലഭിക്കുന്ന പ്രത്യേക പരിഗണന അവർ ആശിച്ചു.

സുമുഖനും സമ്പന്നനുമായിരുന്ന ചെറുപ്പക്കാരനായിരുന്നു മുസ്അബുബ്നു ഉമൈർ ﵁. ക്വുർആനിന്റെ വചനങ്ങൾ അദ്ദേഹത്തെ ഹഠാതാകർഷിച്ചു. ഇസ്‌ലാമിന്റെ സന്ദേശവാഹകരിൽ പ്രമുഖനായി അദ്ദേഹം മാറി. സമ്പത്ത് മുഴുവൻ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാൻ ആ യുവാവ് തയ്യാറായി. രണാങ്കണത്തിൽ രക്തസാക്ഷിയായി വീണ അദ്ദേഹത്തിന്റെ ശരീരം മൂടുവാൻ ആവശ്യമായ കഫൻപുടവ പോലും സ്വന്തമായില്ലായിരുന്നു! ഈ മഹാനായ സ്വഹാബിയുടെ ചരിത്രത്തിൽ യുവാക്കൾക്ക് ഉദാത്തമായ മാതൃകയുണ്ട്. ചോരത്തുടിപ്പിന്റെയും ആരോഗ്യദൃഢതയുടെയും കാലഘട്ടം ഏതെല്ലാം വഴിയിൽ വിനിയോഗിക്കുന്നു എന്ന് യുവാക്കൾ ചിന്തിക്കേണ്ടതുണ്ട്.

വൃദ്ധരെ ഉപദേശിച്ചുകൊണ്ട് ഒരാൾ പറഞ്ഞു: "തൊലികളൊക്കെ ശുഷ്കിച്ച് നരബാധിച്ചു തുടങ്ങിയ ജനങ്ങളേ, പഴങ്ങൾ പഴുത്താൽ പിന്നെ പറിച്ചെടുക്കാതെ നിവൃത്തിയില്ല. ഇനി പഴങ്ങൾ പറിക്കാനുള്ള സമയം മാത്രമേയുള്ളൂ." ശേഷം അദ്ദേഹം ചെറുപ്പക്കാരോടു പറഞ്ഞു: "യുവാക്കളേ, നിങ്ങളുടെ ചുറുചുറുക്കുള്ള ശരീരവും ചോരത്തിളപ്പുള്ള യൗവനവും കണ്ട് നിങ്ങൾ അഹങ്കരിക്കേണ്ടതില്ല. കാരണം പച്ചക്കായയും ഉതിർന്നു വീഴാറുണ്ട്."

വാർധക്യം പ്രാപിച്ചശേഷം ആരാധനകളിൽ മുഴുകി ജീവിക്കുന്നതിനെക്കാൾ അധികം പ്രതിഫലം യുവത്വത്തിന്റെ ചുറുചുറുക്കിൽ ചെയ്യുന്നവർക്ക് കിട്ടുമെന്നതിനു തെളിവാണ് മുകളിൽ കൊടുത്ത അർശിന്റെ തണൽ ലഭിക്കുന്നതുമായി ബന്ധപ്പെട്ട നബിവചനം.

### പെരുകുന്ന അവിഹിതങ്ങൾ

ഇന്ന് കൗമാരക്കാരായ വിദ്യാർഥികളും യുവാക്കളുമെല്ലാം അകപ്പെടുന്ന വലിയൊരു തിന്മയുടെ ഗർത്തമാണ് അവിഹിതബന്ധങ്ങൾ. ക്യാമറയുള്ള മൊബൈൽ ഫോണും ഇന്റർനെറ്റ് സൗകര്യവും വാട്സാപ്പ്, ഫേസ്ബുക്ക് പോലുള്ള സാമൂഹ്യ മാധ്യമങ്ങളുമെല്ലാം മൃഗീയമായ ലൈംഗികതയിലേക്ക് തുറക്കുന്ന കവാടങ്ങളായി നല്ലൊരു വിഭാഗം യുവാക്കളും സ്വീകരിച്ചിരിക്കുകയാണ്. എത്രയോ അവിഹിത ബന്ധങ്ങൾ സംഭവിക്കുന്നു. ഇണയുടെ അവിഹിത ബന്ധത്തിന്റെ പേരിൽ ദിനേന എത്രയോ വിവാഹ ബന്ധങ്ങൾ തകർന്നുകൊണ്ടിരിക്കുന്നു.

### യൂസുഫ് നബി ﵇ യുടെ മാതൃക

അല്ലാഹു തന്നെ നിരീക്ഷിക്കുന്നുണ്ടെന്ന ദൃഢബോധ്യത്തിൽ, അല്ലാഹുവിന്റെ പൊരുത്തവും പ്രതിഫലവും ആശിച്ച് വളരെ പരിശുദ്ധവും പവിത്രവുമായ ജീവിതം നയിക്കുന്ന ഒരു യുവാവിനെ ക്വുർആൻ പരിചയപ്പെടുത്തുന്നുണ്ട്.

"അവൻ (യൂസുഫ്) ഏതൊരുവളുടെ വീട്ടിലാണോ അവൾ അവനെ വശീകരിക്കുവാൻ ശ്രമംനടത്തി. വാതിലുകൾ അടച്ചുപൂട്ടിയിട്ട് അവൾ പറഞ്ഞു: ഇങ്ങോട്ട് വാ. അവൻ പറഞ്ഞു: അല്ലാഹുവിൽ ശരണം! നിശ്ചയമായും അവനാണ് എന്റെ രക്ഷിതാവ്. അവൻ എന്റെ താമസം ക്ഷേമകരമാക്കിയിരിക്കുന്നു. തീർച്ചയായും അക്രമം പ്രവർത്തിക്കുന്നവർ വിജയിക്കുകയില്ല" (12:23).

മഹാനായ യൂസുഫ് നബി ﵇ യാണ് ആ യുവാവ്. 'സൗന്ദര്യവും കുലീനതയുമുള്ള സ്ത്രീ അവിഹിത വേഴ്ചക്കു ക്ഷണിച്ചപ്പോൾ 'ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നു' എന്നു പറഞ്ഞ് ഒഴിഞ്ഞുമാറിയ പുരുഷന് അല്ലാഹുവിന്റെ അർശിന്റെ തണൽ ലഭിക്കുമെന്ന പ്രവാചക വചനം ഇതിനോടു ചേർത്തുവായിക്കുക. മുസ്‌ലിം യുവാക്കളും യു

വതികളും ഈ തെറ്റിന്റെ ഗൗരവവും അല്ലാഹുവിനെ ഭയപ്പെട്ട് ആ തെറ്റിൽ അകപ്പെടാതെ ജീവിച്ചാൽ ലഭിക്കുന്ന സൗഭാഗ്യവും ഓർക്കേണ്ടതുണ്ട്.

പ്രായപൂർത്തിയെത്തിയ മക്കൾക്ക് വിവാഹം കഴിപ്പിച്ച് കൊടുക്കൽ രക്ഷിതാക്കളുടെ കടമയാണ്, അല്ലാത്തപക്ഷം സന്താനങ്ങൾ കുഴപ്പത്തിൽ അകപ്പെട്ട് കുടുംബത്തിന്റെതന്നെ സൽപ്പേര് കളങ്കപ്പെടുവാൻ സാധ്യത കൂടുതലാണ്.

## ഇബ്‌റാഹീം(عليه السلام) എന്ന യുവാവ്

സ്രഷ്ടാവായ അല്ലാഹുവിനെ ആരാധിക്കുവാൻ തയ്യാറാവാതെ വിഗ്രഹങ്ങൾ നിർമിച്ച് അവയെ ആരാധിക്കുന്ന ജനതയോട് അരുതേ എന്നു പറഞ്ഞതിനാൽ, വിഗ്രഹാരാധനയുടെ നിരർഥകത ബോധ്യപ്പെടുത്തിക്കൊടുത്തതിനാൽ അക്ഷരാർഥത്തിൽ അഗ്നി പരീക്ഷണത്തിന് വിധേയനായ ഒരു യുവാവിനെക്കുറിച്ച് ക്വുർആനിൽ പറയുന്നത് കാണാം.

"അവർ പറഞ്ഞു: നമ്മുടെ ദൈവങ്ങളെക്കൊണ്ട് ഇത് ചെയ്തവൻ ആരാണ്? തീർച്ചയായും അവൻ അക്രമികളിൽ പെട്ടവൻ തന്നെയാണ്. ചിലർ പറഞ്ഞു: ഇബ്‌റാഹീം എന്ന് വിളിക്കപ്പെടുന്ന ഒരു ചെറുപ്പക്കാരൻ ആ ദൈവങ്ങളെപ്പറ്റി പരാമർശിക്കുന്നത് ഞങ്ങൾ കേട്ടിട്ടുണ്ട്" (21:59,60).

മുഹമ്മദ് നബി(ﷺ)ക്ക് പ്രവാചകത്വം ലഭിക്കുന്നതുതന്നെ യുവത്വത്തിന്റെ പൂർണതയിലെത്തിയ, പരിപക്വമായ പ്രായത്തിലായിരുന്നുവല്ലോ.

പ്രവാചകന്മാരുടെയും മറ്റും ചരിത്രം അല്ലാഹു നമുക്ക് വിവരിച്ചുതരുന്നത് അവരുടെ മഹത്ത്വം മനസ്സിലാക്കിത്തരാനും നമുക്ക് അതിൽനിന്ന് ഗുണപാഠവും സദുപദേശവും ലഭിക്കാനുമാണ്. അല്ലാഹു പറയുന്നു:

"ദൈവദൂതൻമാരുടെ വൃത്താന്തങ്ങളിൽനിന്ന് നിന്റെ മനസ്സിന് സ്ഥൈര്യം നൽകുന്നതെല്ലാം നിനക്ക് നാം വിവരിച്ചുതരുന്നു. ഇതിലൂടെ യഥാർഥ വിവരവും സത്യവിശ്വാസികൾക്ക് വേണ്ട സദുപദേശവും ഉൽബോധനവും നിനക്ക് വന്നുകിട്ടിയിരിക്കുകയാണ്" (11:120).



## ലഹരിയും യുവാക്കളും

ധാർമികതയുടെ വിഷയത്തിൽ ഇന്നത്തെ യുവാക്കളിൽ അധികവും പരിതാപകരമായ അവസ്ഥയിലല്ലേ? മാറുന്ന കാലത്തിനൊപ്പം അവരും മാറുകയാണ്. എന്നാൽ അതൊരിക്കലും നല്ല മാറ്റമാണെന്ന് കരുതരുത്. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി മാറിക്കൊണ്ടിരിക്കുകയാണ് ഇന്നത്തെ പുതിയ തലമുറയിലെ യുവാക്കൾ. ഓരോ ദിവസവും എത്രയോ പേർ നമ്മുടെ നാട്ടിൽ മയക്കുമരുന്നു കേസിൽ പിടിക്കപ്പെടുന്നുണ്ട്. മിക്കവാറും അവരിൽ ഭൂരിഭാഗവും ഇരുപതിനും മുപ്പതിനും ഇടയ്ക്ക് പ്രായമുള്ള യുവാക്കളായിരിക്കും. മദ്യവും മറ്റു ലഹരി ഉൽപന്നങ്ങളും വിറ്റഴിക്കുന്നത് സ്‌കൂളുകളും കോളേജുകളും വിനോദസഞ്ചാര കേന്ദ്രങ്ങളും കേന്ദ്രീകരിച്ചാണെന്നത് വിഷയത്തിന്റെ ഗൗരവം വർധിപ്പിക്കുന്നു. സ്‌കൂളിൽ പഠിക്കുന്ന യൂണിഫോം ധരിച്ച പെൺകുട്ടികൾ ആളില്ലാത്ത ഇടങ്ങളിൽ ചെന്ന് കഞ്ചാവ് പോലുള്ള ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിന്റെ വീഡിയോകൾ ഫേസ്ബുക്കിൽ പലതവണ കാണാൻ കഴിഞ്ഞിട്ടുണ്ട്.

വിവാഹത്തിന്റെ തലേദിവസം കൂട്ടുകാരെ വിളിച്ചുകൂട്ടി മദ്യസൽക്കാരം നടത്തുന്ന സമ്പ്രദായം വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. വിവാഹ ദിവസം വരനെയും വധുവിനെയും വീട്ടുകാരെയുമൊക്കെ അപമാനിക്കുംവിധമുള്ള കൊള്ളരുതായ്മകൾ തമാശ കാണിക്കുന്നു എന്ന നാട്യേന നടത്തുന്ന യുവാക്കളുടെ എണ്ണവും വർധിക്കുകയാണ്.

ഓരോ പ്രദേശത്തും നന്മയുടെ കൂടെ നിൽക്കേണ്ട യുവസമൂഹം തന്നെയാണ് പലവിധ തിന്മകൾക്കും അടിമപ്പെട്ടുകൊണ്ടിരിക്കുന്നത്. കൂട്ടുകാർക്കൊപ്പം മദ്യപിക്കാനും മറ്റു ലഹരി വസ്തുക്കൾ ഉപയോഗിക്കാനും കൂടിയില്ലെങ്കിൽ അവരിൽനിന്നും തങ്ങൾ ഒറ്റപ്പെട്ടുപോകുമെന്ന തോന്നലാണ് പലരെയും ഇതിലേക്ക് നയിക്കുന്നത്; ചിലരൊക്കെ ഭീഷണിക്കു വഴങ്ങിയിട്ടും. കാശുണ്ടാക്കാൻ എളുപ്പമാർഗം എന്ന പ്രലോഭനത്തിൽപെട്ട് കാരിയർമാരാകുന്നവരും ഇവ ഉപയോഗിക്കാൻ നിർ

ബന്ധിതരാകുന്നു. എന്നാൽ തങ്ങൾ എത്ര വലിയ കെണിയിലാണ് പെട്ടിരിക്കുന്നതെന്ന് ചിന്തിക്കാനുള്ള വിവേകം ഇവർ കാണിക്കുന്നില്ല. യുവ സമൂഹം ഇത്രമേൽ അധഃപതിക്കുന്നതോടെ ഒരു ദേശത്തിന്റെ, ഒരു സമൂഹത്തിന്റെ നട്ടെല്ലാണ് തകരുന്നതോർക്കുക. ദിനംപ്രതി പത്രവാർത്ത മാധ്യമങ്ങളിലൂടെ വേദനാജനകമായ വാർത്തകളാണ് നമ്മുടെ മുന്നിലേക്കെത്തുന്നത്.

പഴയ കാലത്തെ അപേക്ഷിച്ച് രക്ഷിതാക്കളുടെ നിയന്ത്രണങ്ങൾ കുറഞ്ഞതാണ് ഈ അധഃപതനത്തിന്റെ കാരണങ്ങളിൽ ഒന്ന്. തന്റെ മക്കൾ അരുതാത്തതൊന്നും ചെയ്യുകയില്ലന്ന രക്ഷിതാക്കളുടെ അമിത വിശ്വാസമാണ് മറ്റൊരു കാരണം. സ്മാർട്ടിന്റെ കാലത്ത് സ്മാർട്ടായ രക്ഷിതാക്കൾക്ക് മക്കൾ എങ്ങോട്ടു പോകുന്നു, എപ്പോൾ വരുന്നു, ആരുമായിട്ടെല്ലാം കൂട്ടുകൂടുന്നു എന്നൊന്നും അന്വേഷിക്കാനോ ഉപദേശ നിർദേശങ്ങൾ കൊടുക്കാനോ സമയമില്ല. ഇത് തിരിച്ചറിയുന്ന യുവാക്കൾ തോന്നിയപോലെ ജീവിക്കുവാൻ തയ്യാറാകുന്നു.

### ലുക്മാൻﷺ എന്ന രക്ഷിതാവ്

മക്കളെ ചെറുപ്പത്തിൽ മതപാഠശാലയിലേക്ക് പറഞ്ഞയക്കുന്നതോടെ മാതാപിതാക്കൾക്ക് മക്കളോടുള്ള മതപരമായ കടമകൾ അവസാനിക്കുന്നില്ല. പഠിച്ച കാര്യങ്ങൾ അവർ പ്രാവർത്തികമാക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കാനും അതിന് അവരെ പ്രേരിപ്പിക്കാനും മക്കൾ എത്ര മുതിർന്നാലും എവിടെ പോയി പഠിക്കുകയാണെങ്കിലും മതത്തിന്റെ ചട്ടക്കൂടിൽ ജീവിക്കുന്നുണ്ടോ, അനാവശ്യമായ ബന്ധങ്ങളിൽ അകപ്പെടുന്നുണ്ടോ, അരുതാത്ത 'കമ്പനി'കൂടുന്നുണ്ടോ എന്നൊക്കെ അന്വേഷിക്കൽ മാതാപിതാക്കളുടെ കടമയാണ്.

നബിﷺ പറഞ്ഞു: "എല്ലാ കുഞ്ഞുങ്ങളും ജനിക്കുന്നത് ശുദ്ധപ്രകൃതിയോടെയാണ് പിന്നീടവനെ ജൂതനോ, ക്രൈസ്തവനോ, അഗ്നിയാരാധകനോ ആക്കുന്നത് അവന്റെ മാതാപിതാക്കളാകുന്നു. ഒരു മൃഗത്തെ പോലെ, മൃഗം തന്റെ കുഞ്ഞിന് ജന്മം നൽകുന്നു. അതിന് വല്ല ന്യൂനതയും നിങ്ങൾ കാണുന്നുണ്ടോ" (ബുഖാരി).

മാതാപിതാക്കൾ മക്കൾക്ക് നൽകുന്ന സമ്മാനങ്ങളിൽ ഏറ്റവും ഉത്തമമായത് അവർക്ക് ഇസ്‌ലാമിക മര്യാദകൾ പഠിപ്പിക്കലാണ് എന്ന് നബിﷺ പറഞ്ഞത് എല്ലാ രക്ഷിതാക്കളും ഓർത്തുവെക്കേണ്ടതുണ്ട്. എല്ലാറ്റിലുമുപരിയായി സ്വന്തം ബന്ധുക്കളെ നരകാഗ്നിയിൽനിന്ന് കാത്തുരക്ഷിക്കുക എന്ന അല്ലാഹുവിന്റെ കൽപന മറക്കാതിരിക്കുക. മക്കൾ നരകത്തിൽ അകപ്പെടാതിരിക്കാൻ തങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യൽ മാതാപിതാക്കളുടെ കടമയാണ്.

"സത്യവിശ്വാസികളേ, സ്വദേഹങ്ങളെയും നിങ്ങളുടെ ബന്ധുക്കളെയും നരകാഗ്നിയിൽനിന്ന് നിങ്ങൾ കാത്തുരക്ഷിക്കുക..." (66:6).


ലുക്മാൻﷺ തന്റെ മകനു നൽകിയ സദുപദേശങ്ങൾ എക്കാലത്തും എല്ലാ മാതാപിതാക്കൾക്കുമുള്ള മാതൃകയാണ്:

"എന്റെ കുഞ്ഞുമകനേ, നീ നമസ്കാരം മുറപോലെ നിർവഹിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും, നിനക്ക് ബാധിച്ച വിഷമങ്ങളിൽ ക്ഷമിക്കുകയും ചെയ്യുക. തീർച്ചയായും ഖണ്ഡിതമായി നിർദേശിക്കപ്പെട്ട കാര്യങ്ങളിൽ പെട്ടതത്രെ അത്. നീ (അഹങ്കാരത്തോടെ) മനുഷ്യരുടെ നേർക്ക് നിന്റെ കവിൾ തിരിച്ചുകളയരുത്. ഭൂമിയിലൂടെ നീ പൊങ്ങച്ചം കാട്ടി നടക്കുകയും അരുത്. ദുരഭിമാനിയും പൊങ്ങച്ചക്കാരനുമായ യാതൊരാളെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല. നിന്റെ നടത്തത്തിൽ നീ മിതത്വം പാലിക്കുക. നിന്റെ ശബ്ദം നീ ഒതുക്കുകയും ചെയ്യുക.." (ക്വുർആൻ 31:17-19).

മഹാനായ അലിﷺ പാടിയ അർഥവത്തായ ഒരു കവിത ഇബ്നുഹജറുൽ അസ്‌ക്വലാനിﷺ 'ഫത്ഹുൽ ബാരി'യിൽ ഉദ്ധരിക്കുന്നുണ്ട്. അതിന്റെ ആശയം ഇപ്രകാരമാണ്: "മനുഷ്യജീവിതത്തിലെ ആരോഗ്യസമയം എത്ര പെട്ടെന്നാണ് കൊഴിഞ്ഞു പോകുന്നത്. അരോഗദൃഢഗാത്രനായി നടന്നിരുന്നവൻ എത്രപെട്ടെന്നാണ് ആരോഗ്യക്ഷയം വന്നവനാകുന്നത്. ഒരാൾ അറുപത് വർഷം ജീവിക്കുമെന്ന് സങ്കൽപിച്ചാൽ പോലും അതവന് നഷ്ടമാണെന്ന് ചിന്തിക്കുന്നവർക്ക് മനസ്സിലാക്കാം. കാരണം അറുപതിൽനിന്ന് പകുതിയോളം രാത്രി ഉറങ്ങിത്തീർന്നു പോകുന്നു. ബാക്കിയുള്ള മുപ്പതിൽനിന്ന് പതിനഞ്ചും കുട്ടിക്കാലമായി തീർന്നു പോയിട്ടുണ്ടാകും. എല്ലാം കൂട്ടിക്കിഴിച്ചാൽ കിട്ടുന്ന ബാക്കി പതിനഞ്ചിൽതന്നെ ജീവിത പ്രാരാബ്ധങ്ങളും പ്രതിസന്ധികളും ആരോഗ്യ പ്രശ്നങ്ങളും സംബന്ധിച്ച നെട്ടോട്ടവുമായിരിക്കും. ഇഹലോകജീവിതത്തിനു ശേഷം വരുന്ന അന്ത്യമില്ലാത്ത ജീവിതത്തെക്കുറിച്ച് എന്തുകൊണ്ട് മനുഷ്യൻ ചിന്തിക്കാതെ പോകുന്നു?"

ഡോ. ടി.കെ യൂസുഫ്
tkyoosuf@hotmail.com

ലേഖനം




# പ്രവാചകന്റെ പാർപ്പിടങ്ങൾ

**വീ**ടുനിർമാണത്തിനു വേണ്ടി ജനങ്ങൾ അവരുടെ വരുമാനത്തിന്റെ സിംഹഭാഗവും അതിനു പുറമെ വായ്പകളും വിനിയോഗിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണല്ലോ നാം ജീവിക്കുന്നത്. ഭവന നിർമാണത്തിന് ഒരുങ്ങുമ്പോൾ വിശ്വാസികളുടെ ജീവിത വിജയത്തിന് മാതൃകയായി അയക്കപ്പെട്ട നബി തിരുമേനിﷺയുടെ പാർപ്പിടങ്ങളുടെ നിർമിതിയും അവയിലെ സൗകര്യങ്ങളും ആരും അന്വേഷിക്കാറില്ല. എല്ലാ സൗകര്യങ്ങളുമുള്ള ഒരു കൊട്ടാരത്തിലല്ല; മറിച്ച് അങ്ങേയറ്റം അസൗകര്യങ്ങളുള്ള തന്റെ പത്നിമാരുടെ കുടിലുകളിലാണ് അദ്ദേഹം താമസിച്ചിരുന്നത്. നബിﷺ മദീനയിലേക്ക് ഹിജ്റ വന്ന സന്ദർഭത്തിൽ ക്വുബാ മസ്ജിദിന്റെ നിർമാണവേളയിൽ ഏകദേശം പത്തുദിവസം ബ

നൂഅംറുബ്നിൻ ഔഫിന്റെ അടുക്കൽ താമസിച്ചു. പിന്നീട് അബൂഅയ്യൂബിൽ അൻസ്വാരിയുടെ വീട്ടിൽ ഏതാനും മാസങ്ങൾ താമസിച്ചു. അതിനുശേഷം മദീന പള്ളിയുടെ പണി പൂർത്തിയായപ്പോൾ അതിന്റെ വടക്കുഭാഗത്തായി ആഇശ, സൗദ എന്നീ പത്നിമാർക്ക് വേണ്ടി വീടുകൾ നിർമിക്കുകയും അതിലേക്ക് താമസം മാറ്റുകയു ചെയ്തു.

പ്രവാചക പത്നിമാരുടെ പാർപ്പിടങ്ങൾ നിർമിച്ചത് കല്ല്, ഇഷ്ടിക, ഈത്തപ്പനയുടെ തടി, പനയോല, മട്ടൽ, മണ്ണ് എന്നിവകൊണ്ടാണ്. ആഢംബര പൂർണമായ ഭവനനിർമാണ സാമഗ്രികൾ ഇല്ലാത്തത് കൊണ്ട് മാത്രമല്ല തിരുഭവനങ്ങൾ അത്യന്തം ലളിതമായ ഈ വസ്തുക്കൾകൊണ്ട് നിർമിച്ചത്. മറിച്ച് ഭൗതിക ജീവിതത്തിന് അദ്ദേഹം അത്രയൊന്നും പരിഗണന നൽകാത്തതുകൊണ്ടായിരുന്നു. പ്രവാചക പത്നിമാരായ ഒമ്പതുപേരുടെയും വീടുകളെക്കുറിച്ചുള്ള വ്യക്തമായ വിവരണങ്ങൾ ചരിത്ര ഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്. എന്നാൽ അവയെല്ലാം അസൗകര്യത്തിന്റെയും ലാളിത്യത്തിന്റെയും കാര്യത്തിൽ ഒന്നിനൊന്നു മെച്ചമായിരുന്നു.

പ്രവാചകന്റെ വീടുകളിൽ ചിലതിന്റെ ചുമർ ഇഷ്ടികയാണെങ്കിൽ മറ്റു ചിലതിന്റെ ഭിത്തികൾ കല്ലുകൾ അടുക്കിവെച്ചതായിരുന്നു. മേൽക്കൂരയാണെങ്കിൽ പലതിലും ഈത്തപ്പനയോല മാത്രമായിരുന്നു. ചിലതിൽ ചില മരക്കഷണങ്ങൾകൊണ്ട് പാക്ക്വെച്ച് ഓലയും മണ്ണും പാകിയതായിരുന്നു. പുരാതന കാലത്ത് അറബികൾ എല്ലാവരും ഇത്തരത്തിലുള്ള വീടുകൾ തന്നെയായിരിക്കും നിർമിച്ചിട്ടുണ്ടാകുക എന്ന ധാരണ ശരിയല്ല. കാരണം ആ അജ്ഞാനകാലത്തും അവർ വീടുകളുടെ വലിപ്പവും ഉയരവും അന്തസ്സിന്റെയും ആഭിജാത്യത്തിന്റെയും അടയാളമായി ഗണിച്ചിരുന്നു. ജാഹിലിയ്യ കവിതകളിൽ വീടുകളുടെ ഉയരം എടുത്തുപറഞ്ഞ് പെരുമ നടിക്കുന്നതായി നമുക്ക് കാണാം. എന്നാൽ തിരുനബിﷺയുടെ ഗേഹങ്ങൾ ഉയരത്തിന്റെ കാര്യത്തിലും വേറിട്ടുനിൽക്കുന്നതായിരുന്നു. ഹസൻ ബസ്വരി ഇങ്ങനെ രേഖപ്പെടുത്തുന്നതായി നമുക്ക് കാണാം: "ഞാൻ ഉസ്മാൻവിന്റെ ഭരണകാലത്ത് പ്രവാചക പത്നിമാരിൽ ഒരാളുടെ വീട്ടിൽ പ്രവേശിച്ചു. അതിന്റെ മേൽക്കൂര എന്റെ കൈകൊണ്ട് തൊടാൻ പറ്റുന്ന ഉയരത്തിലായിരുന്നു."

ആയിരക്കണക്കിന് ചതുരശ്ര അടി വിസ്തീർണമുള്ള പഞ്ചനക്ഷത്ര വീടുകളാണ് ഇന്ന് പലരും പണിയാറുള്ളത്. എന്നാൽ നബിﷺയുടെ വീടിന്റെ വിശാലതയും ശ്രദ്ധേയമാണ്. വീടിന്റെ മൊത്തം വിസ്തീർണം പത്ത് മുഴത്തിൽ ഒതുങ്ങുന്നതാണ്. മൂന്നോ നാലോ മീറ്റർ ചുറ്റളവാണ് വീട്ടിലെ മുറികൾക്കുണ്ടായിരുന്നത്. ആഇശ ബീവിയുടെ വീടിന് മാത്രമാണ് രണ്ട് വാതിലുകളുണ്ടായിരുന്നത്. അതിൽ പടിഞ്ഞാറുഭാഗത്തുള്ളത് പള്ളിയിലേക്ക് തുറക്കുന്നതും കിഴക്കുഭാഗത്തുള്ളത് മറ്റു ഭാര്യമാരുടെ വീടുകളിലേക്കുള്ള വഴിയിലേക്ക് തുറക്കുന്നതുമായിരുന്നു. വാതിലുൾക്കാകട്ടെ രണ്ടു മുഴം വീതിയും നാലു മുഴം ഉയരവുമാണുണ്ടായിരുന്നത്.

വീട്ടിലെ ഗൃഹോപകരണങ്ങളുടെ കാര്യമെടുക്കുകയാണെങ്കിൽ അക്കാര്യത്തിലും തിരുമേനി അതീവ ലാളിത്യം പുലർത്തിയിരുന്നു എന്നു കാണാം. ഈത്തപ്പനയോലകൾകൊണ്ട് നെയ്ത ഒരു പായയിലാണ് റസൂൽﷺ അന്തിയുറങ്ങിയിരുന്നത്. പലപ്പോഴും അതിന്റെ പാടുകൾ അദ്ദേഹത്തിന്റെ ശരീരത്തിൽ പതിഞ്ഞുകാണാമായിരുന്നു. മൃഗങ്ങളുടെ തുകലിനുള്ളിൽ പനയോല നിറച്ച് നിർമിച്ച കനംകുറഞ്ഞ ഒരു തലയിണയാണ് അവിടുന്ന് ഉപയോഗിച്ചിരുന്നത്. മറ്റു ഫർണീച്ചറുകളുടെ കാര്യമെടുക്കുകയാണെങ്കിൽ; അതിഥികൾക്ക് ഇരിക്കാൻ പറ്റിയ ഒരു ഇരിപ്പിടം പോലും തിരുഭവനത്തിലുണ്ടായിരുന്നില്ല! ഒരിക്കൽ ത്വയ്യ് ഗോത്രത്തിലെ നേതാവും പുരോഹിതനുമായിരുന്ന അദിയ്യ് ബിൻ ഹാതിം ത്വാഇ ഒരു സ്വർണക്കുരിശ് ധരിച്ചുകൊണ്ട് നബിതിരുമേനിയുടെ വീട്ടിൽ അതിഥിയായി വന്നു. അദ്ദേഹത്തിന് ഇരിക്കാൻ വേണ്ടി നൽകാൻ ഒരു ഇരിപ്പിടം പോലും തിരുഭവനത്തിലുണ്ടായിരുന്നില്ല. തന്റെ വീട്ടിൽ ആകെയുണ്ടായിരുന്ന ഒരു തലയിണ അതിഥിക്ക് ഇരിക്കാൻ നൽകുകയും നബിﷺ നിലത്ത് ഇരിക്കുകയും ചെയ്തു.

അടുക്കളയിലെ കാര്യം എടുക്കുകയാണെങ്കിൽ, ആഹാരസാധനങ്ങളുടെ കാര്യം വളരെ കഷ്ടമായിരുന്നു. നബിﷺയുടെ വീട്ടിലെ അടുക്കളയിൽ തീ പുകയാതെ ഒന്നും രണ്ടും മാസങ്ങൾ കടന്നു പോകാറുണ്ട് എന്ന് ഹദീഥുകൾ വ്യക്തമാക്കുന്നുണ്ട്. അപ്പോൾ ഇത്രയും നാളുകൾ നിങ്ങൾ എങ്ങനെയാണ് കഴിയാറ് എന്ന ചോദ്യത്തിന് പത്നിമാർ പറയുന്ന മറുപടി ഈത്തപ്പഴവും പച്ചവെള്ളവും കൊണ്ട് എന്നാണ്. പാകം ചെയ്ത് കഴിക്കേണ്ട ഭ

ക്ഷണ പദാർഥങ്ങൾ ഇല്ലാത്തതുകൊണ്ട് തന്നെ പാചകോപകരണങ്ങൾക്കും പഞ്ഞമായിരുന്നു. ഗോതമ്പ് പൊടിച്ചതിന് ശേഷം അതിലെ ഉമി നീക്കാൻ ആവശ്യമായ ഒരു തരിപ്പ പോലും പ്രവാചകന്റെ വീട്ടിലുണ്ടായിരുന്നില്ല. നിങ്ങൾ ബാർലി എന്താണ് ചെയ്യുക എന്ന് ചോദിച്ചതിന് ഭാര്യമാരുടെ മറുപടി ഇപ്രകാരമായിരുന്നു: 'ബാർലി ഞങ്ങൾ കുത്തും. എന്നിട്ട് ഒരു മുറത്തിലിട്ട് തെള്ളിക്കൊണ്ട് അതിലെ ഉമി പാറ്റിക്കളയും. ഇനിയും വല്ലതും അവശേഷിക്കുന്നുണ്ടെങ്കിൽ അത് റൊട്ടിയിൽ ഉൾപെടുത്തുകയും ചെയ്യും" (ഫത്ഹുൽ ബാരി).

ധാന്യപ്പൊടിയിലെ ഉമി നീക്കാൻ ഒരു അരിപ്പ വാങ്ങാൻ മാത്രം എല്ലാ ദിവസവും റസൂലിന്റെ വീട്ടിൽ ബാർലികൊണ്ട് റൊട്ടി ഉണ്ടാക്കിയിരുന്നില്ല. മുഹമ്മദ് നബിﷺയുടെ കുടുംബം രണ്ടുദിവസം തുടർച്ചയായി ബാർലിപ്പൊടികൊണ്ടുണ്ടാക്കിയ റൊട്ടി കഴിച്ച് വിശപ്പടക്കിയിട്ടില്ല എന്ന് പത്നി ആഇശ ﵁ പറയുന്നതായി എല്ലാ ഹദീഥ് ഗ്രന്ഥങ്ങളിലും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

ഇനി പാത്രങ്ങളുടെ കാര്യമെടുക്കാം. വക്കുപൊട്ടിയത് കാരണം കമ്പിയിട്ട് മുറുക്കിയ ഒരു മരപ്പാത്രത്തിലാണ് തിരുമേനി പാലും തേനും ഈത്തപ്പഴം കുതിർത്ത വെള്ളവും കുടിച്ചിരുന്നത്. റോമാ, പേർഷ്യൻ ചക്രവർത്തിമാർ സ്വർണപ്പാത്രങ്ങളിൽ ഭക്ഷണം കഴിച്ചിരുന്ന ഒരു കാലഘട്ടത്തിലാണ് ഇതല്ലാം നടന്നിരുന്നത് എന്ന കാര്യം നാം വിസ്മരിക്കരുത്.

അനുചരന്മാരും അതിഥികളും വിരുന്നുവരുന്ന സമയങ്ങളിലാണ് പ്രവാചകന്റെ വീട്ടിലെ പ്രാരാബ്ധങ്ങൾ പ്രശ്നം സൃഷ്ടിക്കാറുള്ളത്. ഒരിക്കൽ ഉമർ ബിൻ ഖത്വാബ് ﵁ വീട്ടിൽ വന്നു; അപ്പോൾ നബിﷺ മണലിൽ ഒരു പായവിരിച്ച് അതിൽ കിടക്കുകയായിരുന്നു. ഒരു വിരിപ്പ് ഇല്ലാത്തതുകൊണ്ട് തന്നെ ഈന്തപ്പനയോലയുടെ പാടുകൾ ആ ശരീരത്തിൽ കാണാമായിരുന്നു. ഉമർ﵁ പറഞ്ഞു: "പ്രവാചകരേ, റോമക്കാർക്കും പേർഷ്യക്കാർക്കും വിശാലതയുണ്ടായത് പോലെ താങ്കളുടെ സമുദായത്തിനും വിശാലതയുണ്ടാകാൻ താങ്കൾ അല്ലാഹുവോട് പ്രാർഥിക്കണം.' അപ്പോൾ നബിﷺ പറഞ്ഞു: 'ഖത്വാബിന്റെ മകനേ, അവർക്ക് അല്ലാഹു നന്മകൾ ഐഹിക ജീവിതത്തിൽതന്നെ നൽകിയതാണ്.' അപ്പോൾ ഉമർ﵁ പറഞ്ഞു: 'എങ്കിൽ താങ്കൾ അല്ലാഹുവിനോട് എനിക്ക് പാപമോചനത്തിനു വേണ്ടി പ്രാർഥിക്കുക' (ബുഖാരി).


നബിﷺയുടെ ശയനോപകരണങ്ങളെക്കുറിച്ച് ഇബ്നുൽ ക്വയ്യിം പറയുന്നത് ഇപ്രകാരമാണ്: 'പ്രവാചകൻﷺ തന്റെ പത്നിമാരുടെ ഭവനങ്ങളുടെ അവസ്ഥകൾക്ക് അനുസരിച്ച് ചിലപ്പോൾ വിരിപ്പിലും മറ്റു ചിലപ്പോൾ പായയിലും ചിലപ്പോൾ തുകൽ ഷീറ്റിലും ചിലപ്പോൾ കട്ടിലിലും വേറെ ചിലപ്പോൾ നിലത്ത് മണലിലും മറ്റു ചിലപ്പോൾ കമ്പിളിയിലും ഉറങ്ങാറുണ്ട്.'

ഒരിക്കൽ പ്രവാചക സന്നിധിയിൽ ഒരാൾ വന്നിട്ട് പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, ഞാൻ താങ്കളുടെ അതിഥിയാണ്.' അപ്പോൾ നബിﷺ തന്റെ ഒമ്പത് ഭാര്യമാരുടെയും അടുക്കലേക്ക് ആളെ അയച്ചു. അവരെല്ലാവരും ഞങ്ങളുടെ അടുക്കൽ ഒരു വലിയ മനുഷ്യന് ആഹാരമായി നൽകത്തക്കവണ്ണം ഒന്നുമില്ലെന്ന് മറുപടി പറഞ്ഞു. അപ്പോൾ നബിﷺ അദ്ദേഹത്തെയും കൊണ്ട് പള്ളിയിലേക്ക് ചെന്ന് അനുചരന്മാരോട് 'അല്ലാഹുവിന്റെ ദൂതന്റെ അതിഥിക്ക് ആതിഥ്യമരുളാൻ ആരുണ്ടെ'ന്ന് ആരാഞ്ഞു. അല്ലാഹുവിന്റെ ദൂതന്റെ വീട്ടിൽ ഒരു അതിഥിക്ക് വിശപ്പടക്കാനുള്ള വകപോലും ഉണ്ടായിരുന്നില്ല! ചിന്തിക്കുന്നവർക്ക് ഇതിലും ദൃഷ്ടാന്തമുണ്ട്. ഇത്രയും ഞെരുങ്ങിയ ജീവിതം നയിക്കുന്നവർക്ക് എന്ത് ദൈവിക അനുഗ്രഹം, അല്ലെങ്കിൽ എന്ത് സൗഭാഗ്യം എന്ന് ചിന്തിക്കുന്നവർക്കുള്ള മറുപടിയും പ്രവാചകൻ തന്റെ വചനങ്ങളിലൂടെ നൽകുന്നുണ്ട്. നബിﷺ പറഞ്ഞു: 'ആർക്കെങ്കിലും തന്റെ ജനതയിൽ നിർഭയത്വും ശരീരത്തിൽ സൗഖ്യവും അന്നന്നത്തെ അന്നവും ലഭിച്ചാൽ അവന്ന് ദുൻയാവ് മുഴുവൻസന്നാഹത്തോടെയും ലഭിച്ചിരിക്കുന്നു' (തിർമുദി).

വീടിന്റെ രൂപത്തിലും ഭാവത്തിലും മാത്രമല്ല, അതിനകത്തുള്ള തന്റെ ജീവിതത്തിലും, ഭാര്യമാരോടും വേലക്കാരോടുമുള്ള പെരുമാറ്റത്തിലം പ്രവാചകൻﷺ ഉത്തമ മാതൃകയായിരുന്നു. സൃഷ്ടികളിൽ ഏറ്റവും ഉന്നതനും മഹാനുമായ മുഹമ്മദ് നബിﷺ തന്റെ വീട്ടിൽ എപ്രകാരമായിരുന്നുവെന്നതിന് പത്നി ആഇശ﵁ പറയുന്ന മറുപടി ഇപ്രകാരമാണ്: 'അദ്ദേഹം മറ്റു മനുഷ്യരെ പോലെ വസ്ത്രം തുന്നുകയും ആടിനെ കറക്കുകയും തനിക്ക് വേണ്ട സേവനങ്ങൾ നിർവഹിക്കുകയും ചെയ്യും.' മറ്റൊരിക്കൽ ആഇശ﵁ പറഞ്ഞു: 'അദ്ദേഹം വീട്ടിലെ ജോലികളിലായിരിക്കും; ബാങ്കുവിളി കേട്ടാൽ പുറപ്പെടും' (മുസ്‌ലിം).

ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com

ലേഖനം



# പ്രവാചക ചര്യകളും മുസ്‌ലിംകളും

ഈമാൻ കാര്യങ്ങളിൽ നാലാമത്തെതാണ് അല്ലാഹുവിന്റെ ദൂതന്മാരിലുള്ള വിശ്വാസം അഥവാ പ്രവാചകന്മാരിലുള്ള വിശ്വാസം. ലോകത്ത് കഴിഞ്ഞുപോയിട്ടുള്ള മുഴുവൻ പ്രവാചകന്മാരിലും ഒരു മുസ്‌ലിം വിശ്വസിക്കുമ്പോഴേ അയാൾ യഥാർഥ വിശ്വാസിയാവുകയുള്ളൂ.

ജിബ്‌രീൽ عليه السلام നബി ﷺ യുടെ അടുക്കൽ തൂവെള്ള വസ്ത്രം ധരിച്ച്, മുടി ജഡപിടിച്ചിട്ടില്ലാതെ, യാത്രയുടെ അടയാളമൊന്നുമില്ലാതെ, മനുഷ്യരൂപത്തിൽ വന്നതും നബി ﷺ യുടെ മുന്നിൽ മുട്ടുരുമ്മി തന്റെ കൈകൾ പ്രവാചകന്റെ തുടകളിൽ വെച്ച് ഇരുന്നതും

പ്രവാചകനോട് സ്വഹാബത്ത് കേൾക്കെ ചില ചോദ്യങ്ങൾ ചോദിക്കുന്നതുമൊക്കെ 'ഹദീഥുജിബ്‌രീൽ' എന്നറിയപ്പെടുന്ന ഹദീഥിൽ കാണാം; എന്താണ് ഈമാൻ? അതിന് നബിﷺ നൽകുന്ന മറുപടി ഇപ്രകാരമാണ്: 'നീ അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും അവന്റെ പ്രവാചകന്മാരിലും അന്ത്യദിനത്തിലും ക്വദ്‌റിലും (നന്മയും തിന്മയും അല്ലാഹുവിൽ നിന്നാണെന്നുള്ള വിധിയിൽ) വിശ്വസിക്കലാണ്.'

ലോകത്ത് അല്ലാഹു നിയോഗിച്ച പ്രവാചകന്മാരിൽ അന്തിമനാണ് മുഹമ്മദ് നബിﷺ. മുഹമ്മദ് നബിﷺക്ക് ശേഷം ഇനിയൊരു പ്രവാചകൻ ലോകത്ത് വരാനില്ല. അവിടുന്ന് അവസാനനാളുവരെയുമുള്ള മുഴുവൻ ജനതയിലേക്കും അയക്കപ്പെട്ട പ്രവാചകനാണ്. ആ പ്രവാചകനെ സ്വജീവനെക്കാളേറെ സ്‌നേഹിക്കൽ വിശ്വാസികൾക്ക് നിർബന്ധമാണ്. അങ്ങനെ ജീവിച്ചവരായിരുന്നു സ്വഹാബിമാർ.

ഇബ്‌നുഉമർ(റ) പ്രാചകചര്യകളെ അനുധാവനം ചെയ്യുന്നതിൽ കൂടുതൽ കണിശത പുലർത്തയാളായിരുന്നു. അതിന് ഒരു ഉദാഹരണം കാണുക; നാഫിഅ്(റ) ഉദ്ധരിക്കുന്നു: 'തിരുദൂതർﷺ ഹജ്ജിൽ നിന്ന് യാത്ര ചെയ്ത് ആഗതമായപ്പോൾ ബത്ഹാഇൽ വെച്ച് നമസ്‌കരിച്ചു. പിന്നീട് മദീനയിൽ പ്രവേശിച്ചപ്പോൾ മസ്ജിദിന്റെ വാതിൽക്കൽ ഒട്ടകത്തെ മുട്ടുകുത്തിച്ച് മസ്ജിദിൽ പ്രവേശിച്ച് തിരുദൂതർﷺ രണ്ട് റക്അത്ത് നമസ്‌കരിച്ചു. പിന്നീട് വീട്ടിലേക്ക് പിരിഞ്ഞുപോയി.' നാഫിഅ്(റ) പറയുന്നു: 'അബ്ദുല്ലാഹ് ഇബ്‌നുഉമറും(റ) ഹജ്ജ് യാത്രയിൽ ഇപ്രകാരം ചെയ്യുമായിരുന്നു.'

മുഹമ്മദ് നബിﷺ ഒരു കാര്യം ചെയ്തുകണ്ടാൽ അതിന്റെ കാരണമന്വേഷിക്കാതെ തന്നെ സ്വഹാബികൾ അദ്ദേഹത്തെ പിന്തുടരുമായിരുന്നു. ഒരിക്കൽ റസൂൽﷺ ഒരു സ്വർണമോതിരം ധരിച്ചു. അതുകണ്ട സ്വഹാബികളും സ്വർണമോതിരമണിഞ്ഞു. പിന്നീട് നബിﷺ അതൊഴിവാക്കിക്കൊണ്ട് പറഞ്ഞു: "ഇനി ഞാനൊരിക്കലും ഇതുപയോഗിക്കുകയില്ല. അപ്പോൾ ജനങ്ങളും അതൊഴിവാക്കി."(ബുഖാരി)

ഇതുപോലെ എത്രയോ ഉദാഹരണങ്ങൾ നമുക്ക് സ്വഹാബത്തിന്റെ ജീവിത ചരിത്രത്തിൽ കാണാൻ സധിക്കും.

അബുസഈദിൽഖുദ്‌രി(റ) പറയുന്നു:"ഞങ്ങളൊരിക്കൽ നബിﷺയുടെ കൂടെ നമസ്‌കരിക്കാൻ നിൽക്കുകയാണ്. നബി തന്റെ ചെരിപ്പഴിച്ചു ഇടതുഭാഗത്ത് വെച്ചു. ഇതുകണ്ട സ്വഹാബത്തും അതേപോലെ ചെയ്തു. നമസ്‌കാരം കഴിഞ്ഞ് നബിﷺ ചോദിച്ചു: 'നിങ്ങളെല്ലാം എന്തിനാണ് ചെരിപ്പ് അഴിച്ചുവെച്ചത്?' അവർ പറഞ്ഞു: 'അങ്ങ് ചെയ്തതുകൊണ്ട്.' നബിﷺ പറഞ്ഞു: 'എന്റെ ചെരുപ്പിന്മേൽ അശുദ്ധിയുണ്ടെന്ന് ജിബ്‌രീൽ(അ) അറിയിച്ചതുകൊണ്ടാണ് ഞാനങ്ങനെ ചെയ്തത്." (അഹ്മദ്)

> **നബിചര്യയുടെ പ്രാധാന്യം മനസ്സിലാക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യൽ വിശ്വാസികളുടെ ബാധ്യതയാണ്. ക്വുർആനിലും ഹദീഥുകളിലും അതുമായി ബന്ധപ്പെട്ട അനേകം തെളിവുകൾ നമുക്ക് കണ്ടെത്താവുന്നതാണ്. സുന്നത്ത് ഉൾക്കൊണ്ട ജീവിക്കുവാൻ പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും അതിൽനിന്ന് തെന്നിമാറി അവക്കെതിരിൽ ജീവിക്കുന്നതിനെ വിലക്കുകയും ചെയ്യുന്ന തെളിവുകളും നമുക്ക് പ്രമാണങ്ങളിൽ കാണാൻ കഴിയും.**

ഇബ്‌നുസഅദ്(റ) തന്റെ ത്വബകാത്തിൽ ഉദ്ധരിച്ച ഒരു സംഭവം കാണുക: "നബിﷺ ജനങ്ങൾക്ക് ഇമാമായി ദുഹ്ർ നമസ്‌കരിക്കുകയാണ്. രണ്ടു റക്അത്ത് കഴിഞ്ഞപ്പോൾ മസ്ജിദുൽ ഹറാമിലേക്ക് തിരിഞ്ഞു നമസ്‌കരിക്കാനുള്ള കൽപന വന്നു. അതുവരെ ബൈത്തുൽ മുക്വദ്ദസിലേക്ക് തിരിഞ്ഞുകൊണ്ടായിരുന്നു നമസ്‌കരിച്ചിരുന്നത്. നമസ്‌കാരത്തിനിടയിൽ തന്നെ നബിﷺ മസ്ജിദുൽ ഹറാമിലേക്ക് തിരിഞ്ഞു. ഇതുകണ്ട് കൂടെയുണ്ടായിരുന്നവരും തിരിഞ്ഞു."

നബിﷺയെ അനുസരിക്കുന്ന കാര്യത്തിൽ സ്വഹാബത്തിന്റെ പ്രതിബദ്ധത തെളിയിക്കുന്ന ഒരു ഉദാഹരണവും കൂടി കാണുക.

അബ്ദുല്ലാഹിബ്‌നു മസ്ഊദ്(റ) ഒരിക്കൽ ജുമുഅ നമസ്‌കാരത്തിന് പള്ളിയിലെത്തിയപ്പോൾ നബിﷺ പ്രസംഗിക്കുകയായിരുന്നു. അദ്ദേഹം വാതിൽക്കലെത്തിയതേയുള്ളൂ. അപ്പോൾ കേൾക്കുന്നത് 'നിങ്ങൾ ഇരിക്കുവിൻ' എന്ന നബിﷺയുടെ കൽപനയാണ്. ഇതു കേട്ടമാത്രയിൽ അബ്ദുല്ലാഹ് ഇബ്‌നു മസ്ഊദ്(റ) വാതിൽക്കൽ ഇ

രുന്നു. ഇത് കണ്ട് നബിﷺ വിളിച്ചുപറഞ്ഞു: 'അബ്ദുല്ലാ, മുന്നോട്ട് വന്നിരിക്കൂ." (അബൂദാവൂദ്)

ഇതായിരുന്നു സ്വഹാബത്തിന്റെ രീതി. അവർ പ്രവാചകനെ അങ്ങേയറ്റം സ്‌നേഹിച്ചു. ആ പ്രവാചകനെ അവർ ഹൃദയത്തിലേറ്റി.

ഒരിക്കൽ ഒരു ഗ്രാമീണനായ അറബി പ്രവാചകനോട് ചോദിച്ചു: "പ്രവാചകരേ, എപ്പോഴാണ് അന്ത്യദിനം സംഭവിക്കുക?" തിരുനബിﷺ അദ്ദേഹത്തോട് തിരിച്ച് ചോദിച്ചു: "അതിനായി എന്താണ് താങ്കൾ ഒരുക്കിവെച്ചിട്ടുള്ളത്?'' അദ്ദേഹം പറഞ്ഞു: "അല്ലാഹുവിനോടും പ്രവാചകനോടുമുള്ള സ്‌നേഹമാണ് ഞാൻ ഒരുക്കിവെച്ചത്." ഇതുകേട്ട പ്രവാചകൻﷺ അദ്ദേഹത്തോട് പറഞ്ഞു: "താങ്കൾ ഇഷ്ടപ്പെട്ടവരുടെ കൂടെയായിരിക്കും (പരലോകത്ത്)."

പ്രവാചകന്റെ ഈ വാക്കിൽ തങ്ങൾ അങ്ങേയറ്റം സന്തോഷിച്ചിരുന്നതായി ഈ സംഭവം ഉദ്ധരിച്ചുകൊണ്ട് മഹാനായ അനസ്ؓ പറയുന്നത് കാണാം. പ്രവാചകന്റെ അത്രയൊന്നും കർമങ്ങൾ കൊണ്ട് ഉയരാൻ സാധിച്ചില്ലങ്കിലും സ്‌നേഹംകൊണ്ട് പരലോകത്ത് പ്രവാചകന്റെ സഹവാസം കിട്ടുമല്ലോ എന്ന സന്തോഷമാണ് അവർക്കുണ്ടായിരുന്നത്.

തങ്ങളുടെ ജീവനെക്കാളേറെ സ്‌നേഹിക്കുന്ന പ്രവാചകന് ഒരു പോറലേൽക്കുന്നതുപോലും അവർ ഇഷ്ടപ്പെട്ടില്ല. ശത്രുക്കൾ വധശിക്ഷക്ക് വിധേയനാക്കാൻ പോകുന്ന ഒരു സ്വഹാബിയോട് വധശിക്ഷ നടപ്പാക്കുന്നതിനു മുമ്പായി 'നിന്നെ മോചിപ്പിക്കുകയും പകരം മുഹമ്മദിനെ വധിക്കുകയും ചെയ്യുന്നത് നീ ഇഷ്ടപ്പെടുമോ' എന്ന് ചോദിച്ചപ്പോൾ 'അല്ലാഹുവിന്റെ റസൂലിന്റെ കാലിൽ ഒരു മുള്ള് തറക്കുന്നത് പോലും എനിക്ക് സഹിക്കാനാവില്ല' എന്ന് മറുപടിയാണ് നൽകിയത് എന്ന കാര്യം സ്വഹാബിമാരുടെ പ്രവാചക സ്‌നേഹം എത്രമാത്രമുണ്ടായിരുന്നെന്ന് വ്യക്തമാക്കുന്നു.

ഉഹ്ദ് യുദ്ധദിവസം അബൂത്വൽഹؓ നബിﷺയോട് പറഞ്ഞു: "ശത്രുക്കളുടെ ഒരു അമ്പുപോലും താങ്കൾക്ക് ഏൽക്കുകയില്ല. എന്റെ നെഞ്ചുണ്ട് താങ്കളുടെ നെഞ്ചിന്റെ താഴെ." (ബുഖാരി)

അംറുബ്നുൽആസ്ؓ ഇസ്‌ലാം സ്വീകരിച്ചതിന് ശേഷം പറയുകയുണ്ടായി: "ഇസ്‌ലാമിലേക്ക് വരുന്നതിന് മുമ്പ് അദ്ദേഹത്തെക്കാൾ എനിക്ക് വെറുപ്പുണ്ടായിരുന്ന ഒരു വ്യക്തിയുമുണ്ടായിരുന്നില്ല. ഞാൻ മുസ്‌ലിമായപ്പോൾ തിരുമേനിയെക്കാൾ ഇഷ്ടമുള്ള മറ്റൊരു വ്യക്തിയുമുണ്ടായിരുന്നില്ല!"

പരലോകവിജയത്തിന് സഹായകമാകുന്ന ചെറുതും വലുതുമായ മുഴുവൻ കാര്യങ്ങളും അവിടുന്ന് തന്റെ ജീവിതത്തിലൂടെ കാണിച്ചുതന്നു. അവിടുന്ന് എല്ലാ അർഥത്തിലും മാതൃകാപൂർണനാണ്. അല്ലാഹു പറയുന്നു: "തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തുവരുന്നവർക്ക്." (33:21)

"നിങ്ങൾക്ക് റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽനിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽനിന്ന് നിങ്ങൾ ഒഴിഞ്ഞുനിൽക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്." (59:7)

ഇബ്നു കഥീർ(റഹി) പറയുന്നു: "നിങ്ങളോട് കൽപിച്ചതെന്തോ അത് നിങ്ങൾ ചെയ്യുക. എന്തിനെ തൊട്ടാണോ നിങ്ങളെ തടഞ്ഞത് അത് നിങ്ങൾ വെടിയുക. നിശ്ചയം അദ്ദേഹം നന്മയെക്കൊണ്ടാണ് കൽപിക്കുന്നത്. തിന്മയെതൊട്ടാണ് തടയുന്നത്." (ഇബ്നുകഥീർ വാള്യം 4, പേജ് 400).

അബൂഹുറയ്റؓയിൽനിന്ന് നിവേദനം; നബിﷺ പറഞ്ഞു: "വല്ലവരും സന്മാർഗത്തിലേക്ക് ഒരാളെ ക്ഷണിച്ചാൽ അത് പിൻപറ്റിയവരുടെ അതേ പ്രതിഫലം അവനും ലഭിക്കുന്നതാണ്. അത് അവരുടെ പ്രതിഫലം ഒട്ടും ചുരുക്കിക്കളയുന്നില്ല. വല്ലവനും ദുർമാർഗത്തിലേക്ക് ക്ഷണിച്ചാൽ അത് തുടർന്നവരുടെ കുറ്റവും അവനുണ്ടായിരിക്കും. അത് അവരുടെ കുറ്റത്തെ ഒട്ടും ചുരുക്കിക്കളയുന്നതുമല്ല." (മുസ്‌ലിം)

'ഒരു സുന്നത്ത് (നബിചര്യ) സ്ഥിരപ്പെട്ടാൽ ജനങ്ങളിൽ ചിലർ ഉപേക്ഷിച്ചു എന്നതുകൊണ്ടോ, ഭൂരിഭാഗംപേരും ഉപേക്ഷിച്ചു എന്നതുകൊണ്ടോ, എല്ലാവരും ഉപേക്ഷിച്ചു എന്നതുകൊണ്ടോ സുന്നത്ത് ഉപേക്ഷിക്കപ്പെടാവതല്ല' (ശർഹുമുസ്‌ലിം).

നബിചര്യയുടെ പ്രാധാന്യം മനസ്സിലാക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യൽ വിശ്വാസികളുടെ ബാധ്യതയാണ്. ക്വുർആനിലും ഹ

ദീഥുകളിലും അതുമായി ബന്ധപ്പെട്ട അനേകം തെളിവുകൾ നമുക്ക് കണ്ടെത്താവുന്നതാണ്. സുന്നത്ത് ഉൾക്കൊണ്ട ജീവിക്കുവാൻ പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും അതിൽനിന്ന് തെന്നിമാറി അവക്കെതിരിൽ ജീവിക്കുന്നതിനെ വിലക്കുകയും ചെയ്യുന്ന തെളിവുകളും നമുക്ക് പ്രമാണങ്ങളിൽ കാണാൻ കഴിയും.

നബിﷺയിൽനിന്നും ജാബിർ‍ഃ ഉദ്ധരിക്കുന്നത് കാണുക: "ചര്യകളിൽ ഏറ്റവും ഉത്തമമായത് നബിﷺയുടെ ചര്യയാണ്." (ഇബ്നുമാജ)

ഇർബാളുബ്നു സാരിയ‍ഃയിൽനിന്നുള്ള മറ്റൊരു ഹദീഥ് ശ്രദ്ധിക്കുക: "നിങ്ങൾ എന്റെ സുന്നത്തും (ചര്യയും) എനിക്ക് ശേഷം വരുന്ന സച്ചരിതരായ ഖലീഫമാരുടെ ചര്യയും പിൻപറ്റുക. അത് നിങ്ങളുടെ അണപ്പല്ലുകൾകൊണ്ട് കടിച്ചുപിടിക്കുക. നൂതനാചാരങ്ങളെ നിങ്ങൾ കരുതിയിരിക്കുക. നിശ്ചയം നൂത നാചാരങ്ങളെല്ലാം ദുർമാർഗമാണ്." (അബൂദാവൂദ്, തിർമിദി)

നബിﷺയെ പിൻപറ്റി ജീവിക്കൽ അടിമക്ക് അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെയും അല്ലാഹുവിന്റെ സ്നേഹം അടിമക്ക് ലഭിക്കുന്നതിന്റെയും അടയാളവുമായാണ് വിശുദ്ധ ക്വുർആൻ പഠിപ്പിക്കുന്നത്. അല്ലാഹു പറയുന്നു:

"(നബിയേ), പറയുക; നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുവെങ്കിൽ നിങ്ങൾ എന്നെ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ." (3:31)

നബിﷺ പറയുന്നു: "വല്ലവനും ഇസ്‌ലാമിൽ ഒരു നല്ല വിഷയത്തിന് മാതൃക കാണിച്ചാൽ അവന് അതിന്റെ പ്രതിഫലവും അതിനെ തുടർന്ന് പ്രസ്തുത കർമം അനുഷ്ഠിക്കുന്നവന്റെയും പ്രതിഫലം ഉണ്ടായിരിക്കും. അതാകട്ടെ അവരുടെ പ്രതിഫലത്തിൽ ഒട്ടും കുറവു വരുത്തുന്നതുമല്ല." (മുസ്‌ലിം)

പ്രമുഖ പണ്ഡിതനായിരുന്ന മുഹമ്മദുബ്നു സ്വാലിഹ് ഉഥൈമീൻ(റഹി) പറയുന്നു: "അവഗണിക്കപ്പെട്ടിരുന്ന ഒരു സുന്നത്തിനെ ഒരാൾ ജീവിപ്പിക്കുക (പ്രവർത്തിച്ച് മാതൃക കാണിക്കുക) എന്നതാണ് ഇവിടെ 'സന്ന' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതല്ലാതെ അവൻ തന്റെ വകയായി ഒരു നൂതനാചാരം നിർമിച്ചുണ്ടാക്കലല്ല. നിശ്ചയം, സുന്നത്ത് പൂർണമായും നഷ്ടപ്പെട്ട ശേഷമാണ് അത് പ്രവർത്തിക്കുന്നതെങ്കിൽ കർമത്തിന്റെ ശ്രേഷ്ഠതയും സുന്നത്ത് ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിന്റെ മഹത്ത്വവും ശക്തമായിത്തീരുന്നു."

> **"നമസ്കാരം കഴിഞ്ഞാൽ ഒരുപാട് തിരക്കുകളും മറ്റുമൊക്കെയുള്ള ആളുകൾ സലാം വീട്ടിയ ഉടനെ എഴുന്നേറ്റ് തങ്ങളുടെ ആവശ്യങ്ങളിൽ മുഴുകുന്നതു കാണാം. പലപ്പോഴും ദിക്ർ ചൊല്ലാൻ കൂട്ടാക്കാറുമില്ല. ദിക്റുകളെല്ലാം ചൊല്ലിത്തീരാനെടുക്കുന്ന സമയദൈർഘ്യം ഓർത്താണ് പലരും എഴുന്നേറ്റ് പോകുന്നത്. അത്തരക്കാർക്ക് പോലും എളുപ്പത്തിൽ ദിക്റെടുത്ത് തീർക്കാനുള്ള രൂപമാണ് മുകളിൽ വിശദീകരിച്ചത്. ചെറിയ സമയംകൊണ്ട് ചൊല്ലിത്തീരാവുന്നതും വലിയ പ്രതിഫലം ലഭിക്കുന്നതുമായ ഇത്തരം ദിക്റുകളെ ജീവിതത്തിന്റെ ഭാഗമാക്കുന്നതിൽ ഇനിയും അലസതയുണ്ടായിക്കൂടാ."**

നബിﷺയിൽനിന്ന് സ്ഥിരപ്പെട്ട് വന്നിട്ടുള്ളതും എന്നാൽ ഇന്ന് സമൂഹം വിസ്മരിച്ചുകൊണ്ടിരിക്കുന്നതുമായ ഏതാനും സുന്നത്തുകളെയാണ് ഈ ലേഖനത്തിൽ പരാമർശിക്കുവാൻ പോകുന്നത്. (ഇൻശാ അല്ലാഹ്)

### 1. നമസ്കാര ശേഷമുള്ള ദിക്റുകൾ

നിർബന്ധ നമസ്കാരം കഴിഞ്ഞാൽ സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ്, അല്ലാഹു അക്ബർ എന്നിങ്ങനെ ദിക്റുകൾ ചൊല്ലാൻ നബിﷺ പഠിപ്പിച്ചിട്ടുണ്ട്. ഈ ദിക്റുകൾ നാലു രൂപത്തിൽ വന്നിട്ടുണ്ട്. ഇതിൽ ഒന്നു മാത്രമാണ് ഇന്ന് സമൂഹത്തിൽ ഭൂരിഭാഗം ആളുകളും ചെയ്തുവരുന്നത്.

#### നബിﷺ പഠിപ്പിച്ച നാലു രൂപങ്ങൾ:

1). 'സുബ്ഹാനല്ലാഹ്' 33 പ്രാവശ്യം, 'അൽഹംദുലില്ലാഹ്' 33 പ്രാവശ്യം, 'അല്ലാഹു അക്ബർ' 33 പ്രാവശ്യം, 'ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീകലഹു ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ ക്വദീർ' എന്ന് ഒരു തവണയും ചൊല്ലി നൂറു തികക്കൽ.



നബിﷺയിൽനിന്ന്, അബൂഹുറയ്റؓ നിവേദനം: "ആരെങ്കിലും എല്ലാ നമസ്കാരശേഷവും 'സുബ്ഹാനല്ലാഹ്' എന്ന് 33 തവണയും 'അൽഹംദുലില്ലാഹ്' എന്ന് 33 തവണയും 'അല്ലാഹു അക്ബർ' എന്ന് 33 തവണയും ചൊല്ലിയാൽ 99 ആകും." പിന്നീട് നബിﷺ പറഞ്ഞു: "നൂറ് തികക്കാൻ 'ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീകലഹു ലഹുൽമുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശയ്ഇൻ ക്വദീർ' എന്നു ചൊല്ലുക. എന്നാൽ കടലിലെ നുരകളോളം പാപങ്ങളുണ്ടെങ്കിലും അതെല്ലാം പൊറുക്കപ്പെടും." (മുസ്‌ലിം)

2). സൈദ് ഇബ്നു ഥാബിത്ؓ പറഞ്ഞു: "ഓരോ നമസ്കാരശേഷവും 'സുബ്ഹാല്ലാഹ്' 33 തവണയും അൽഹംദുലില്ലാഹ് 33 തവണയും 'അല്ലാഹു അക്ബർ' എന്ന് 34 തവണയും ചൊല്ലാൻ ഞങ്ങൾ കൽപിക്കപ്പെട്ടു..." (അഹ്മദ്)

3). സൈദ് ഇബ്നു ഥാബിത്ؓ പറഞ്ഞു: "...അൻസ്വാരികളിൽപെട്ട ഒരാൾ അദ്ദേഹത്തോട് ഇപ്രകാരം പറയപ്പെടുന്നതായി ഒരു സ്വപ്നം കണ്ടു: 'നിങ്ങളോട് നബിﷺ 33 പ്രാവശ്യം വീതം തസ്ബീഹും തഹ്മീദും തക്ബീറും ചൊല്ലാൻ കൽപിച്ചിരിക്കുന്നുവോ?' അദ്ദേഹം പറഞ്ഞു: 'അതെ.' 'എന്നാൽ നിങ്ങൾ ഇരുപത്തിയഞ്ച് പ്രാവശ്യം തസ്ബീഹും ഇരുപത്തിയഞ്ച് പ്രാവശ്യം തഹ്മീദും ഇരുപത്തിയഞ്ച് പ്രാവശ്യം തക്ബീറും ഇരുപത്തിയഞ്ച് പ്രാവശ്യം തഹ്ലീലും ചൊല്ലുക. അപ്പോൾ നൂറ് ആയി.' നേരം പുലർന്നപ്പോൾ അദ്ദേഹം ഇക്കാര്യം നബിﷺയോട് പറഞ്ഞു. അപ്പോൾ പ്രവാചകൻﷺ പറഞ്ഞു: 'നിങ്ങൾ അൻസ്വാരി പറഞ്ഞ പ്രകാരം ചെയ്തുകൊള്ളുക." (നസാഈ)

ഈ ഹദീഥ് പ്രകാരം 'സുബ്ഹാനല്ലാഹ്' 25 തവണയും 'അൾഹംദുലില്ലാഹ്' 25 തവണയും 'അല്ലാഹു അക്ബർ' 25 തവണയും 'ലാ ഇലാഹ ഇല്ലല്ലാഹ്' 25 തവണയും ചൊല്ലാവുന്നതാണ്.

4). അബ്ദുല്ലാഹിബ്നു അംറ്ؓ നിവേദനം; നബിﷺ പറഞ്ഞു: "രണ്ട് കാര്യങ്ങളുണ്ട്, അല്ലെങ്കിൽ രണ്ട് പ്രത്യേകതകൾ. ആ രണ്ട് കാര്യങ്ങളും ശ്രദ്ധിച്ചു പോരുന്ന മുസ്‌ലിമിന് സ്വർഗമുണ്ട്. അത് വളരെ എളുപ്പമാണ്. പക്ഷേ, അത് നിർവഹിക്കുന്നവർ കുറവുമാണ്. ഓരോ നമസ്കാരശേഷവും 'സുബ്ഹാനല്ലാഹ്' എന്ന് പത്തുതവണ പറയുക. 'അൽഹംദുലില്ലാഹ്' എന്നു പത്ത് തവണ പറയുക. 'അല്ലാഹു അക്ബർ' എന്നു പത്തു തവണ പറയുക. അപ്പോൾ നാവുകൊണ്ട് (ഒരുദിവസം) 150 ആകും. പിന്നെ അവൻ കിടക്കുമ്പോൾ 'സുബ്ഹാനല്ലാഹ്' 33ഉം, 'അൽഹംദുലില്ലാഹ്' 33ഉം, 'അല്ലാഹു അക്ബർ' 34ഉം തവണ പറയുമ്പോൾ എണ്ണത്തിൽ 100ഉം പ്രതിഫലത്തിൽ 1000വും എന്ന് വലതുകൈകൊണ്ട് എണ്ണിക്കാണിച്ചു. സ്വഹാബത്ത് ചോദിച്ചു: 'പ്രവാചകരേ, ചെയ്യാൻ എളുപ്പമായിട്ടും അത് ചെയ്യുന്നവർ കുറവായിരിക്കുമെന്ന് താങ്കൾ പറയാൻ കാരണമെന്താണ്?' നബിﷺ പറഞ്ഞു: 'നിങ്ങൾ ഉറങ്ങുന്ന സമയത്ത് പിശാച് നിങ്ങളുടെ അടുത്ത് വരും. നിങ്ങളോടവൻ വേഗത്തിൽ ഉറങ്ങിക്കോ എന്ന് പറയും. അങ്ങനെ നിങ്ങളത് ചൊല്ലാതെ ഉറങ്ങും. നിങ്ങൾ നമസ്കരിച്ചു കഴിഞ്ഞാൽ പിശാച് നിങ്ങളുടെ അടുത്തുവരും. ആവശ്യങ്ങളെക്കുറിച്ച് ഓർമപ്പെടുത്തും. അങ്ങനെ അത് ചൊല്ലാതെ നിങ്ങൾ എഴുന്നേറ്റുപോകും." (അബൂദാവൂദ്)

നമസ്കാരം കഴിഞ്ഞാൽ ഒരുപാട് തിരക്കുകളും മറ്റുമൊക്കെയുള്ള ആളുകൾ സലാം വീട്ടിയ ഉടനെ എഴുന്നേറ്റ് തങ്ങളുടെ ആവശ്യങ്ങളിൽ മുഴുകുന്നതു കാണാം. പലപ്പോഴും ദിക്ർ ചൊല്ലാൻ കൂട്ടാക്കാറുമില്ല. ദിക്റുകളെല്ലാം ചൊല്ലിത്തീരാനെടുക്കുന്ന സമയദൈർഘ്യം ഓർത്താണ് പലരും എഴുന്നേറ്റ് പോകുന്നത്. അത്തരക്കാർക്ക് പോലും എളുപ്പത്തിൽ ദിക്റെടുത്ത് തീർക്കാനുള്ള രൂപമാണ് മുകളിൽ വിശദീകരിച്ചത്. ചെറിയ സമയംകൊണ്ട് ചൊല്ലിത്തീരാവുന്നതും വലിയ പ്രതിഫലം ലഭിക്കുന്നതുമായ ഇത്തരം ദിക്റുകളെ ജീവിതത്തിന്റെ ഭാഗമാക്കുന്നതിൽ ഇനിയും അലസതയുണ്ടായിക്കൂടാ.

മുകളിൽ പറഞ്ഞ രൂപത്തിലുള്ളവ മാറി മാറി ഓരോ നിർബന്ധ നമസ്കാരശേഷവും ചൊല്ലിയാൽ അല്ലാഹുവിന്റെ റസൂലിന്റെ സുന്നത്തുകളെ മുറുകെപിടിക്കുന്നവരായി നമുക്ക് മാറുവാൻ സാധിക്കും. എല്ലാം വ്യത്യസ്ത രൂപത്തിലുള്ള പ്രതിഫലം ലഭിക്കുന്നവയുമാണ് എന്നത് കൂടുതൽ പ്രാധാന്യമർഹിക്കുന്നു. **(അവസാനിച്ചില്ല)**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

ഖുർആൻ ദർശനം

അധ്യായം: 53, ഭാഗം 3

# അന്നജ്മ് (നക്ഷത്രം)

(മക്കയിൽ അവതരിച്ചത്)

وَلِلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلْأَرْضِ
لِيَجْزِيَ ٱلَّذِينَ أَسَٰٓـُٔوا۟ بِمَا عَمِلُوا۟
وَيَجْزِيَ ٱلَّذِينَ أَحْسَنُوا۟ بِٱلْحُسْنَى ﴿٣١﴾
ٱلَّذِينَ يَجْتَنِبُونَ كَبَٰٓئِرَ ٱلْإِثْمِ وَٱلْفَوَٰحِشَ إِلَّا ٱللَّمَمَ
إِنَّ رَبَّكَ وَٰسِعُ ٱلْمَغْفِرَةِ هُوَ أَعْلَمُ بِكُمْ إِذْ أَنشَأَكُم
مِّنَ ٱلْأَرْضِ وَإِذْ أَنتُمْ أَجِنَّةٌ فِي بُطُونِ أُمَّهَٰتِكُمْ
فَلَا تُزَكُّوٓا۟ أَنفُسَكُمْ هُوَ أَعْلَمُ بِمَنِ ٱتَّقَىٰٓ ﴿٣٢﴾
أَفَرَءَيْتَ ٱلَّذِي تَوَلَّىٰ ﴿٣٣﴾
وَأَعْطَىٰ قَلِيلًا وَأَكْدَىٰٓ ﴿٣٤﴾
أَعِندَهُۥ عِلْمُ ٱلْغَيْبِ فَهُوَ يَرَىٰٓ ﴿٣٥﴾
أَمْ لَمْ يُنَبَّأْ بِمَا فِي صُحُفِ مُوسَىٰ ﴿٣٦﴾
وَإِبْرَٰهِيمَ ٱلَّذِي وَفَّىٰٓ ﴿٣٧﴾
أَلَّا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ ﴿٣٨﴾

31. അല്ലാഹുവിന്നുള്ളതാകുന്നു ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും. തിൻമ പ്രവർത്തിച്ചവർക്ക് അവർ ചെയ്യുന്നതിനനുസരിച്ച് പ്രതിഫലം നൽകുവാൻ വേണ്ടിയത്രെ അത്. നൻമ പ്രവർത്തിച്ചവർക്ക് ഏറ്റവും നല്ല പ്രതിഫലം നൽകുവാൻ വേണ്ടിയും.

32. അതായത് വലിയ പാപങ്ങളിൽ നിന്നും, നിസ്സാരമായ തൊഴിച്ചുള്ള നീചവൃത്തികളിൽ നിന്നും വിട്ടകന്നു നിൽക്കുന്നവർക്ക്. തീർച്ചയായും നിന്റെ രക്ഷിതാവ് വിശാലമായി പാപമോചനം നൽകുന്നവനാകുന്നു. നിങ്ങളെ ഭൂമിയിൽ നിന്ന് സൃഷ്ടിച്ചുണ്ടാക്കിയ സന്ദർഭത്തിലും, നിങ്ങൾ നിങ്ങളുടെ ഉമ്മമാരുടെ വയറുകളിൽ ഗർഭസ്ഥശിശുക്കളായിരിക്കുന്ന സന്ദർഭത്തിലും അവനാകുന്നു നിങ്ങളെ പറ്റി കൂടുതൽ അറിവുള്ളവൻ. അതിനാൽ നിങ്ങൾ ആത്മപ്രശംസ നടത്താതിരിക്കുക. അവനാകുന്നു സൂക്ഷ്മത പാലിച്ചവരെപ്പറ്റി നന്നായി അറിയുന്നവൻ.

33. എന്നാൽ പിൻമാറിക്കളഞ്ഞ ഒരുത്തനെ നീ കണ്ടുവോ?

34. അൽപമൊക്കെ അവൻ ദാനം നൽകുകയും എന്നിട്ട് അത് നിർത്തിക്കളയുകയും ചെയ്തു.

35. അവന്റെ അടുക്കൽ അദൃശ്യജ്ഞാനമുണ്ടായിട്ട് അതു മുഖേന അവൻ കണ്ടറിഞ്ഞ് കൊണ്ടിരിക്കുകയാണോ?

36. അതല്ല, മൂസായുടെ പത്രികകളിൽ ഉള്ളതിനെ പറ്റി അവന് വിവരം അറിയിക്കപ്പെട്ടിട്ടില്ലേ?

37. (കടമകൾ) നിറവേറ്റിയ ഇബ്രാഹീമിന്റെയും (പത്രികകളിൽ)

38. അതായത് പാപഭാരം വഹിക്കുന്ന ഒരാളും മറ്റൊരാളുടെ പാപഭാരം വഹിക്കുകയില്ലെന്നും,

وَأَن لَّيْسَ لِلْإِنسَـٰنِ إِلَّا مَا سَعَىٰ ﴿٣٩﴾

وَأَنَّ سَعْيَهُۥ سَوْفَ يُرَىٰ ﴿٤٠﴾

ثُمَّ يُجْزَىٰهُ ٱلْجَزَآءَ ٱلْأَوْفَىٰ ﴿٤١﴾

39. മനുഷ്യന്ന് താൻ പ്രയത്നിച്ചതല്ലാതെ മറ്റൊന്നുമില്ല എന്നും.

40. അവന്റെ പ്രയത്നഫലം വഴിയെ കാണിച്ചുകൊടുക്കപ്പെടും എന്നുമുള്ള കാര്യം.

41. പിന്നീട് അവന് അതിന് ഏറ്റവും പൂർണമായ പ്രതിഫലം നൽകപ്പെടുന്നതാണെന്നും,

31. അല്ലാഹു പറയുന്നു; അവൻ ആധിപത്യത്തിന്റെ ഉടമസ്ഥനാണെന്ന്. ഇഹപര ലോകങ്ങളുടെ ഏക അധിപതി. അവ രണ്ടിലുമുള്ളതിന്റെയെല്ലാം ഉടമസ്ഥത അവനാണ്. ആ മഹാ ആധിപത്യത്തിൽ തന്റെ അടിമകളെയും ഭരണീയരെയും അവൻ നിയന്ത്രിക്കുന്നു. അവന്റെ വിധി അവരിൽ നടപ്പിലാക്കുന്നു. അവന്റ മതനിയമങ്ങൾ അവർക്ക് ബാധകമാക്കുകയും ചെയ്യുന്നു. അവരോടവൻ കൽപിക്കുന്നു, വിരോധിക്കുന്നു. അങ്ങനെ അനുസരിക്കുന്നവന് പ്രതിഫലവും അനുസരിക്കാത്തവന് ശിക്ഷയും നൽകുന്നു. (തിന്മ പ്രവർത്തിച്ചവർക്ക് അവൻ ചെയ്തതനുസരിച്ച് പ്രതിഫലം നൽകുവാൻ വേണ്ടിയത്രെ അത്). സത്യനിഷേധവും അതിന്റെ താഴെയുള്ള കുറ്റങ്ങളും ചെയ്തവർ. തെറ്റായ പ്രവർത്തനങ്ങൾ ചെയ്തു എന്നതിനാൽ മോശമായ ശിക്ഷയും നൽകുന്നു.(നന്മ പ്രവർത്തിച്ചവർക്ക് പ്രതിഫലം). അല്ലാഹുവിനെ ആരാധിച്ചതിനും അവന്റെ പടപ്പുകൾക്ക് വ്യത്യസ്തമായ ഉപകാരങ്ങൾ ചെയ്തതിനും. (ഏറ്റവും നല്ല പ്രതിഫലം) ഇഹപര ജീവിതത്തിൽ നന്മകൾ നിറഞ്ഞ സാഹചര്യം. അതിലുപരി അല്ലാഹുവിന്റെ തൃപ്തി. സ്വർഗവും അതിലെ സുഖാനുഗ്രഹങ്ങളും നേടിക്കൊണ്ടുള്ള വിജയവും.

32. തുടർന്ന് അവരെക്കുറിച്ച് വിശദീകരിക്കുന്നു. (അതായത് വലിയ പാപങ്ങളിൽനിന്നും. നീചവൃത്തികളിൽനിന്നും). അല്ലാഹു കൽപിച്ച നിർബന്ധ കാര്യങ്ങൾ അവർ ചെയ്യുന്നു; ഉപേക്ഷിക്കുന്നതിലൂടെ വൻപാപങ്ങളായിത്തീരുന്നവ. നിഷിദ്ധങ്ങളിൽ വലിയ പാപങ്ങളായ മദ്യപാനം, പലിശ തിന്നൽ, കൊലപാതകം തുടങ്ങിയവ അവർ ഉപേക്ഷിക്കുന്നു. (നിസ്സാരമായതൊഴിച്ചുള്ള) ചെയ്യുന്നയാൾ ശഠിച്ചു നിൽക്കാത്ത ചെറുദോഷങ്ങൾ, അല്ലെങ്കിൽ വളരെ കുറവോ അത്യപൂർവമായോ ചില തവണകളിൽ ആവർത്തിക്കുന്ന തെറ്റുകൾ. ഇവ സംഭവിക്കുന്നതുകൊണ്ടുമാത്രം ഒരടിമ സുകൃതം ചെയ്യുന്നവരിലല്ലാതായിത്തീരുന്നില്ല. കാരണം, ഇതോടൊപ്പം നിർബന്ധ കാര്യങ്ങളെ കൊണ്ടുവരികയും നിഷിദ്ധങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുന്നതിനാൽ എല്ലാറ്റിലും വിശാലമായ അല്ലാഹുവിന്റെ പാപമോചനത്തിൽ അതുൾപ്പെട്ടേക്കാം. അതാണ് തുടർന്ന് പറഞ്ഞത്: (തീർച്ചയായും നിന്റെ രക്ഷിതാവ് വിശാലമായി പാപമോചനം നൽകുന്നവനാകുന്നു). അവന്റെ പാപമോചനം ഇല്ലായിരുന്നുവെങ്കിൽ അടിമകളും നാടുകളും നശിച്ചുപോകുമായിരുന്നു. അവന്റെ ക്ഷമയും വിട്ടുവീഴ്ചയും ഇല്ലായിരുന്നുവെങ്കിൽ ആകാശം ഭൂമിക്കുമേൽ പതിക്കുമായിരുന്നു. അതിൽ ഒരു ജീവിയും അവശേഷിക്കുമായിരുന്നില്ല. അതാണ് നബിﷺ പറഞ്ഞത്

الصَّلَوَاتِ الْخَمْسِ وَالْجُمُعَةِ إِلَى الْجُمُعَةِ،
وَرَمَضَانِ إِلَى رَمَضَانَ مُكَفِّرَاتٌ لِمَا بَيْنَهُنَّ مَا

'അഞ്ച് നേരത്തെ നമസ്കാരങ്ങൾ ഒരു ജുമുഅമുതൽ അടുത്ത ജുമുഅവരെ, ഒരു റമദാൻ മുതൽ അടുത്ത റമദാൻ വരെയുള്ള പാപങ്ങൾ വൻദോഷങ്ങളുപേക്ഷിച്ചാൽ പൊറുക്കപ്പെടുന്നവയാണ്.' അല്ലാഹു പറയുന്നു: (നിങ്ങളെ ഭൂമിയിൽ നിന്ന് സൃഷ്ടിച്ചുണ്ടാക്കിയ സന്ദർഭത്തിലും നിങ്ങൾ നിങ്ങളുടെ ഉമ്മമാരുടെ വയറുകളിൽ ഗർഭസ്ഥ ശിശുക്കളായിരുന്ന സന്ദർഭത്തിലും അവനാകുന്നു നിങ്ങളെപ്പറ്റി ഏറ്റവും കൂടുതൽ അറിവുള്ളവൻ). നിങ്ങളുടെ സാഹചര്യങ്ങൾ ഏറ്റവും നന്നായി അറിയുന്നവൻ അല്ലാഹുവാകുന്നു. അല്ലാഹു കൽപിച്ച അധിക കാര്യങ്ങളിലും നിങ്ങളുടെ പ്രകൃതിയനുസരിച്ചുള്ള ദുർബലതയും കഴിവുകേടും അവന് നന്നായറിയാം. അതുപോലെത്തന്നെ തിന്മയിലേക്കുള്ള ധാരാളം പ്രചോദനങ്ങളെക്കുറിച്ചും ആകർഷണീയതയെക്കുറിച്ചും. പ്രതിരോധിക്കാനുള്ള കഴിവില്ലായ്മയും ദുർബലതയും ഭൂമിയിലേക്ക് നിങ്ങളെ കൊണ്ടുവന്നപ്പോൾ തന്നെയുള്ളതാണ്. നിങ്ങൾ ഗർഭപാത്രത്തിൽ ആയിരുന്നപ്പോഴും ഇപ്പോഴും അതുണ്ട്താനും. നിങ്ങളോട് കൽപിച്ചത് ചെയ്യാനുള്ള കഴിവ് അല്ലാഹു നിങ്ങൾക്ക് തന്നിട്ടുണ്ടെങ്കിലും ദുർബലത നിങ്ങളിൽ നിലനിൽക്കുന്നുണ്ട്. ഈ അവസ്ഥകളെല്ലാം അല്ലാഹുവിന് നന്നായറിയാം. എന്നാൽ ദൈവികമായ യുക്തിയും ഔദാര്യവും താൽപര്യപ്പെടുന്നത് നിങ്ങളെ അവന്റെ കാരുണ്യം കൊണ്ട് മൂടാനും നിങ്ങൾക്ക് പാപമോചനവും വിട്ടുവീഴ്ചയും നൽകാനുമാണ്. അവന്റെ നന്മകൾ കൊണ്ട് നിങ്ങളെ വലയം ചെയ്യാനും പാപങ്ങളും കുറ്റങ്ങളും നിങ്ങളിൽ നിന്നകറ്റാനുമാണ്. പ്രത്യേകിച്ചും, ഒരടിമ സദാസമയവും തന്റെ രക്ഷിതാവിന്റെ പ്രീതി ഉദ്ദേശിക്കുന്നവനാണെങ്കിൽ. അതോടൊപ്പം അധികസമയവും അവനോടടുക്കാവുന്ന പരിശ്രമങ്ങളിൽ നിരതനുമാണെങ്കിൽ. തന്റെ യജമാനന്റെ

കോപമുണ്ടാകുന്ന പാപങ്ങളിൽനിന്ന് അവൻ ഓടിയകലുകയും ചെയ്യണം. എന്നിട്ടും അവനിൽനിന്ന് ചെറിയ ചെറിയ പിഴവുകൾ സംഭവിച്ചാൽ തീർച്ചയായും അല്ലാഹു ഔദാര്യം ചെയ്യുന്നവരിൽ ഏറ്റവും ഔദാര്യവാനാണ്. ഒരു മാതാവിന് തന്റെ കുഞ്ഞിനോടുള്ളതിനെക്കാളും സ്നേഹമവന് തന്റെ അടിമയോടുണ്ട്. ഇത്തരം കാര്യങ്ങളിൽ തന്റെ റബ്ബിന്റെ പാപമോചനം വളരെ അടുത്തായിരിക്കും. ഏത് സന്ദർഭത്തിലും അവന് അല്ലാഹു ഉത്തരം നൽകും. അതാണ് അല്ലാഹു പറഞ്ഞത്: (അതിനാൽ നിങ്ങൾ ആത്മപ്രശംസ നടത്താതിരിക്കുക). സ്വയം പ്രശംസിക്കുന്ന രൂപത്തിൽ മനസ്സിന്റെ പരിശുദ്ധിയെക്കുറിച്ച് ജനങ്ങളെ അറിയിക്കലാണത്. (അവനാകുന്നു സൂക്ഷ്മത പാലിക്കുന്നവരെപ്പറ്റി നന്നായി അറിയുന്നവൻ). ധർമനിഷ്ഠയുടെ സ്ഥാനം ഹൃദയമാണ്. അത് കാണുന്നവൻ അല്ലാഹുവാണ്. അതിലെ സൂക്ഷ്മതയ്ക്കും പുണ്യത്തിനും പ്രതിഫലം നൽകുന്നവനും അവനാണ്. എന്നാൽ ജനങ്ങൾ അല്ലാഹുവിൽനിന്ന് യാതൊരു പ്രയോജനവും നിങ്ങൾക്ക് ചെയ്യില്ല

33-35. അല്ലാഹു പറയുന്നു: 'അല്ലാഹുവിനെ മാത്രം ആരാധിക്കുവാനും അവനെ ഏകനാക്കാനും കൽപിക്കപ്പെട്ടപ്പോൾ അതിനെ അവഗണിച്ച് തിരിഞ്ഞുകളഞ്ഞവന്റെ ദുഷിച്ച അവസ്ഥ നീ കണ്ടില്ലേ?' കുറച്ചൊക്കെ അവന്റെ മനസ്സ് ചെയ്താലും അവനതിൽ ഉറച്ചുനിൽക്കുകയില്ല. മറിച്ച് അവൻ പിശുക്ക് കാണിക്കുകയും തടയുകയും നിർത്തിക്കളുകയും ചെയ്യും. നന്മ ചെയ്യൽ അവന്റെ പ്രകൃതിയിൽ പെട്ടതല്ല. മറിച്ച് അവന്റെ പ്രകൃതി അനുസരിക്കാതിരിക്കലും നല്ല പ്രവർത്തനങ്ങളിൽ ഉറച്ചുനിൽക്കാതിരിക്കലുമാണ്. ഇതോടൊപ്പം അവൻ തന്നെ സ്വയം പരിശുദ്ധനാക്കുകയും അല്ലാഹു നൽകാത്ത സ്ഥാനത്ത് അവനെ അവൻ നിർത്തുകയും ചെയ്യുന്നു. (അവന്റെ അടുക്കൽ അദൃശ്യജ്ഞാനമുണ്ടായിട്ട് അത് മുഖേന അവൻ കണ്ടറിഞ്ഞുകൊണ്ടിരിക്കുകയാണോ?) അദൃശ്യകാര്യം പറയുകയാണോ അവൻ? അതോ അല്ലാഹുവിന്റെ മേൽ അവൻ കെട്ടിച്ചമച്ച് പറയുകയാണോ? തിന്മ ചെയ്യലും ആത്മപരിശുദ്ധി നടിക്കലും സൂക്ഷിക്കേണ്ട ഈ രണ്ട് കാര്യവും ചെയ്യാൻ അല്ലാഹുവിന്റെ മേൽ അവൻ ധൈര്യം കാണിച്ചതാണോ? ഇവിടെ കണ്ടതുപോലെ അവന് അദൃശ്യകാര്യങ്ങൾ അറിയുകയില്ലെന്നത് വ്യക്തമാണ്. അവനതിന് കഴിയാമെങ്കിൽ അവനതുണ്ടെന്ന് വാദിക്കുകതന്നെ ചെയ്യും. അദൃശ്യങ്ങൾ ഖണ്ഡിതമായി അറിയിക്കാൻ പാപസുരക്ഷിതനായ പ്രവാചകനിലൂടെ മാത്രമെ കഴിയൂ എന്നും അവന്റെ വാക്കുകൾക്കെതിരായി മനസ്സിലാകും; അവന്റെ വാക്കുകൾ നിരർഥകമാണെന്ന് മനസ്സിലാക്കുന്നതോടൊപ്പം.

36-37. (അവന് വിവരം നൽകപ്പെട്ടിട്ടില്ലേ?) ഈ വാദിക്കുന്നവന്. (മൂസായുടെയും കടമകൾ നിറവേറ്റിയ ഇബ്റാഹീമിന്റെയും പത്രികകളിൽ ഉള്ളതിനെപ്പറ്റി). അതായത് അല്ലാഹുവിന്റെ പരീക്ഷണങ്ങളെല്ലാം പൂർത്തിയാക്കി. മതനിയമങ്ങളിൽനിന്നും അടിസ്ഥാനപരമായും ശാഖാപരമായും കൽപിച്ചതെല്ലാം നിർവഹിക്കുകയും ചെയ്തു.

38-41. ആ ഏടുകളിൽ ധാരാളം മതവിധികളുണ്ട്. അതിൽ സുപ്രധാനമായ ചിലത് തുടർന്ന് പറയുന്നു. (അതായത് പാപഭാരം വഹിക്കുന്ന ഒരാളും മറ്റൊരാളുടെ പാപഭാരം വഹിക്കുകയില്ലെന്നും മനുഷ്യന് താൻ പ്രയത്നിച്ചതല്ലാതെ മറ്റൊന്നുമില്ലെന്നും). ഓരോരുത്തരും ചെയ്യുന്ന നന്മ തിന്മകളുടെ ഫലം അവനുതന്നെയാണ്. മറ്റു ജീവന്റെ പ്രവർത്തനവും പരിശ്രമവും അവനൊരു ഉപകാരവും ചെയ്യില്ല. ഒരാളുടെയും പാപം മറ്റൊരാൾ ഏറ്റെടുക്കില്ല. (അവന്റെ പ്രയത്നഫലം വഴിയെ കാണിച്ചുകൊടുക്കപ്പെടും എന്നുള്ള കാര്യം). പരലോകത്ത്, അവിടെ അവന്റെ നന്മ-തിന്മകൾ വേർതിരിക്കപ്പെടും. (പിന്നീട് അതിൽ അവന് ഏറ്റവും പൂർണമായ പ്രതിഫലം നൽകപ്പെടുന്നതാണെന്നും). അതായത് എല്ലാ പ്രവർത്തനങ്ങൾക്കും സമ്പൂർണ പ്രതിഫലം. നിഷ്കളങ്കമായ നന്മകൾക്ക് ഏറ്റവും നല്ല നന്മ; തിന്മകൾക്ക് ഏറ്റവും വലിയ തിന്മയും. കലർപ്പുള്ളതിന് അതിന്റെ കണക്കനുസരിച്ചും. എല്ലാം സൃഷ്ടികളോടുമുള്ള അവന്റെ നീതിയും നന്മയുമനുസരിച്ച്. അതിലവൻ അല്ലാഹുവെ സ്തുതിക്കും. നരകക്കാർ നരകത്തിൽ പ്രവേശിക്കുക തന്നെ ചെയ്യും. അവരുടെ ഹൃദയങ്ങളും തങ്ങളുടെ രക്ഷിതാവിനുള്ള സ്തുതികളാൽ നിറഞ്ഞിരിക്കും. അല്ലാഹുവിന്റെ യുക്തിയുടെ പൂർണത അവരംഗീകരിക്കുകയും അവരോടവർ കോപിക്കുകയും ചെയ്യും. ഏറ്റവും ദുഷിച്ച കേന്ദ്രത്തിൽ അവരെ എത്തിച്ചത് അവർതന്നെയാണ്. അവന്റെ വചനത്തെ അവൻ തെളിവാക്കുന്നു. (മനുഷ്യന് താൻ പ്രവർത്തിച്ചതല്ലാതെ മറ്റൊന്നുമില്ല). മരിച്ചവർക്കോ ജീവിച്ചിരിക്കുന്നവർക്കോ യാതൊന്നും നൽകൽ അനുവദനീയമല്ലെന്ന് അഭിപ്രായപ്പെട്ടവരുണ്ട്. കാരണം അല്ലാഹു പറഞ്ഞത് (മനുഷ്യന് താൻ പ്രയത്നിച്ചതല്ലാതെ മറ്റൊന്നുമില്ല) എന്നല്ലേ. അല്ലാഹു പറഞ്ഞതെന്താണ്? മറ്റൊരാളുടെ പരിശ്രമഫലം എത്തുന്നതിനെ ഇവിടെ നിരാകരിക്കുന്നു. ഈ തെളിവാക്കലിൽ തകരാറുണ്ട്. ഈ വചനത്തിൽ പറയുന്നത് ഓരോ മനുഷ്യനും തന്റെ അധ്വാനം മാത്രമേയുള്ളൂ എന്നാണ്. ഇത് സത്യമാണ്. ഇതിൽ ഭിന്നതയില്ല. ഒരാൾ തന്റെ പ്രയത്നം മറ്റൊരാൾക്ക് നൽകിയാൽ അത് അയാൾക്ക് പ്രയോജനപ്പെടില്ല എന്നതിന് ഇത് തെളിവല്ലേ? ഒരാൾക്ക് തന്റെ കൈവശമുള്ളതും അധികാരത്തിലുള്ളതും മാത്രമേയുള്ളൂ എന്ന് പറഞ്ഞാൽ മറ്റൊരാൾ തന്റെ ഉടമസ്ഥതയിലുള്ള ദാനം അയാൾക്ക് നൽകിയാൽ അതയാളുടെ ഉടമസ്ഥതയിലാവില്ലെന്ന് അർഥമില്ല.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com





# ബിഅ്‌റു മഊന സംഭവം

**മുഹമ്മദ് നബിﷺ 44**

ഏതാനും ശത്രുക്കൾ വിശ്വാസികളായി ചമഞ്ഞ് തിരുസന്നിധിയിൽ ഹാജറായി. അവർ നബിﷺയോട് പറഞ്ഞു: “നബിയേ, ഞങ്ങളുടെ നാട്ടിലേക്ക് നല്ല കുറച്ച് പണ്ഡിതന്മാരെ അയച്ചുതരണം. അവരുടെ പ്രബോധനം നിമിത്തം ധാരാളം പേർ ഇസ്‌ലാമിലേക്ക് വരാൻ സാധ്യത ഞങ്ങൾ കാണുന്നുണ്ട്.” തന്റെ അനുചരന്മാരെ കൊണ്ടുപോയി വഴിയിൽവെച്ച് കൂട്ടക്കശാപ്പ് ചെയ്യാനാണ് ഇവരുടെ ഉദ്ദേശ്യമെന്നും ഇവർ പറയുന്നത് കള്ളമാണെന്നും മനസ്സിലാക്കാൻ നബിﷺക്ക് കഴിഞ്ഞില്ല. കാരണം മറഞ്ഞ കാര്യം അറിയാനുള്ള കഴിവ് അല്ലാഹു ഒരാൾക്കും നിരുപാധികമായി വിട്ടുകൊടുത്തിട്ടില്ല. അത് അല്ലാഹുവിന്റെ മാത്രം കഴിവിൽപെട്ടതാണ്.

ഹിജ്റ നാലാം വർഷം സ്വഫർ മാസത്തിലാണ് ഈ ദാരുണമായ സംഭവം നടക്കുന്നത്. അബുൽ ബർറാഅ് എന്ന മനുഷ്യൻ മദീനയിലേക്ക് വരുന്നു. മുഹമ്മദ് നബിﷺ ആരെ കണ്ടാലും ആദ്യം ഇസ്ലാമിനെക്കുറിച്ച് പറഞ്ഞുകൊടുക്കാറാണ് പതിവ്. അബുൽ ബർറാഇനെ കണ്ടപ്പോഴും നബിﷺ അപ്രകാരം ചെയ്തു. അവസാനം നബിﷺയോട് എതിർപ്പൊന്നും പ്രകടിപ്പിക്കാതെ, നബിﷺയിൽനിന്നും പ്രീതി സമ്പാദിക്കുന്നതിനായി ഇസ്ലാമിലേക്ക് വരാൻ താൽപര്യം കാണിക്കുന്നത് പോലെ പെരുമാറി. സാക്ഷ്യവാക്യം പ്രഖ്യാപിക്കാതെ നബിﷺയെ ചുറ്റിപ്പറ്റി അയാൾ നടന്നു. ഇതിനിടയിൽ അവൻ ഒരു തന്ത്രം പ്രയോഗിച്ചു. ഞങ്ങളുടെ നാട്ടിൽ ഇസ്ലാമിക പ്രബോധനം നടത്താൻ കുറച്ച് പണ്ഡിതരെ അയച്ചാൽ വലിയ വിജയം കാണാൻ സാധ്യതയുണ്ടെന്ന് നബിﷺയോട് അയാൾ പറഞ്ഞു. ഇത്തരം അവസരങ്ങൾ നബിﷺ ഏറെ സന്തോഷത്തോടെയാണ് സ്വീകരിക്കാറ്. നജ്ദുകാർ അവരെ വല്ലതും ചെയ്തേക്കുമോ എന്ന് എനിക്ക് പേടിയുണ്ടെന്ന് നബിﷺ അവനെ അറിയിച്ചു. ഞാൻ അവരുടെ കൂടെ ഉണ്ടാകുമെന്നും അവർക്ക് ഞാൻ സംരക്ഷണം നൽകുമെന്നും നബിﷺക്ക് മറുപടി നൽകി. ഇസ്ലാമിനെ ജനങ്ങളിലേക്ക് എത്തിച്ചു കൊടുക്കുന്ന കാര്യമല്ലേ എന്ന് വിചാരിച്ച് മുഹമ്മദ് നബിﷺ പാണ്ഡിത്യത്തിൽ മികച്ച എഴുപതോളം സ്വഹാബിമാരെ അബുൽ ബർറാഇന്റെ കൂടെ അയച്ചു. പകൽസമയത്ത് വിറക് വെട്ടിയുണ്ടാക്കി, അത് വിൽപന നടത്തി അതുമുഖേന ആഹ്വാനം വാങ്ങി, മദീനയിലെ പള്ളിയിലെ പാവങ്ങളായ അഹ്ലുസ്സുഫ്ഫക്കാരായ സ്വഹാബിമാർക്ക് അത് വിതരണം ചെയ്തിരുന്ന, രാത്രി സമയങ്ങളിൽ നമസ്കരിച്ചിരുന്ന, ക്വുർആൻ പഠിച്ചിരുന്ന, പഠിപ്പിച്ചിരുന്ന, ഏറ്റവും നല്ല ക്വാരിളകൾ (ക്വുർആൻ പാരായണക്കാർ) ആയിരുന്ന മഹാന്മാരായിരുന്നു അൻസ്വാറുകളായ ഈ എഴുപത് സ്വഹാബിമാരും.

നബിﷺ ഏറെ സന്തോഷത്തോടെ പറഞ്ഞയച്ച ഈ മഹാന്മാരെ ശത്രുക്കൾ വഴിയിൽവെച്ച് വളഞ്ഞു. ഈ സ്വഹാബിമാരുടെ കൂട്ടത്തിൽ ഹറാം ഇബ്നു മിൽഹാം رضي الله عنه എന്ന ഒരു സ്വഹാബിയുണ്ടായിരുന്നു. ആമിർ ഇബ്നു ത്വുഫൈൽ എന്ന് പേരുള്ള അവിശ്വാസികളിൽ പ്രമുഖനെ ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ടുള്ള ഒരു കത്ത് നബിﷺ ഹറാം ഇബ്നു മിൽഹാമി رضي الله عنه ന്റെ കൈവശം കൊടുത്തു വിട്ടിട്ടുണ്ടായിരുന്നു. മഹാനായ ഹറാം ഇബ്നു മിൽഹാം رضي الله عنه ഈ കത്തുമായി ആമിറിനെ സമീപിച്ചു. എന്നാൽ ആ അഹങ്കാരി ആ എഴുത്ത് വായിക്കാൻ പോലും കൂട്ടാക്കിയില്ല. മാത്രമല്ല, ആമിറിനെ സമീപിച്ച ഹറാം ഇബ്നു മിൽഹാമി رضي الله عنه നോട് വളരെ മോശമായിട്ടായിരുന്നു അയാൾ പെരുമാറിയത്. അവസാനം ആമിർ തന്റെ സദസ്സിലുള്ള ഒരാളോട് ഈ സ്വഹാബിയെ കൊന്നുകളയാനായി ആംഗ്യം കാണിച്ചു. ആമിറിന്റെ കൽപന പ്രകാരം അയാൾ ആ സ്വഹാബിയെ പിന്നിൽനിന്നും കുന്തംകൊണ്ട് കുത്തി. കുന്തം അദ്ദേഹത്തിന്റെ നെഞ്ചിലൂടെ പുറത്തേക്ക് വന്നു. ഹറാം ഇബ്നു മിൽഹാമി رضي الله عنه ന്റെ ശരീരത്തിൽ നിന്നും രക്തം ചീറ്റി. ശരീരത്തിൽനിന്നും ഒലിക്കുന്ന ചോര തന്റെ കൈയിൽ ആക്കി അദ്ദേഹം മുഖം തടവി. എന്നിട്ട് അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ് വലിയവൻ, കഅ്ബയുടെ രക്ഷിതാവ് തന്നെയാണ സത്യം, ഞാൻ വിജയിച്ചിരിക്കുന്നു.' (ബുഖാരി). ഈ സംഭവം മുസ്ലിമിലും കാണാവുന്നതാണ്.

> **ബിഅ്റു മഊന സംഭവത്തിന് ശേഷം നബിﷺ നടത്തിയ ക്വുനൂത്തിന് 'നാസിലത്തിന്റെ ക്വുനൂത്' എന്നാണ് പേര് പറയുക. ഒരു പ്രത്യേകമായ വിപത്ത് ഇറങ്ങുമ്പോൾ അതിൽനിന്നുള്ള മോചനത്തിന് വേണ്ടിയോ, അല്ലെങ്കിൽ ഇതുപോലുള്ള പ്രത്യേക സാഹചര്യത്തിൽ അതിന് കക്ഷികളാകുന്നവരുടെ ഉപദ്രവത്തിൽനിന്ന് രക്ഷതേടുന്നതിനോ, അത്തരക്കാർക്കെതിരിൽ വിശ്വാസികൾ നടത്തുന്ന പ്രാർഥനക്കാണ് നാസിലത്തിന്റെ ക്വുനൂത് എന്ന് പറയുന്നത്. അത് നിർവഹിക്കാൻ രാജ്യത്തിന്റെ ഭരണാധികാരി കൽപിക്കുമ്പോഴാണ് അത് നിർവഹിക്കേണ്ടത്. അങ്ങനെ കൽപന വന്നാൽ നബിﷺ നിർവഹിച്ചത് പോലെ അഞ്ചുനേരത്തെ നമസ്കാരങ്ങളിലും അത് നിർവഹിക്കുകയാണ് വേണ്ടത്. എന്നാൽ നബിﷺ മരണംവരെ എല്ലാ ഫജ്ർ നമസ്കാരത്തിലും ക്വനൂത് നിർവഹിച്ചിരുന്നു എന്ന് അഭിപ്രായപ്പെടുന്ന പണ്ഡിതന്മാർ ഉണ്ടെങ്കിലും സ്വഹീഹായ പരമ്പരയോടെ അത് തെളിയിക്കപ്പെട്ടതല്ല എന്ന് നാം മനസ്സിലാക്കുക. ഫജ്റിൽ മാത്രമായി നബിﷺ എല്ലാ കാലത്തും ക്വുനൂത് നടത്തിയതായി സ്വീകാര്യമായ പരമ്പരയോടെ വന്നിട്ടില്ല.**

അനസ്ﷺ നിവേദനം; അദ്ദേഹം പറഞ്ഞു: "കുറച്ചുപേർ നബിﷺയുടെ അടുത്ത് വന്നു. എന്നിട്ട് അവർ പറഞ്ഞു: 'ഞങ്ങളെ ക്വുർആനും സുന്നത്തും പഠിപ്പിക്കുന്നതിനായി ഞങ്ങളുടെ കൂടെ കുറച്ചുപേരെ അയച്ചുതന്നാലും.' അപ്പോൾ അൻസ്വാറുകളിൽ പെട്ട എഴുപത് പേരെ അവരിലേക്ക് നബിﷺ നിയോഗിച്ചു. അവർക്ക് 'ക്വുർറാഅ്' എന്ന് വിളിക്കപ്പെടാറുണ്ടായിരുന്നു. അവരിൽ എന്റെ അമ്മാവൻ ഹറാം ഉണ്ട്. അവർ ക്വുർആൻ പാരായണം ചെയ്യുന്നവരും രാത്രിയിൽ അത് പഠിക്കുകയും പഠിപ്പിക്കുകയും പകലിൽ വെള്ളം കൊണ്ടുവരികയും എന്നിട്ട് പള്ളിയിൽ വെക്കുകയും ചെയ്യുന്നവരായിരുന്നു. അവർ വിറക് വെട്ടുകയും അത് വിൽക്കുകയും ചെയ്യും. അതുകൊണ്ട് അഹ്‌ലുസ്സുഫ്ഫക്കും മറ്റു ദരിദ്രർക്കും ഭക്ഷണം വാങ്ങുകയും ചെയ്യുമായിരുന്നു. അങ്ങനെ നബിﷺ അവരെ (ആ സ്വഹാബിമാരെ) അവരിലേക്ക് നിയോഗിച്ചു. അങ്ങനെ അവർ (അവരെ) അവർക്ക് (ശത്രുക്കൾക്ക്) കാണിച്ചുകൊടുത്തു. അവരെ (അവരുടെ) സ്ഥലത്തേക്ക് എത്തിക്കുന്നതിന് മുമ്പായി അവർ വധിച്ചു. അപ്പോൾ അവർ പറഞ്ഞു: 'അല്ലാഹുവേ, ഞങ്ങളുടെ നബിക്ക് ഞങ്ങളെപ്പറ്റി നീ (വിവരം) എത്തിക്കേണമേ. തീർച്ചയായും ഞങ്ങൾ നിന്നെ കണ്ടുമുട്ടിയിരിക്കുന്നു എന്നും ഞങ്ങൾ നിന്നെ തൃപ്തിപ്പെട്ടിരിക്കുന്നു എന്നും നീ ഞങ്ങളെ തൃപ്തിപ്പെട്ടിരിക്കുന്നു (എന്നും നീ വിവരമറിയിക്കേണമേ).' നിവേദകൻ പറയുന്നു: "ഒരാൾ അനസിന്റെ അമ്മാവൻ ഹറാമിനെ പിന്നിലൂടെ സമീപിച്ചു. എന്നിട്ട് അദ്ദേഹത്തെ അവൻ കുന്തം കൊണ്ട് കുത്തി. അത് അദ്ദേഹത്തിൽ തുളച്ചുകയറുംവരെ (കുത്തിയിറക്കി). അപ്പോൾ ഹറാം പറഞ്ഞു: 'കഅ്ബയുടെ രക്ഷിതാവ് തന്നെയാണ സത്യം, ഞാൻ വിജയിച്ചിരിക്കുന്നു.' അങ്ങനെ അല്ലാഹുവിന്റെ റസൂൽﷺ അനുയായികളോട് പറഞ്ഞു: 'തീർച്ചയായും നിങ്ങളുടെ സഹോദരങ്ങൾ കൊല്ലപ്പെട്ടിരിക്കുന്നു. തീർച്ചയായും അവർ പറഞ്ഞിട്ടുണ്ട്; അല്ലാഹുവേ, ഞങ്ങളുടെ നബിക്ക് ഞങ്ങളെപ്പറ്റി നീ (വിവരം) എത്തിക്കേണമേ. തീർച്ചയായും ഞങ്ങൾ നിന്നെ കണ്ടുമുട്ടിയിരിക്കുന്നു, ഞങ്ങൾ നിന്നെ തൃപ്തിപ്പെട്ടിരിക്കുന്നു, നീ ഞങ്ങളെ തൃപ്തിപ്പെട്ടിരിക്കുന്നു" (മുസ്‌ലിം).

നബിﷺക്ക് അല്ലാഹുവിന്റെ വഹ്‌യ് ലഭിച്ചതിനാൽ അവിടുന്ന് ഈ ദാരുണമായ സംഭവം അറിഞ്ഞു.കൊടിയ ചതിയും വഞ്ചനയും നബിﷺക്കും അനുചരന്മാർക്കും എതിരിൽ വിവിധ രൂപത്തിൽ പലരാലും നടന്നപ്പോഴും അവരാരും ഇസ്‌ലാമിക പ്രബോധന വീഥിയിൽനിന്നും മാറിനിന്നിട്ടില്ല എന്നത് നാം പ്രത്യേകം മനസ്സിലാക്കേണ്ട കാര്യമാണ്. എഴുപത് പേരടങ്ങുന്നവരിൽ ഹറാംﷺ വധിക്കപ്പെട്ടപ്പോൾ ബാക്കിയുള്ളവർ തങ്ങളുടെ അവസ്ഥയും ഇതായിരിക്കും എന്ന് ചിന്തിച്ച് പ്രബോധന രംഗത്തുനിന്നും മാറി നിൽക്കാൻ തയ്യാറായിട്ടില്ല. ഈ മുൻഗാമികളുടെ ചരിത്രത്തിൽ ഇന്നത്തെ മുസ്‌ലിംകൾക്ക് വലിയ പാഠമില്ലേ?

ഹറാംﷺ മരണസമയത്ത് 'ഞാൻ വിജയിച്ചു' എന്ന് പറഞ്ഞപ്പോൾ കുത്തിയ ശത്രുപോലും എന്താണ് ഈ മനുഷ്യൻ പറയുന്നത് എന്ന് അത്ഭുതപ്പെട്ടിട്ടുണ്ട്. ആ സ്വഹാബിവര്യൻ 'ഞാൻ വിജയിച്ചു' എന്ന് പറയാനുള്ള കാരണം ചരിത്രകാരന്മാർ വിവരിച്ചിട്ടുണ്ട്. അല്ലാഹുവിന്റെയും റസൂലിന്റെയും കൽപന അനുസരിക്കുന്നവർക്ക് വലിയ വിജയമാണല്ലോ അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളത്. അല്ലാഹുവിന്റെ റസൂലിന്റെ കൽപന പ്രകാരം ഇറങ്ങിപ്പുറപ്പെട്ടവരാണ് ഈ മഹാന്മാർ. ആ മാർഗത്തിലാണ് ഈ സ്വഹാബികൊല്ലപ്പെട്ടത്. അത് വലിയ വിജയം തന്നെയാണല്ലോ. അതിനാലാണ് ഹറാംﷺ ഞാൻ വിജയിച്ചിരിക്കുന്നു എന്ന് ആ സമയത്ത് ഉറക്കെ പറഞ്ഞത്. സൂറതുൽ ബുറൂജിൽ വിശ്വാസികളായ ഒരുപറ്റം ജനങ്ങളെ തീയിട്ട് കത്തിച്ച് പീഡിപ്പിച്ച സംഭവം വിവരിക്കുന്നുണ്ട്. ആ പീഡിതർക്ക് അല്ലാഹു നൽകുന്നത് വമ്പിച്ച വിജയമാണ് എന്ന് ക്വുർആൻ വിവരിക്കുന്നു. ചുരുക്കത്തിൽ അല്ലാഹുവിനെയും റസൂലിനെയും അനുസരിച്ച് ജീവിക്കുന്ന വിശ്വാസി ശത്രുക്കളാൽ ര



ക്തസാക്ഷിയാകുമ്പോൾ അല്ലാഹു വലിയ വിജയമാണ് നൽകുന്നത് എന്നർഥം.

മിക്ദാദിﷺൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'രക്ത സാക്ഷിക്ക് അല്ലാഹുവിന്റെയടുക്കൽ ആറു കാര്യങ്ങളുണ്ട്. ആദ്യ വെട്ടിൽതന്നെ അദ്ദേഹത്തിന് പൊറുക്കപ്പെടും, സ്വർഗത്തിൽ അദ്ദേഹത്തിന്റെ സ്ഥാനം കാണിക്കും, ക്വബ്റിലെ ശിക്ഷയിൽനിന്നും രക്ഷ നൽകപ്പെടും- ഏറ്റവും വലിയ ഭയപ്പാടിന്റെ സമയത്ത് നിർഭയത്വം ഉണ്ടാകും, (അന്ത്യനാളിൽ) അദ്ദേഹത്തിന്റെ തലയിൽ ഗാംഭീര്യത്തിന്റെ കിരീടം വെക്കപ്പെടും-അതിലെ മുത്തുകൾ ഇഹലോകത്തെയും അതിലുള്ളതിനെക്കാളും ഉത്തമമായിക്കും, എഴുപത്തി രണ്ടോളം ഹൂറുൽ ഈനുകളായ ഇണകളെ അദ്ദേഹത്തിന് വിവാഹം ചെയ്തുകൊടുക്കപ്പെടും, അദ്ദേഹത്തിന്റെ കുടുംബത്തിൽ പെട്ട എഴുപത് പേരിൽ ശുപാർശ സ്വീകരിക്കപ്പെടുകയും ചെയ്യും" (തിർമുദി).

ഹറാം ഇബ്നു മിൽഹാമിﷺനെ വധിച്ചതിന് ശേഷം കൂടെയുള്ള അറുപത്തി ഒമ്പത് പേരെയും കൊലപ്പെടുത്താൻ ധിക്കാരിയായ ആമിർ കൽപന പുറപ്പെടുവിച്ചു. അങ്ങനെ ഈ സ്വഹാബിമാരെ മുഴുവനും അവന്റെ നേതൃത്വത്തിൽ അറുകൊല നടത്തി. എന്നാൽ അല്ലാഹു അവനെ വെറുതെ വിട്ടില്ല. അവന്റെ അവസാനം ഏറ്റവും മോശമായ അവസ്ഥയിലായിരുന്നു എന്നാണ് ചരിത്രം നമുക്ക് പറഞ്ഞുതരുന്നത്.

ആമിർ ആ നാട്ടിലെ സമ്പന്നനും അവരുടെ നേതാവുമായിരുന്നു. അവൻ എന്ത് കൽപിച്ചാലും അത് നടപ്പിലാക്കാൻ മാത്രം എന്തിനുംപോന്ന അനുയായികളും അവനുണ്ടായിരുന്നു. സ്വഹാബിമാരെ ചതിയിൽ കൊലപ്പെടുത്തിയ വിവരം അറിഞ്ഞ നബിﷺ ആമിറിനും കൊടുംക്രൂരതക്ക് കൂട്ടുനിന്നവർക്കുമെതിരിൽ അല്ലാഹുവിനോട് മനംനൊന്ത് പ്രാർഥിച്ചു. കാരണം നബിﷺക്ക് അങ്ങേയറ്റം വേദനയുണ്ടാക്കിയ സംഭവമായിരുന്നു അത്.

അനസ്ﷺ അന്ന് നബിﷺക്ക് ഉണ്ടായ ദുഃഖത്തെ സംബന്ധിച്ച് ഇപ്രകാരം പറയുകയുണ്ടായി:

"ബിഅ്റു മഊന ദിനത്തിൽ വിപത്ത് ബാധിക്കപ്പെട്ടവരായ എഴുപത് പേരുടെ മേൽ ഉണ്ടായ ദുഃഖത്തെക്കാൾ ഒരു സംഘത്തിന്റെ മേലും ദുഃഖിച്ചതായി അല്ലാഹുവിന്റെ റസൂലിﷺനെ ഞാൻ കണ്ടിട്ടില്ല" (മുസ്‌ലിം).

താൻ ഏറെ സ്നേഹിക്കുന്ന, ക്വുർആൻ നന്നായി പാരായണം ചെയ്യാൻ കഴിവുള്ള അൻസ്വാറുകളായ അനുയായികളെ കളവിലൂടെയും ചതിയുലൂടെയും കൂട്ടിക്കൊണ്ടുപോയി കൊന്നുതള്ളിയതാണല്ലോ. അത് എങ്ങനെ നബിﷺക്ക് സഹിക്കാൻ സാധിക്കും! ഒരാളെയൊഴികെ മറ്റുള്ളവരെയെല്ലാം ആ ദുഷ്ടർ കൊലപ്പെടുത്തി. ആ ഘട്ടത്തിൽ അല്ലാഹുവിന്റെ നിർദേശ പ്രകാരം നബിﷺ അവർക്കെതിരിൽ നമസ്കാരത്തിൽ ക്വുനൂത്ത് നടത്തി.

> **ബിഅ്റു മഊനയിലെ അറുകൊലക്ക് നേതൃത്വം നൽകിയ ആമിറിന് അല്ലാഹു കടുത്ത ശിക്ഷ ഇഹലോകത്ത് വെച്ചുതന്നെ നൽകി. അവന്റെ കക്ഷത്തിന് താഴെ വലിയ രൂപത്തിലുള്ള പൊള്ളകളും കുരുക്കളും മുഴകളും പ്രത്യക്ഷപ്പെടാൻ തുടങ്ങി. പിന്നീട് അതിൽനിന്നും പുഴു അരിക്കാൻ തുടങ്ങി. വലിയ നാറ്റം വമിച്ചു. പകർച്ച വ്യാധിയാണെന്ന് ഭയപ്പെട്ടതിനാൽ ആരും അവനെ തിരിഞ്ഞുനോക്കാൻ കൂട്ടാക്കിയില്ല. വലിയ സമ്പത്തിന്റെ ഉടമയായിട്ടും, ധാരാളം പരിചാരകരുണ്ടായിട്ടും അവനെ നോക്കാനോ പരിചരിക്കുവാനോ ആരെയും കിട്ടിയില്ല. വേദന സഹിക്കാൻ കഴിയാതെ, അങ്ങേയറ്റത്തെ പ്രയാസം സഹിച്ച് അവസാനം അവൻ നശിക്കുകയാണ് ചെയ്തത് എന്നാണ് ചരിത്രം പറയുന്നത്.**

ഇബ്നു അബ്ബാസിﷺൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽﷺ ദുഹ്ർ, അസ്വ്ർ, മഗ്രിബ്, ഇശാഅ്, സ്വുബ്ഹ് മുതലായ എല്ലാ നമസ്കാരത്തിന്റെയും അവസാനത്തിൽ ഒരു മാസം തുടർച്ചയായി ക്വുനൂത്ത് നടത്തി. അവസാനത്തെ റക്അതിൽനിന്ന് 'സമിഅല്ലാഹു ലിമൻ ഹമിദഹു' എന്ന് പറഞ്ഞാൽ ബനൂ സുലയ്മിൽ പെട്ട ചില ഗോത്രക്കാർക്കെതിരിലും, രിഅ്ല്, ദക്വാൻ, ഉസ്വയ്യ തുടങ്ങിയ ഗോത്രങ്ങൾക്കെതിരിലും പ്രാർഥിക്കുമായിരുന്നു. നബിﷺയുടെ പുറകിലുള്ളവർ ആമീൻ പറയുകയും ചെയ്യുമായിരുന്നു" (അബൂദാവൂദ്).

ഒരു മാസക്കാലം നബിﷺ അഞ്ചു നേര നമസ്കാരത്തിലും അവർക്കെതിരിൽ ക്വുനൂത്ത് നടത്തി. അതായിരുന്നു ക്വുനൂത്തിന്റെ തുടക്കം. അത് ഇന്ന് നമ്മുടെ നാട്ടിൽ കണ്ടുവരുന്നത് പോലെ

സ്വുബ്ഹിക്ക് മാത്രം നടത്തുന്ന ഒന്നായിരുന്നില്ല. നബിﷺ ആ സന്ദർഭത്തിൽ നടത്തിയ ക്വുനൂത് ഒരു മാസത്തിന് ശേഷം അവസാനിപ്പിക്കുകയും ചെയ്തു.

നബിﷺ അന്ന് അവർക്കെതിരിൽ നടത്തിയ പ്രാർഥന അല്ലാഹു സ്വീകരിച്ചു. ഈ അറുകൊലക്ക് നേതൃത്വം നൽകിയ ആമിറിന് അല്ലാഹു കടുത്ത ശിക്ഷ ഇഹലോകത്ത് വെച്ചുതന്നെ നൽകി. അവന്റെ കക്ഷത്തിന് താഴെ വലിയ രൂപത്തിലുള്ള പൊള്ളകളും കുരുക്കളും മുഴകളും പ്രത്യക്ഷപ്പെടാൻ തുടങ്ങി. പിന്നീട് അതിൽനിന്നും പുഴു അരിക്കാൻ തുടങ്ങി. വലിയ നാറ്റം വമിച്ചു. പകർച്ച വ്യാധിയാണെന്ന് ഭയപ്പെട്ടതിനാൽ ആരും അവനെ തിരിഞ്ഞുനോക്കാൻ കൂട്ടാക്കിയില്ല. വലിയ സമ്പത്തിന്റെ ഉടമയായിട്ടും, ധാരാളം പരിചാരകരുണ്ടായിട്ടും അവനെ നോക്കാനോ പരിചരിക്കുവാനോ ആരെയും കിട്ടിയില്ല. വേദന സഹിക്കാൻ കഴിയാതെ, അങ്ങേയറ്റത്തെ പ്രയാസം സഹിച്ച് അവസാനം അവൻ നശിക്കുകയാണ് ചെയ്തത് എന്നാണ് ചരിത്രം പറയുന്നത്.

നബിﷺ അന്ന് നടത്തിയ ആ ക്വുനൂത്തിന് 'നാസിലത്തിന്റെ ക്വുനൂത്' എന്നാണ് പേര് പറയുക. ഒരു പ്രത്യേകമായ വിപത്ത് ഇറങ്ങുമ്പോൾ അതിൽനിന്നുള്ള മോചനത്തിന് വേണ്ടിയോ, അല്ലെങ്കിൽ ഇതുപോലുള്ള പ്രത്യേക സാഹചര്യത്തിൽ അതിന് കക്ഷികളാകുന്നവരുടെ ഉപദ്രവത്തിൽ നിന്ന് രക്ഷതേടുന്നതിനോ, അത്തരക്കാർക്കെതിരിൽ വിശ്വാസികൾ നടത്തുന്ന പ്രാർഥനക്കാണ് നാസിലത്തിന്റെ ക്വുനൂത് എന്ന് പറയുന്നത്. അത് നിർവഹിക്കാൻ രാജ്യത്തിന്റെ ഭരണാധികാരി കൽപിക്കുമ്പോഴാണ് അത് നിർവഹിക്കേണ്ടത്. അങ്ങനെ കൽപന വന്നാൽ നബിﷺ നിർവഹിച്ചത് പോലെ അഞ്ചുനേരത്തെ നമസ്കാരങ്ങളിലും അത് നിർവഹിക്കുകയാണ് വേണ്ടത്. എന്നാൽ നബിﷺ മരണംവരെ എല്ലാ ഫജ്ർ നമസ്കാരത്തിലും ക്വനൂത് നിർവഹിച്ചിരുന്നു എന്ന് അഭിപ്രായപ്പെടുന്ന പണ്ഡിതന്മാർ ഉണ്ടെങ്കിലും സ്വഹീഹായ പരമ്പരയോടെ അത് തെളിയിക്കപ്പെട്ടതല്ല എന്ന് നാം മനസ്സിലാക്കുക. അതുപോലെ വിത്റിൽ നബിﷺ ക്വുനൂത്ത് നിർവഹിച്ചതും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഫജ്റിൽ മാത്രമായി നബിﷺ എല്ലാ കാലത്തും ക്വുനൂത് നടത്തിയതായി സ്വീകാര്യമായ പരമ്പരയോടെ വന്നിട്ടില്ല എന്നതാണ് നാം പ്രത്യേകം മനസ്സിലാക്കേണ്ടത്.

(തുടരും)


SCHOOL OF Qura'n

# സ്കൂൾ ഓഫ് ഖുർആൻ

## ബ്രാഞ്ചുകൾക്ക് അപേക്ഷ ക്ഷണിച്ചു

ജാമിഅ അൽ ഹിന്ദിന്റെ ആഭിമുഖ്യത്തിൽ വ്യതിരിക്തമായ കാഴ്ചപ്പാടോടുകൂടി രൂപകൽപന ചെയ്തതും 2014 മുതൽ വിജയകരമായി പ്രവർത്തിക്കുന്നതുമായ സ്കൂൾ ഓഫ് ഖുർആനിന്റെ പ്രാദേശിക സെന്ററുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം.

ഒന്നാം ക്ലാസിൽ ആരംഭിച്ച് ബിരുദാനന്തര ബിരുദത്തോടെ കോഴ്സ് പൂർത്തീകരിക്കുന്ന തരത്തിൽ തയ്യാറാക്കിയ 17 വർഷത്തെ സമഗ്ര പഠന സംവിധാനമാണ് സ്കൂൾ ഓഫ് ഖുർആൻ.

2022 ജൂൺ ഒന്നിന് ആറര വയസ് കവിയാത്തവരും 22-23 അധ്യയന വർഷത്തിൽ സ്കൂളിൽ ഒന്നാം ക്ലാസിൽ ചേരുന്നവരുമായ വിദ്യാർഥി വിദ്യാർഥിനികൾക്കാണ് പ്രവേശനം നൽകുക.

ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും സെന്റർ വഴിയും ബാക്കിയുള്ള ദിവസങ്ങളിൽ ഓൺലൈനിലൂടെയുമാണ് പഠനം ക്രമീകരിച്ചിരിക്കുന്നത്.

അഞ്ചുവർഷം പ്രാദേശിക കേന്ദ്രങ്ങൾ വഴിയും അടുത്ത അഞ്ച് വർഷം റസിഡൻഷ്യൽ ക്യാമ്പസ് വഴിയുമാണ് ആദ്യ രണ്ട് ഘട്ടങ്ങൾ പൂർത്തിയാക്കുന്നത്.

ഖുർആൻ, ഇസ്‌ലാമിക് സ്റ്റഡീസ് എന്നിവയിൽ അവഗാഹം നേടുന്നതോടൊപ്പം സി.ബി.എസ്.ഇ സിലബസിൽ ഉന്നത വിജയം നേടാനും അഞ്ച് ഭാഷകൾ സ്വായത്തമാക്കാനും ഹാഫിളാവാനും കുട്ടികളെ പ്രാപ്തരാക്കുന്ന രീതിയിലാണ് കരിക്കുലത്തിലെ രണ്ടാം ഘട്ടം പ്ലാൻ ചെയ്തിട്ടുള്ളത്.

ഹയർ സെക്കണ്ടറി, ബിരുദം, ബിരുദാനന്തര ബിരുദം എന്നിവയോടൊപ്പം മത-സാമൂഹിക-രാഷ്ട്രീയ മേഖലകളിൽ തികഞ്ഞ കാഴ്ചപ്പാട് രൂപീകരിക്കുന്ന തരത്തിലാണ് ബാക്കിയുള്ള മൂന്ന് ഘട്ടങ്ങൾ.

നിങ്ങളുടെ ജില്ലയിലെ ഏതെങ്കിലും മണ്ഡലത്തിലോ ശാഖയിലോ സെന്റർ തുടങ്ങാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഗൂഗിൾ ഫോം വഴി അപേക്ഷ നൽകുക.

**രജിസ്ട്രേഷൻ ലിങ്ക്:** https://forms.gle/xFobkHpaiG2BoEd88

**വിശദ വിവരങ്ങൾക്ക്:** 9995588317, 9072646000

**അപേക്ഷ സ്വീകരിക്കുന്ന അവസാന തിയ്യതി:** നവംബർ 25

Office: School of Qur'an, Jamia Al-Hind
Al-Islamiyya, Jamia Campus, Mini Ootty - Oorakam
www.schoolofquran.in, mail@schoolofquran.in

ഹിലാൽ സലീം സി.പി
hcpknr@gmail.com

ലേഖനം




# പോസ്റ്റ് ട്രൂത്തും 'താലിബാനി' വാർത്തകളും

അഫ്ഗാൻ ദേശീയ ജൂനിയർ വനിതാ വോളിബോൾ ടീമംഗം മെഹ്ജബിൻ ഹക്കീമിയുടെ ഛേദിച്ച തലയുടെയും ചോര കട്ടപിടിച്ച ശിരസ്സിന്റെയും ചിത്രം ലോകത്തെയാകെ ഞെട്ടിച്ചതാണ്. കാബൂൾ മുനിസിപ്പാലിറ്റി വോളിബോൾ ക്ലബ്ബിലെ മികച്ച താരത്തിന്റെ വിയോഗം പക്ഷേ, ആഗോളതലത്തിലെ തൽപര കക്ഷികളായ മാധ്യമ സിൻഡിക്കേറ്റുകളും ഇന്ത്യയിലെ ഗോദി മീഡിയകളും സാമൂഹ്യ മാധ്യമങ്ങളിലെ ചർച്ചാ സന്ധ്യകളിലും വിചാരണ ചെയ്യപ്പെട്ടത് മറ്റൊരു നിലയ്ക്കായിരുന്നു. താലിബാൻ ക്രൂരതയുടെ ഏറ്റവും പുതുക്കിയ വേർ

ഷൻ! മെഹ്ജബിന്റെ ദാരുണമായ ചിത്രം തുടങ്ങിവച്ച ചർച്ചകൾ പഴഞ്ചൊല്ലിനെ ഓർമിപ്പിക്കുമാറ് പിന്നീട് താലിബാനിലേക്കും ഇങ്ങനെയൊരു ക്രൂരത ചെയ്യാൻ പ്രേരിപ്പിച്ച അവരുടെ മനോനിലയിലേക്കും 'ആസ് യൂഷ്വൽ' ഇസ്‌ലാമിലേക്കുമെത്തി. മുസ്‌ലിംകൾ സമാധാനകാംക്ഷികളല്ലെന്നും ഇസ്‌ലാമിലെ 'വിസ്മയങ്ങൾ' സ്ത്രീസുരക്ഷയ്ക്കെതിരാണെന്നുമുള്ള കതിനകൾ പൊട്ടിത്തുടങ്ങിയതോടെ പതിവ് മുസ്‌ലിം വിരുദ്ധ ആഘോഷങ്ങൾ കമന്റ് ബോക്സുകളിൽ ആരംഭിച്ചു. ചർച്ചകളിലെവിടെയും ശീർഷകത്തിലെ വാർത്തയോ കൂടുതൽ വിവരങ്ങളോ ആരും ആരാഞ്ഞില്ല.

അഫ്ഗാനിൽ നിന്നുമുള്ള ഈ വാർത്ത ഒരു ഉദാഹരണം മാത്രമാണ്. 2021ൽ സമാധാനത്തിനുള്ള നോബൽ പുരസ്കാരം ദിമിത്രി മുറട്ടോവുമായി പങ്കിട്ട മരിയ റിസയുടെ ചോദ്യം പ്രസക്തമാണ്: "പുതിയ ലോകത്ത് ഒരു നുണ പത്തു ലക്ഷം വട്ടം പറഞ്ഞാൽ അത് വസ്തുതയായി മാറും. മുമ്പ്, പത്തുതവണ നുണ പറഞ്ഞാൽ അതു പിടികൂടാൻ, വസ്തുതകൾ നിരത്തി ഖണ്ഡിക്കാൻ മാധ്യമ പ്രവർത്തകർക്ക് കഴിയുമായിരുന്നു. എന്നാൽ നുണപറച്ചിൽ 10 ലക്ഷം തവണയാകുമ്പോൾ എന്തുചെയ്യും?"

ഫിലിപ്പിൻ ഭരണകേന്ദ്രങ്ങളുടെ അക്രമങ്ങൾക്കെതിരെ തന്റെ മാധ്യമപ്രവർത്തനത്തിലൂടെ ആശയയുദ്ധത്തിലേർപ്പെടുന്ന റിസ, ക്ലിക്ക്ബൈറ്റുകൾ ലക്ഷ്യമാക്കി പിറകൊള്ളുന്ന സത്യാനന്തരകാലത്തെ വാർത്താശകലങ്ങളെ നിശിതമായി വിമർശിക്കുന്നതോടൊപ്പം അവയുണ്ടാക്കുന്ന സാമൂഹിക പരിണിതികളിൽ ആശങ്കയും രേഖപ്പെടുത്തുന്നു.

### മെഹ്ജബിൻ: താലിബാൻ ക്രൂരതയോ?

വോളിബോൾ താരത്തിന്റെ ചിത്രങ്ങളും വാർത്തകളും, മുത്തശ്ശിപ്പത്രങ്ങളും 'ക്ലിക്ക്ബൈറ്റ്' ഓൺലൈൻ പോർട്ടലുകളും പ്രചരിപ്പിച്ചതോടെ വാർത്തയുടെ വ്യക്തത പരിശോധിക്കാൻ വ്യാജവാർത്തകൾക്കെതിരെ നിലയുറപ്പിക്കുന്ന ചില മാധ്യമപ്രവർത്തകർ ശ്രമങ്ങൾ ആരംഭിച്ചു. ആൾട്ട് ന്യൂസ് പ്രസ്തുത വിഷയം പരിശോധിച്ചപ്പോഴാണ് വ്യാജവാർത്തകൾ ചുട്ടെടുക്കുന്ന മാധ്യമപ്രവർത്തകരുടെ 'താലിബാനിസം' ലോകമറിയുന്നത്! അഫ്ഗാൻ ആക്റ്റിവിസ്റ്റുകളുടെ സഹായത്തോടെ മെഹ്ജബിൻ ഹക്കീമിയുടെ സുഹൃത്തുക്കളെയും കുടുംബത്തെയും ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിലാണ് താലിബാൻ പോരാളികൾ 'കൊന്നൊടുക്കിയ' താരം താലിബാൻ കാബൂൾ പിടിച്ചെടുത്തതിന്റെ പത്തുദിവസം മുമ്പ് ആഗസ്ത് 6ന് അതേ കാബൂളിലെ പ്രതിശ്രുത ഭർത്താവിന്റെ ഭവനത്തിലെ കുളിമുറിയിൽ ആത്മഹത്യ ചെയ്തുവെന്ന് കാണാൻ കഴിഞ്ഞത്! ഇതിനു തെളിവായി ആഗസ്ത് ഏഴാം തിയതി താരത്തിന്റെ സുഹൃത്ത് ഫെയ്സ്ബുക്കിൽ കുറിച്ചിട്ട വാക്കുകൾ അവർ പുറംലോകത്തെ കാണിച്ചു. ആഗസ്ത് 9ന് താരത്തിന്റെ ഖബറടക്കം നടത്തിയ ശേഷമുള്ള പോസ്റ്റുകളും തെളിവായി. ശവകുടീരത്തിൽ പേർഷ്യൻ കലണ്ടർ അനുസരിച്ചുള്ള തീയതിയായി 5/15/1400 എന്ന് കാണാം. ഇംഗ്ലീഷ് കലണ്ടർ പ്രകാരം 2020 ആഗസ്ത് 6. ഇതോടൊപ്പം ആഗസ്ത് 22 ന് മെഹ്ജബിന്റെ അനുസ്മരച്ചടങ്ങിന്റെ ക്ഷണക്കത്തും പുറംലോകം കണ്ടു. 2020 ആഗസ്റ്റ് ആറിന് നടന്ന ഈ മരണം ആത്മഹത്യയോ കൊലപാതകമോ ആയേക്കാം, പക്ഷെ പ്രമുഖ മാധ്യമങ്ങൾ ഇത് റിപ്പോർട്ട് ചെയ്തപ്പോൾ താലിബാൻ ക്രൂരതകളുടെ ഷെൽഫിലെ ഒക്ടോബർ മാസത്തിലെ 'ചാമ്പ്യൻസ് ട്രോഫി'യായി!



## പ്രതി ഇസ്‌ലാമോ?

അഫ്ഗാനിൽ താലിബാൻ നീണ്ട ഇരുപത് വർഷങ്ങൾക്ക് ശേഷം അധികാരത്തിലേറിയിരിക്കുന്നു. അഫ്ഗാൻ ജനതയുടെ വലിയൊരു വിഭാഗത്തിന്റെ സ്വാധീനമില്ലാതെ ഒരു കക്ഷിക്ക് ഇങ്ങനെയൊരു തിരിച്ചുവരവ് തീർത്തും അസാധ്യമാണ്. താലിബാന് പിന്നിൽ ഒരുമിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ച ഘടകം സ്വന്തം മണ്ണിലെ വൈദേശിക ശക്തികളുടെ 'സമാധാന'പ്രഹസനത്തിന്റെ പേരിലുള്ള വിളയാട്ടവും തങ്ങളുടെ സംസ്കാരങ്ങളെ പൊളിച്ചെഴുതാൻ ശ്രമിച്ചതുമായിരുന്നു എന്ന് ചുരുക്കിപ്പറയാം. താലിബാന് മുമ്പും അഫ്ഗാൻ, ഭരണഘടനയനുസരിച്ച് ഇസ്‌ലാമിക രാഷ്ട്രമായിരുന്നു എന്നത് ഇവിടെ പ്രസക്തമാണ്. 'വോളിബോൾ താരത്തെ താലിബാൻ വധിച്ച' വാർത്തയുടെ സ്രഷ്ടാക്കൾ ഉന്നംവച്ചത് താലിബാനെ രാഷ്ട്രീയമായി പ്രതിരോധത്തിലാക്കുകയായിരുന്നില്ല. പ്രത്യുത, താലിബാൻ വിരുദ്ധത ആളിക്കത്തിച്ചാൽ സൃഷ്ടിക്കപ്പെടുന്ന ടണലിലൂടെ ഇസ്‌ലാം വിരുദ്ധതയും മുസ്‌ലിംവിരോധവും ഒളിച്ചുകടത്തലായിരുന്നു. അതിലവർ വിജയിച്ചു. പ്രസ്തുത വാർത്ത വ്യാജമാണെന്ന് തെളിഞ്ഞ ശേഷവും അത് പിൻവലിക്കാൻ തയ്യാറാകാത്തതിലൂടെ വെറുപ്പ് വ്യാപരിക്കുന്നത് തങ്ങൾ തടയില്ല എന്ന് നിശ്ശബ്ദമായി മാധ്യമങ്ങൾ പ്രഖ്യാപിക്കുകയാണ്.

പട്ടിയെ വണ്ടിക്ക് പിന്നിൽ കെട്ടിവലിച്ച ക്രൂരത ചെയ്തവൻ മുസ്‌ലിം പേരുകാരനായതിനാൽ മാത്രം ആ പ്രവൃത്തിക്ക് കാരണം ഇസ്‌ലാമിക സോഫ്റ്റ്‌വെയറാണ് എന്ന് പേനയുന്തിയവരും പത്രത്തിലെ കുറ്റവാളികളായ 'മുസ്‌ലിം' പേരുകളെ തിരഞ്ഞുപിടിച്ച് വായിച്ച് വർഗീയത പറഞ്ഞവരും ഇസ്‌ലാമിനെ പ്രതിക്കൂട്ടിൽ നിർത്താൻ ഇതേ റൂട്ട് മാപ്പാണ് ഉപയോഗിക്കുന്നത്. ഇസ്‌ലാമിനെ ആശയപരമായി എതിർക്കുന്നതിന് പകരം മുസ്‌ലിം പേരുള്ള വ്യക്തികളും സംഘങ്ങളും ചെയ്യുന്ന പ്രവൃത്തികൾ ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും തലയിൽ കെട്ടിവെക്കുകയും അപരവൽക്കരിക്കുകയും ചെയ്യുന്ന സാമൂഹിക അന്തരീക്ഷം കേരളത്തിലടക്കം ഉയർന്നുവരുന്നു.

## സത്യാനന്തരകാലത്തെ വാർത്തകൾ

2016ലെ 'word of the year' ആയി ഓക്സ്ഫോർഡ് ഡിക്ഷ്ണറി തെരഞ്ഞെടുത്ത വാക്യമാണ് Post truth അഥവാ 'സത്യാനന്തരം.' നമ്മുടെ കാലത്തെ നിർവചിക്കുന്ന വാക്യമായി സത്യാനന്തരത്തെ പരിഗണിക്കാം എന്ന് പറഞ്ഞത് ഓക്സ്ഫോർഡ് ഡിക്ഷ്ണറി മേധാവി കാസ്പർ ഗ്രാത്ത് പോളാണ്. വസ്തുനിഷ്ഠമായി കാര്യങ്ങളെ സമീപിക്കുന്നതിനു പകരം വികാരങ്ങൾക്കും വൈയക്തികമായ ഇഷ്ടങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ട് പൊതുജനാഭിപ്രായം രൂപപ്പെടുകയാണിവിടെ. മാധ്യമ ധാർമികത ഉയർത്തിപ്പിടിക്കുന്നതിന് പകരം സെൻസേഷനലായതുകൊണ്ട് മാത്രം ക്ലിക്കുകൾക്ക് വേണ്ടി അസത്യങ്ങളും അർധസത്യങ്ങളും പൊതുജന വിചാരണക്കായി വിട്ടുകൊടുത്ത് വെറുപ്പുൽപാദനം തത്സമയം വീക്ഷിച്ച് രതിമൂർച്ചയിലെത്താൻ ശ്രമിക്കുന്ന മുത്തശ്ശിപ്പത്രങ്ങളും തെളിയിക്കുന്നത് മാധ്യമ പ്രവർത്തനത്തിൽ സത്യത്തെക്കാൾ വില പേജ് വ്യൂസിനാണ് എന്നാണ്. ഈ കാലത്തും സത്യത്തെ സംരക്ഷിക്കാൻ, മാധ്യമധാർമികതയെ മുറുകെപ്പിടിച്ച് യുവാക്കളായ മാധ്യമപ്രവർത്തകരടക്കം ചിലർ രംഗത്ത് വരുന്നു എന്നത് പ്രതീക്ഷ നൽകുന്നു.

> **അഫ്ഗാൻ ആക്ടിവിസ്റ്റുകളുടെ സഹായത്തോടെ മെഹ്ജബിൻ ഹക്കീമിയുടെ സുഹൃത്തുക്കളെയും കുടുംബത്തെയും ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിലാണ് താലിബാൻ പോരാളികൾ 'കൊന്നൊടുക്കിയ' താരം താലിബാൻ കാബൂൾ പിടിച്ചെടുത്തതിന്റെ പത്തു ദിവസം മുമ്പ് ആഗസ്ത് 6ന് അതേ കാബൂളിലെ പ്രതിശ്രുത ഭർത്താവിന്റെ ഭവനത്തിലെ കുളിമുറിയിൽ ആത്മഹത്യ ചെയ്തുവെന്ന് കാണാൻ കഴിഞ്ഞത്! ഇതിനു തെളിവായി ആഗസ്ത് ഏഴാം തിയതി താരത്തിന്റെ സുഹൃത്ത് ഫെയ്സ്ബുക്കിൽ കുറിച്ചിട്ട വാക്കുകൾ അവർ പുറംലോകത്തെ കാണിച്ചു. ആഗസ്ത് 9ന് താരത്തിന്റെ ഖബറടക്കം നടത്തിയ ശേഷമുള്ള പോസ്റ്റുകളും തെളിവായി. ശവകുടീരത്തിൽ പേർഷ്യൻ കലണ്ടർ അനുസരിച്ചുള്ള തീയതിയായി 5/15/1400 എന്ന് കാണാം. ഇംഗ്ലീഷ് കലണ്ടർ പ്രകാരം 2020 ആഗസ്ത് 6. 2020 ആഗസ്റ്റ് ആറിന് നടന്ന ഈ മരണം പക്ഷെ പ്രമുഖ മാധ്യമങ്ങൾ ഇത് റിപ്പോർട്ട് ചെയ്തപ്പോൾ താലിബാൻ ക്രൂരതകളുടെ ഷെൽഫിലെ ഒക്ടോബർ മാസത്തിലെ 'ചാമ്പ്യൻസ് ട്രോഫി'യായി!**

കുഞ്ഞാപ്പു പാലൂർ
mail@nerpatham.com

കവിത



# കാലചക്രം

എന്റെ കുഞ്ഞിന് ഞാനൊരച്ഛൻ
എന്റെ കുഞ്ഞും പിന്നൊരച്ഛൻ

മുട്ടപൊട്ടി പക്ഷിവന്നു
പക്ഷി വീണ്ടും മുട്ടയിട്ടു

വിത്തെറിഞ്ഞൊരു ചെടിമുളച്ചു
ചെടിവളർന്നു വിത്ത് നൽകാൻ

പകലുമാറി രാത്രിയെത്തും
രാത്രിമാറി പകലുമെത്തും

സൂര്യനെന്നും ചൂടു നൽകും
ചന്ദ്രനെന്നും നറുനിലാവും

ഉഷ്ണ കാലം, ശൈത്യകാലം
കാലമിങ്ങനെ പലവിധത്തിൽ

കാലമിങ്ങനെ വേർതിരിച്ചു
നൽകിടുന്നത് നാഥനല്ലോ

ഈയുലകിൽ മാനവർ നാം
വാണിടുന്നതൊരൽപ കാലം

ദീർഘമായൊരുകാലമൊന്നും
ജീവിതത്തിൽ ബാക്കിയില്ല

പുതിയസംഘം അണിയറയിൽ
പകരമെത്താൻ കാത്തിരിപ്പൂ

നമ്മളില്ലേൽ ഒന്നുമില്ല
എന്ന ചിന്ത വേണ്ടൊരാൾക്കും.




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 OCTOBER 30

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM
ISLAMIC ORGANIZATION

Relief
.......without boundaries

# സ്നേഹസ്പർശം

## പ്രളയ ദുരിതാശ്വാസ നിധി

SCAN AND PAY
Using any UPI/ Bharat QR/ Banking Apps

BHIM UPI VISA RuPay

WISDOM

Pay using 90+ Apps including

AXIS PAY G Pay PhonePe freecharge ICICI Bank
SBI PAY SAMSUNG pay HDFC BANK and more...

Powered by AXIS BANK



വീട് ശുചീകരണം | കിണർ ശുചീകരണം | സൗജന്യ വസ്ത്രാലയം | സൗജന്യ ഇലക്ട്രോണിക് വർക്ക് ഷോപ്പ്
വീട്ടുകളുടെ അറ്റകുറ്റ പണി | വീട്ടുപകരണ വിതരണം | വീട് നിർമാണം | സ്റ്റഡി മെറ്റീരിയൽ വിതരണം

താങ്കളുടെ വിഹിതം താഴെ കാണുന്ന എക്കൗണ്ട് നമ്പറിൽ അയക്കുകയും വിവരം താഴെ നമ്പറിൽ അറിയിക്കുകയും ചെയ്യുമല്ലോ?

Wisdom Islamic Organization
Account No: 920010022468211
Axis Bank, Branch: KALLAI ROAD
IFSC UTIB0001908